ക്രിസ്തുവിന്റെ പിന്നാലെ



# പ്രകാശം പരത്തുന്നവർ

HCC 2

ക്രിസ്തുവിന്റെ പിന്നാലെ

# പ്രകാശം പരത്തുന്നവർ

## ഹയർ കോഴ്സ് ഇൻ കാറെറക്കെസിസ് (H.C.C)

## പാർട്ട്-II

DHARMARAM COLLEGE LIBRARY

കെ.സി.ബി.സി. മത ബോധന കമ്മീഷൻ
പാസ്ററൽ ഓറിയൻേറഷൻ സെൻററർ
പാലാരിവട്ടം, കൊച്ചി 682025

DHARMARAM COLLEGE LIBRARY
Ac. No. 77182
Call No. H47/K897

**KRISTUVINTE PINNALE-12**
*(Malayalam)*
**PRAKASHAM PARATHUNNAVAR**

Published by : Pastoral Orientation Centre,
Kochi-682 025, Kerala, India.

Copy right : Pastrol Orientation Centre
Kochi-682 025, Kerala, India.

All rights reserved. No part of this book may be reproduced in any form without permission, in writing from the publisher.

First Published : May 15, 1992
Second Impression : April 15, 1993
Third Impression : May 1, 1994
Fourth Impression : May 1, 1995
Fifth Impression : May 1, 1996

Printed : Vibgyor Print (India) Pvt. Ltd., Ernakulam.

Imprimatur : Joseph Kundukulam, Bishop of Trissur, Chairman K. C. B. C. Commission for Catechesis.

George Valiamattam, Bishop of Thalassery, Vice chairman, K. C. B. C. Commission for Catechesis.

Soosai Pakiam, Bishop of Thiruvananthapuram, Vice chairman, K. C. B. C. Commission for Catechesis.

Geevarghese Mar Thimotheos, Bishop of Thiruvalla, Vice chairman, K. C. B. C., Commission for Catechesis.

Price : Rs. **12/=**

# ഉള്ളടക്കം


| | | |
|---|---|---|
| | ആമുഖം | iv |
| 1. | വിവാഹജീവിതത്തിലേക്ക് | 1. |
| 2. | വിവാഹം ക്രൈസ്തവ വീക്ഷണത്തിൽ | 9 |
| 3. | ജനനനിയന്ത്രണവും സഭയും | 18 |
| 4. | മനുഷ്യജീവന്റെ മഹത്വം | 24 |
| 5. | അല്മായ ദൗത്യം – സഭയിലും ലോകത്തിലും | 33 |
| 6. | സഭയുടെ സാമൂഹിക പ്രബോധനങ്ങൾ | 46 |
| 7. | സഭ – രാഷ്ട്രത്തിന്റെ മനഃസാക്ഷി | 58 |
| 8. | അദ്ധ്വാനത്തിന്റെ സുവിശേഷം | 66 |
| 9. | ക്രൈസ്തവമൂല്യങ്ങളും സമ്പർക്കമാധ്യമങ്ങളും | 76 |
| 10. | കലയും ക്രിസ്തീയതയും | 85 |
| 11. | സഭയും ലോകമതങ്ങളും | 99 |

# ആമുഖം

''ഹയർ കോഴ്സ് ഇൻ കാറ്റക്കെസിസ്'' എന്ന ദ്വിവത്സര പഠനപദ്ധതിയിൽ ഉപയോഗിക്കാനുള്ള രണ്ടാമത്തെ പുസ്തകമാണ് ''പ്രകാശം പരത്തുന്നവർ''. ''സ്വാതന്ത്ര്യത്തിലേക്ക് വിളിക്കപ്പെട്ടവർ'' എന്ന പേരിൽ ഒന്നാമത്തെ പുസ്തകം കഴിഞ്ഞ വർഷം പ്രസിദ്ധീകരിച്ചിരുന്നു. സഭയുടെയും സമൂഹത്തിൻെറയും ജീവനാഡികളാണല്ലോ യുവതീയുവാക്കന്മാർ. യൗവനത്തിലേക്ക് പ്രവേശിക്കുന്നവർക്കുവേണ്ടി സമാരംഭിച്ച താണ് ''ഹയർ കോഴ്സ് ഇൻ കാറ്റക്കെസിസ്'' എന്ന പഠനപദ്ധതി. മെച്ചപ്പെട്ടൊരു ക്രൈസ്തവ ജീവിതത്തിനും അതിൽനിന്ന് ഉരിത്തിരിയുന്ന ക്രൈസ്തവസാക്ഷ്യത്തിനും യുവജനങ്ങളെ സജ്ജരാക്കുകയെന്നതാണ് ഈ പുസ്തകത്തിൻെറ ഉദ്ദേശ്യം. ലോകത്തിൻെറ ദീപവും ഭൂമിയുടെ ഉപ്പുമാകുവാൻ (മത്താ. 5:13-14) വിളിക്കപ്പെട്ടവരാണ് ക്രൈസ്തവർ. അനുദിന ജീവിതത്തിൽ ക്രിസ്തുസന്ദേശവാഹകരായിത്തീരുവാനും ക്രിസ്തുവാകുന്ന പ്രകാശത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുവാനും ക്രൈസ്തവ യുവജനങ്ങൾക്ക് കഴിയേണ്ടതാണ്. അതുപോലെതന്നെ, ഇന്നിൻെറ ജീവിതത്തിലെ നിരവധിയായ പ്രശ്നങ്ങൾക്ക് തികച്ചും ക്രൈസ്തവമായ ഉത്തരം കണ്ടെത്താനും അവർക്ക് കഴിയണം. ഇതിനൊക്കെ പരിശീലനം ആവശ്യമാണ്. യുവജനമതബോധനം ലക്ഷ്യമാക്കുന്നത് മറ്റൊന്നല്ല. കുട്ടികൾക്ക് മാത്രമല്ല, യുവജനങ്ങൾക്കും മുതിർന്നവർക്കും നല്കപ്പെടേണ്ടതാണ് വിശ്വാസപരിശീലനം (മതബോധനം ഇന്ന് 18).

ക്രൈസ്തവ ജീവിതത്തിൻെറ പൂർണ്ണതയിലേക്ക് യുവജനങ്ങളെ പ്രവേശിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് യുവജന പ്രശ്നങ്ങൾ ഈ ഗ്രന്ഥത്തിൽ കൈകാര്യം ചെയ്തിരിക്കുന്നത്. കൗമാര പ്രായത്തിലേക്ക് കാലുകുത്തുന്ന സ്ത്രീപുരുഷന്മാർക്ക് അനുഭവപ്പെടുന്ന പരസ്പരാകർഷണം ഒ[illegible]ാമത്തെ പാഠത്തിൽ ചർച്ച ചെയ്തിരിക്കുന്നു. കുടുംബജീവിതത്തിലേക്ക് നയിക്കപ്പെടുന്നതായിരിക്കണം പ്രേമം. വിവാഹജീവിതത്തിൻെറ അന്തഃസത്തയെന്തെന്ന് ചിന്തിക്കുകയാണ് തുടർന്നുള്ള പാഠത്തിൽ. ജനനനിയന്ത്രണം, മനുഷ്യജീവൻ എന്നിവയാണ് മൂന്നും നാലും പാഠങ്ങളുടെ പ്രമേയം. മനുഷ്യജീവൻെറഅതുല്യവിലയെക്കുറിച്ചുള്ള ക്രൈസ്തവകാഴ്ചപ്പാടാണിവിടെ അവതരിപ്പിച്ചിരിക്കുന്നത്. വ്യക്തികളെന്ന നിലയിൽ മാത്രമല്ല, സമൂഹമെന്ന നിലയിലും, സഭയെന്ന നിലയിലും ക്രിസ്തുസാക്ഷികളാകേണ്ടവരാണല്ലോ യുവജനങ്ങൾ. തുടർന്നുള്ള പാഠങ്ങളിൽ ലോകത്തിലും സഭയിലുമുള്ള ക്രിസ്തീയദൗത്യത്തെക്കുറിച്ചാണ് പഠിക്കുക. വ്യക്തിയെന്ന നിലയിൽ സഭയിലും ലോകത്തിലും ഉൾച്ചേരേണ്ടവനാണ് ക്രൈസ്ത

വൻ. സഭാംഗമെന്ന നിലയിൽ ക്രൈസ്തവസഭയുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാനും നീതിയുക്തമായ പ്രബോധനങ്ങൾ അനുസരിക്കാനും ഏതൊരു വിശ്വാസിക്കും കടമയുണ്ട്. അദ്ധ്വാനത്തിൻെറ സുവിശേഷമെന്ന എട്ടാമത്തെ പാഠത്തിൽ തൊഴിലിനെക്കുറിച്ചുള്ള ക്രൈസ്തവവീക്ഷണം സവിസ്തരം പ്രതിപാദിച്ചിരിക്കുന്നു. സമ്പർക്കമാധ്യമങ്ങൾ, കലകൾ എന്നിവയുടെ സ്വാധീനവും ഉപയോഗവും എക്കാലത്തെക്കാളും ഇന്നു വർദ്ധമാനമായിരിക്കുകയാണ്. സമ്പർക്കമാധ്യമങ്ങൾ എപ്രകാരം പ്രയോജനപ്പെടുത്താമെന്നും കലാസൃഷ്ടികളിലൂടെ ക്രൈസ്തവാദർശം എപ്രകാരം പ്രസരിപ്പിക്കാമെന്നും യഥാക്രമം ഒൻപതും പത്തും പാഠങ്ങളിൽ സൂചിപ്പിക്കുന്നു. വത്തിക്കാൻ കൗൺസിലിൻെറ വെളിച്ചത്തിൽ ഇതരമതങ്ങളോടുള്ള ക്രിസ്തീയ സമീപനമെന്തായിരിക്കണമെന്നാണ് അവസാനത്തെ പാഠത്തിൽ ചർച്ച ചെയ്തിരിക്കുന്നത്.

വിശ്വാസത്തിൻെറ വിത്തിന് അറിവിൻെറയും ജീവിതത്തിൻെറയും തലങ്ങളിൽ വളർച്ച നല്കുകയാണല്ലോ മതബോധനത്തിൻെറ ലക്ഷ്യം (മതബോധനം ഇന്ന് 20). വ്യക്തിതലത്തിലും സമൂഹതലത്തിലും ഈ വളർച്ച സാധിക്കണം. അതുകൊണ്ടാണ് പ്രസ്തുത തലങ്ങളിൽ ക്രൈസ്തവയുവജനങ്ങൾ നേരിടുന്ന ചില പ്രശ്നങ്ങൾ ഈ ഗ്രന്ഥത്തിൽ കൈകാര്യം ചെയ്തിരിക്കുന്നത്.

ഈ പാഠപുസ്തകം തയ്യാറാക്കാൻ ഒട്ടേറെ പേർ സഹായിച്ചിട്ടുണ്ട്. ഇതിലെ പാഠങ്ങൾ എഴുതിയത് ഡോ. തോമസ് ചക്യത്ത്, ശ്രീ കുര്യൻ വെമ്പേനി, അഡ്വ. സെബാസ്റ്റ്യൻ പോൾ, പ്രൊഫ. പ്രീമൂസ് പെരിഞ്ചേരി, ഫാ. ജോസ് പ്ലാച്ചിക്കൽ, ഡോ. സേവ്യർ കൊച്ചുപറമ്പിൽ, ഫാ. പോളി മണിയാട്ട്, ഫാ. സക്കറിയാസ് പറനിലം എന്നിവരാണ്. ചില പാഠങ്ങൾ പത്താംക്ലാസ്സിലെ പഴയ പുസ്തകത്തിലുണ്ടായിരുന്നവയുടെ പുനഃക്രമീകരണങ്ങളാണ്.

പാഠങ്ങൾ എല്ലാം എഡിറ്റ് ചെയ്തത് ശ്രീ. കുര്യൻ വെമ്പേനിയാണ്. പരിണത പ്രജ്ഞനായ അദ്ദേഹം പി.ഒ. സിയുടെ ആരംഭം മുതൽ പാഠപുസ്തക രചനയിൽ സഹായിച്ചുകൊണ്ടിരിക്കുന്ന വ്യക്തിയാണ്. കേരള സർക്കാരിൻെറ പാഠപുസ്തക നിർമ്മാണ കമ്മറ്റിയിലും അധ്യാപക പരിശീലന പരിപാടിയിലും വിദഗ്ദ്ധോപദേശം നല്കുന്ന അദ്ദേഹം കേരളത്തിലെ മിക്കരൂപതകളിലെയും മതാധ്യാപക പരിശീലന പരിപാടികളിലും സഹകരിച്ചുവരുന്നു.

ഈ പാഠപുസ്തകത്തിൻെറ ഭാഷാപരമായ എഡിറ്റിംഗ് നിർവഹിച്ചത് പി.ഒ.സി. ജനറൽ എഡിറ്ററായ ഡോ. ജോർജ്ജ് കുരുക്കൂർ ആണ്.

ഈ പുസ്തകത്തിൻെറ പ്രകാശനത്തിൽ കേരള സഭയിലെ

അഭിവന്ദ്യ പിതാക്കന്മാരുടെയും പ്രത്യേകിച്ച്, മതബോധന കമ്മീഷനംഗങ്ങളായ പിതാക്കന്മാരുടെയും ഡയറക്ടർമാരുടെയും സഹകരണവും പ്രോത്സാഹനവും ഉണ്ടായിട്ടുണ്ട്. ഇതിൻെറ പ്രസിദ്ധീകരണത്തിന് നേതൃത്വം നൽകിയത് പി.ഒ. സി. ഡയറക്ടർ ഫാ. ജോർജ്ജ് ആലഞ്ചേരിയാണ്. മറ്റ് സ്റ്റാഫംഗങ്ങളും ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്.

എല്ലാവർക്കും നന്ദിയുടെ നറുമലരുകൾ.

ലോകത്തിൻെറ പ്രകാശമായ ക്രിസ്തുവിൻെറ ദൗത്യവാഹകരെന്ന നിലയിൽ എവിടെയുമെല്ലായിടത്തും പ്രകാശം പരത്തുവാൻ ഇതുപയോഗിക്കുന്നവർക്കിടയാകട്ടെ എന്നാശംസിക്കുന്നു.

പി.ഒ.സി.
15-5-1992

സെക്രട്ടറി
കെ.സി. ബി.സി.
മതബോധനകമ്മീഷൻ.

# 1

# വിവാഹ ജീവിതത്തിലേക്ക്

ഹെൻറി ഗിൽബർട്ട് 'സ്നേഹം വിവാഹത്തിൽ' (Love in Marriage) എന്ന തൻെറ പുസ്തകത്തിൽ ഒരു കഥ പറയുന്നുണ്ട്.

പണ്ടു പണ്ട് ഈ ഭൂമിയിൽ ഇന്നത്തെ രൂപത്തിൽ സ്ത്രീപുരുഷന്മാർ ഉണ്ടായിരുന്നില്ല. ഒരുതരം വിചിത്രജീവികളാണുണ്ടായിരുന്നത്. രണ്ടു തലയും നാലുകാലും നാലു കൈയുമുള്ള ജീവികൾ. സ്ത്രൈണ പൗരുഷഗുണങ്ങളുള്ള ദ്വിലിംഗ ജീവികളായിരുന്നു അവർ. സന്തോഷത്തിൽ നിമഗ്നരായി സംതൃപ്തിയോടെ അവർ ജീവിച്ചുപോന്നു. അവർ സ്വർഗ്ഗാനന്ദം അനുഭവിച്ചു കഴിയുന്നതു ദേവീദേവന്മാർക്ക് ഇഷ്ടപ്പെട്ടില്ല. അസൂയകൊണ്ട് നീറിപ്പു കഞ്ഞ ദേവീദേവൻമാർ അവരിൽ വേദന വിതയ്ക്കാൻ എന്താണൊരു മാർഗ്ഗമെന്ന് ആലോചിച്ചു. ഒടുവിൽ സോയൂസ് ദേവൻ ഒരു വിദ്യ പ്രയോഗിച്ചു. ഇടിമിന്നലയച്ച് ആ ജീവികളിൽ ഓരോന്നിനെയും നടുവേ രണ്ടായി വിഭജിച്ചു - ഒന്ന് സ്ത്രീ; മറ്റതു പുരുഷൻ. ഇങ്ങനെയാണ് ഭൂമിയിൽ സ്ത്രീപുരുഷ വ്യത്യാസം ആവിർഭവിച്ചത്. സ്ത്രീയും പുരുഷനും രണ്ടായതോടെ മനുഷ്യജീവിതത്തിൽ അസ്വസ്ഥതയും തുടങ്ങി. അസംതൃപ്തനായ മനുഷ്യൻ അന്നുമുതൽ നഷ്ടപ്പെട്ട ഭാഗത്തെ അന്വേഷിച്ചലയുകയാണ്. ഇതാണ് ആ ഗ്രീക്കുകഥ.

'സെക്സ്' എന്ന വാക്കിൻെറ മൂലരൂപത്തിന് വേർപെടുത്തപ്പെട്ടത് എന്നാണല്ലോ അർത്ഥം. സ്ത്രീയും പുരുഷനും പകുതി നഷ്ടപ്പെട്ടവരാണ്. ഈ നഷ്ടപ്പെട്ട പകുതിയെ കണ്ടെത്തി ഒന്നായിത്തീരുന്നതോടെ മനുഷ്യനു പൂർണ്ണത കൈവരുന്നു.

ഭാവാത്മകമായ ഒരു മികച്ച സന്ദേശമുണ്ട് ഈ ഗ്രീക്കു പുരാണകഥയിൽ. സ്ത്രീയും പുരുഷനും ഒന്നാകലിലൂടെ പൂർണ്ണതയിലെത്താൻ ശ്രമിക്കുന്നു. ഈ ഒന്നാകലിനു വേണ്ടിയുള്ള ചലനങ്ങൾ അവരുടെ ജീവിത ത്തിലെങ്ങും കാണാമല്ലോ. ''മനുഷ്യൻ ഏകനായിരുക്കുന്നതു നന്നല്ല; അവനു ചേർന്ന ഇണയെ ഞാൻ നൽകും'' (ഉത്പത്തി 2:18) എന്ന വി. ഗ്രന്ഥഭാഗവും സ്ത്രീ-പുരുഷൻമാർ ഒന്നാകലിലൂടെ പൂർണ്ണരാകാൻ വിളിക്കപ്പെട്ടവരാണെന്ന സന്ദേശമാണു നൽകുന്നത്.

## പ്രേമത്തിനു കണ്ണില്ല

തരുണീതരുണന്മാർ തമ്മിലുള്ള ആകർഷണം മനുഷ്യജീവിതത്തിലെ സന്തോഷകരവും സുഖകരവുമായ അനുഭവമായിട്ടാണ് പ്രകൃതി ക്രമീകരിച്ചിരിക്കുന്നത്. വിവാഹബന്ധത്തിലേക്കു സ്ത്രീപുരുഷന്മാരെ നയിക്കുന്ന ഒന്നാണ് ഈ ആകർഷണം. ഒന്നായിത്തീരാനുള്ള അദമ്യമായ അഭിവാഞ്ഛയുടെ അടയാളമാണിത്. ഈ ആകർഷണശക്തി എല്ലാവരിലുമുള്ളതാണ്. പൊതുവേ അനുഭവപ്പെടുന്ന ഈ ആകർഷണം ക്രമേണ ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കുവാൻ തുടങ്ങുന്നു. ഈ ആകർഷണമാണ് പ്രേമമായിത്തീരുന്നത്. കൗമാരമാണ് പ്രേമത്തിൻെറ വളക്കൂറുള്ള മണ്ണ്.

അശേഷം ആലോചനകൂടാതെ യുവതീയുവാക്കൾ പ്രേമബന്ധം പുലർത്താറുണ്ട്. മതം, വിദ്യാഭ്യാസയോഗ്യത, സാംസ്കാരികപാരമ്പര്യം, ജീവിതനിലവാരം ഇവയൊന്നും നോക്കാതെ പ്രേമബന്ധങ്ങളിൽ കുടുങ്ങി ക്ലേശിക്കുന്ന യുവതീയുവാക്കൾ ഇന്നു ധാരാളമുണ്ട്. അങ്ങനെയുള്ള യുവതീയുവാക്കൾ വിവാഹം ചെയ്ത് യഥാർത്ഥ ജീവിതത്തിലേക്കു പ്രവേശിക്കുമ്പോൾ അന്ധാളിച്ചുപോകുന്നു. കടുത്ത ജീവിത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടുമ്പോഴാണ് തങ്ങൾ ഇതുവരെ പടുത്തുയർത്തിയതു ത്രിശങ്കുസ്വർഗ്ഗമാണെന്നറിയുന്നത്.

വൈകാരിക വിശപ്പുള്ളവരാണ് പ്രേമഭിക്ഷുക്കൾ. വിശക്കുന്നവൻ, തനിക്കുകിട്ടുന്ന ആഹാരത്തിൻെറ പോഷകമൂല്യത്തെപ്പറ്റി ചിന്തിക്കാറില്ലല്ലോ. അതുപോലെ, പ്രേമാതുരൻ താൻ പ്രേമിക്കുന്ന വ്യക്തി തൻെറ ജീവിതത്തിന് ഇണങ്ങുന്നയാളാണോ എന്ന് ആലോചിക്കാറില്ല. യുവതീയുവാക്കളുടെ പ്രേമാർദ്രമായ

അന്തരംഗത്തിൽ വികാരവും വിചാരവും സന്തോഷവും ദുഃഖവുമെല്ലാം നിറഞ്ഞുനിൽക്കുന്നു. ഇത്തരക്കാരുടെ പ്രേമത്തിനൊട്ടും നിലനില്പില്ല. വെറും വർണ്ണപ്പകിട്ടുള്ള നീർക്കുമിളകൾ മാത്രമാണവ. പരസ്പരം സ്നേഹിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ വേണ്ടി ''നമുക്കു വിവാഹിതരാകാം'' എന്ന് ഇവർ കൂടെക്കൂടെ പറയുമെങ്കിലും വിവാഹം ചെയ്തു യഥാർത്ഥ ജീവിതത്തിലേക്കു പ്രവേശിക്കാൻ ഈ കമിതാക്കൾ ഉത്സുകരാകാറില്ല.

തമ്മിൽക്കാണുമ്പോൾ, പക്വതയിലെത്താത്ത യുവതീയുവാക്കളുടെ ശ്രദ്ധ കൂടുതലും, ബാഹ്യമായ വികാരപ്രകടനങ്ങളിലും തേനൂറുന്ന മധുരഭാഷണങ്ങളിലുമൊക്കെയായിരിക്കും. ലൈംഗിക വേഴ്ചയ്ക്ക് ഇക്കൂട്ടർ തിടുക്കം കൂട്ടാറുണ്ട്. ശാരീരികമായ ബന്ധപ്പെടലോടെ ഇവരുടെ പ്രേമത്തിൻെറ തീക്ഷ്ണത ശമിക്കുകയും ചെയ്യുന്നു. ഇതിലപ്പുറം ഒന്നും നേടാനില്ല എന്ന തോന്നലാണ് പ്രായേണ യുവാക്കന്മാർക്കുണ്ടാവുക. ഇങ്ങനെയുള്ളവരുടെ കൂട്ടുകെട്ടിൽപ്പെട്ടാൽ വഞ്ചിക്കപ്പെടുന്നവർ പെൺകുട്ടികളായിരിക്കും. ലൈംഗിക വേഴ്ചയിലൂടെ പുരുഷൻെറ സ്നേഹം ഉറപ്പാകുമെന്ന പെൺകുട്ടികളുടെ വിചാരം മിഥ്യയാണ്.

വീണ്ടുവിചാരം കൂടാതെയുള്ള പ്രേമബന്ധങ്ങൾ കണ്ടിട്ടാവാം 'പ്രേമത്തിനു കണ്ണില്ല' എന്നൊരു ചൊല്ലുതന്നെ ഉണ്ടായത്. നൈമിഷികപ്രേമം വിവാഹത്തിലെത്തിച്ചേരുമെന്നു യുവാവോ യുവതിയോ വിചാരിക്കരുത്. പ്രേമത്തിൻെറ പിൻബലം വച്ചുകൊണ്ട് ആശകളും അഭിലാഷങ്ങളും വച്ചുപുലർത്തുന്നവർ പ്രായോഗിക യാഥാർത്ഥ്യങ്ങളെ നേരിടുമ്പോൾ പൊട്ടിത്തകരും. പ്രേമകാലവും വിവാഹവും തമ്മിൽ കുറെ അകലം വേണം. പ്രേമത്തിൻെറ തൊട്ടടുത്തപടിയാകരുത് വിവാഹം.

പാകപ്പിഴകളുടെയും പാളിച്ചകളുടെയും കാലമാണ് കൗമാരവും യൗവനവും. സ്ഥിരതയില്ലായ്മയും പുനരാലോചനയില്ലായ്മയും ഈ പ്രായക്കാരുടെ പ്രത്യേകതകളാണ്. പക്ഷേ, സകല യുവതീയുവാക്കളും ഇത്തരക്കാരാണെന്നു വിചാരിക്കരുത്. ആരോഗ്യകരമായ കുടുംബാന്തരീക്ഷത്തിൽ വളർന്ന കുട്ടികൾ വലിയ പാളിച്ചകളിൽപ്പെടാതെ താരുണ്യപ്രായം മറികടന്നു പക്വതയുടെ വഴിത്താരയിലെത്തുകയാണു പതിവ്. മിന്നൽപ്പിണർപോലെ ജീവിതത്തിലേക്കു കടന്നുവരുന്ന പ്രേമത്തെ കുമാരീകുമാരൻമാർ ശാശ്വതമെന്നെണ്ണിയാലോ? ജീവിതത്തകർച്ചയാവും ഫലം.

## ജീവിത വിശുദ്ധി കനകനിധി

പതിമ്മൂന്നോ പതിന്നാലോ വയസ്സു പ്രായമാകുമ്പോൾ കുമാരീകുമാരന്മാരെ പ്രകൃതി ശാരീരികമായി വിവാഹത്തിനൊരുക്കിത്തുടങ്ങുകയായി. താരുണ്യപ്രായത്തിലും യൗവ്വനപ്രായത്തിലും കുട്ടികൾ ഏറിയപങ്കും യഥാക്രമം വിദ്യാലയങ്ങളിലും കലാലയങ്ങളിലുമായിരിക്കുമല്ലൊ. പ്രേമത്തിൻെറ പ്രകാശനത്തിനു സ്വാഭാവികമായും ഈ വിദ്യാഭ്യാസകാലം അവസരം നല്കുന്നു. ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ നൈസർഗ്ഗികമായ ലജ്ജയും അച്ചടക്കവുമുള്ളവരാകയാൽ, അവർ തങ്ങളുടെ വികാരങ്ങളെ നിയന്ത്രിച്ചു നിർത്തുന്നു. പ്രേമബദ്ധരായ യുവതീയുവാക്കളുടെ ഏകാന്തതയിലുള്ള കണ്ടുമുട്ടൽ അവരുടെ ആത്മനിയന്ത്രണം തകർക്കുന്നു. എന്താണ് സെക്സ് എന്നറിയാനുള്ള ആകാംക്ഷ അവരിൽ ശക്തിപ്പെടുന്നു. പ്രേമത്തെക്കാളും സ്നേഹത്തെക്കാളുമധികമായി ലൈംഗികബന്ധത്തിനുള്ള അഭിലാഷമാണ് പലരേയും നയിക്കുന്നത്. തന്നെ സംരക്ഷിക്കാൻ കഴിവുണ്ടെന്നു തോന്നുന്ന പുരുഷന് എല്ലാം അടിയറവയ്ക്കാൻ പെൺകുട്ടി തയ്യാറായെന്നു വരാം. എന്നാൽ, മൂല്യബോധവും വീണ്ടുവിചാരവുമുള്ള ഒരു പെൺകുട്ടി വിവാഹംവരെ ലൈംഗികബന്ധത്തിനു വഴങ്ങുകയില്ല. ലൈംഗിക ബന്ധത്തിനു തയ്യാറാകുന്ന പെൺകുട്ടിയെ, പിന്നീടു മറന്നു കളയാനുള്ള പ്രവണത ആൺകുട്ടികൾക്കുണ്ട്. അവൾ എല്ലാവരുടെയും മുന്പിൽ ഇതുപോലെ വിലകുറഞ്ഞവൾ ആയിരിക്കുമെന്ന ഒരു നിഗമനത്തിൽ അവർ എത്തുകയും ചെയ്യും. വിവാഹത്തിനു മുൻപ് ലൈംഗികബന്ധത്തിനു വിധേയരാകുന്ന പെൺകുട്ടികൾ ഒന്നിലധികം പേരുമായി ബന്ധം പുലർത്താൻ മടിക്കുകയില്ലെന്നും വരാം. അതുപോലെതന്നെ,വിവാഹത്തിനു മുൻപ് ലൈംഗികബന്ധത്തിൽ ഏർപ്പെടാൻ മടിക്കാത്ത പുരുഷന്മാർ ദാമ്പത്യ വിശ്വസ്തത പുലർത്തുമെന്നതിന് എന്താണുറപ്പ്? ദാമ്പത്യവേദിയിൽ സ്ത്രീപുരുഷന്മാർക്കു പരസ്പരം നല്കാനുള്ള ഏറ്റം വിലപ്പെട്ട സമ്മാനം തങ്ങളുടെ ജീവിതവിശുദ്ധിയാണ്. വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരാണ് തങ്ങളെന്ന കാര്യം ഓരോ ക്രൈസ്തവ യുവാവും യുവതിയും അനുസ്മരിക്കണം.

യുവതീയുവാക്കന്മാർ പ്രേമബദ്ധരാകുന്നതിനു ഹേതുവായിത്തീരുന്ന പല കാര്യങ്ങളുണ്ട്. സ്ത്രീയുടെ സൗന്ദര്യം, ശാലീ

നത, സ്വഭാവശുദ്ധി മുതലായവയാണ് പുരുഷനെ ആകർഷിക്കാറുള്ളത്. സ്ത്രീയെ പ്രായേണ ആകർഷിക്കാറുള്ളത് പുരുഷൻെറ കായികശേഷി, ബുദ്ധിശക്തി, ധൈര്യം, സൗന്ദര്യം, സ്വഭാവമഹിമ, വിദ്യാഭ്യാസയോഗ്യത, കർമ്മകുശലത മുതലായവയാണ്.

## സെക്സ്: ദൈവദാനം

സ്ത്രീപുരുഷൻമാർ തമ്മിലുള്ള ആകർഷണവും തജ്ജന്യമായ പ്രേമവും നിസ്സർഗ്ഗസിദ്ധമാണ് - ദൈവദത്തമാണ്. ലൈംഗികവികാരമാണ് പ്രേമത്തിൻെറ പ്രഭവസ്ഥാനം. ഈ വികാരം നിന്ദ്യമല്ല; നിഷിദ്ധവുമല്ല. മനുഷ്യവംശത്തിൻെറ നിലനില്പിനുള്ള ഒരു ഉപാധിയാണത്. യഥാർത്ഥ പ്രേമം വെറും ഇന്ദ്രിയപരമല്ല, ഇന്ദ്രിയാനുഭൂതികളിൽ മാത്രം ഒതുങ്ങേണ്ടതുമല്ല. ശാശ്വതവും ഉജ്ജ്വലവുമായ സ്നേഹത്തിൻെറ ഉത്തുംഗ പദവിയിൽ യുവതീയുവാക്കളെ എത്തിക്കാനുള്ളതാണ് പ്രേമം. ഇതു വിവാഹജീവിതത്തിലേക്കുള്ള മഹത്തായ ഒരു ക്ഷണമാണ്.



സൗഹൃദത്തിൻെറ അനർഘനിമിഷങ്ങൾ

സ്വന്തം സുരക്ഷിതത്വം തങ്ങളെത്തന്നെയാണ് ആശ്രയിച്ചിരിക്കുന്നതെന്ന് കൗമാരപ്രായത്തിലെത്തുന്ന ഓരോ പെൺകുട്ടിയും അറിഞ്ഞിരിക്കണം. യഥാർത്ഥ സ്നേഹത്തിനു പ്രാധാന്യം കൊടുക്കാതെ ഒരു രസത്തിനായി പ്രേമാഭിനയം നടത്തുന്ന പെൺകുട്ടികളെ ഉത്തമരായ ആൺകുട്ടികൾ പുച്ഛിച്ചുതള്ളുകയേയുള്ളു. വിവാഹത്തിൻെറ വിശുദ്ധിക്കുവേണ്ടി ദൈവം നല്കിയിട്ടുള്ളതാണ് ആറും ഒൻപതും പ്രമാണങ്ങൾ. വിവാഹം വരെ ചാരിത്രശുദ്ധിയും വിവാഹശേഷം പാതിവ്രത്യശുദ്ധിയും പാലിക്കുന്നതിനു വേണ്ടിയുള്ളതാണ് വിലപ്പെട്ട ആ രണ്ടു പ്രമാണങ്ങളും.

ശാരീരികവും വൈകാരികവുമായ പക്വതയിലെത്തുവോളം പ്രേമചാപല്യങ്ങൾക്കടിപ്പെടാതെ കുമാരീകുമാരൻമാർ ജീവിക്കണം; വിദ്യാഭ്യാസകാലം പ്രേമചാപല്യങ്ങൾക്കുള്ളതല്ല. പൗരാണികഭാരതത്തിൽ വിദ്യാർത്ഥികൾ ബ്രഹ്മചാരികളായിരുന്നു. സത്യവും വിജ്ഞാനവും തേടി ഈശ്വരോന്മുഖരായി ചരിക്കുന്നവരാണല്ലോ ബ്രഹ്മചാരികൾ. വിദ്യാലയങ്ങളിലും കലാലയങ്ങളിലും യുവതീയുവാക്കൾ പ്രകാശത്തിൻെറ മക്കളായി വ്യാപരിക്കണം.

## ഇണയെ തിരഞ്ഞെടുക്കുമ്പോൾ

വിവാഹത്തെ മുന്നിൽക്കണ്ടുകൊണ്ടുള്ളതാവണം പ്രേമം. പ്രേമം പ്രേമത്തിനുവേണ്ടി മാത്രമായിരിക്കരുത്. ഇണയെ തിരഞ്ഞെടുക്കുമ്പോൾ താഴെപ്പറയുന്നവ പരിഗണിക്കേണ്ടതാണ്.

ശാരീരികവും മാനസികവുമായ പൊരുത്തം
സാംസ്കാരിക നിലവാരം
മതപരമായ പാശ്ചാത്തലം
സാമ്പത്തിക സ്ഥിതി
കുടുംബ പാരമ്പര്യം.

രണ്ടു വ്യക്തികൾ തമ്മിലുള്ള ഒത്തുചേരൽ മാത്രമല്ല വിവാഹം, രണ്ടു കുടുംബങ്ങൾ, രണ്ടു സംസ്കാരങ്ങൾ, രണ്ടു പാരമ്പര്യങ്ങൾ, രണ്ടു സമൂഹങ്ങൾ എന്നിവ തമ്മിലുള്ള ഒരു ഒത്തുചേരൽ കൂടിയാണത്. ഇണയെ തിരഞ്ഞെടുക്കന്നതിൽ മാതാപിതാക്കളുടെ ഉപദേശവും അവരുടെ അനുഭവവും ഒരു മുതൽക്കൂട്ടാണ്.

കാരണം, മക്കളുടെ ശോഭനഭാവിയിലും സുരക്ഷിതത്വത്തിലും മാതാപിതാക്കളേക്കാൾ തത്പരരായി മറ്റാരുമില്ല.

വിവാഹത്തിനൊരുങ്ങുന്നവർ ജോൺ ബ്ലിന്ത് എന്ന എഴുത്തുകാരൻ നിർദ്ദേശിച്ചിട്ടുള്ള സന്തുഷ്ടകുടുംബ പാചകവിധി പഠിച്ചുവയ്ക്കുന്നതു നല്ലതാണ്. ഭാവിജീവിതത്തിന് അത് പ്രയോജനപ്പെടും.

**വിഭവങ്ങൾ**

സ്നേഹം - 4 കപ്പ്, അനുസരണ - 2 കപ്പ്, വിശ്വാസം - 5 കപ്പ്, മൃദുലത - 2 ടീസ്പൂൺ, ആർദ്രത - 1 കപ്പ്, ധാരണ - 5 കപ്പ്, ക്ഷമ - 3 കപ്പ്, പ്രതീക്ഷ - 5 ടീസ്പൂൺ, പുഞ്ചിരി - 1 വീപ്പ, സൗഹൃദം - 1 കപ്പ്.

**പാകം ചെയ്യേണ്ട വിധം**

സ്നേഹവും അനുസരണയും എടുത്തു വിശ്വാസത്തിൽ കുഴയ്ക്കുക. പിന്നീട് മൃദുലതയും ആർദ്രതയും ധാരണയും ക്ഷമയും യോജിപ്പിച്ച് രണ്ടും കൂടി കുഴച്ചെടുത്ത് സൗഹൃദവുമായി കലർത്തുക. അതിനുശേഷം മുകളിൽ പുഞ്ചിരി വിതറുക. അനന്തരം വേവിച്ച് പരസ്പര സഹായത്തോടെ വിളമ്പുക.

ദൈവവും ദൈവജനവുമായുള്ള ഉടമ്പടിയെ വിവാഹബന്ധത്തോടു സാദൃശ്യപ്പെടുത്തിക്കൊണ്ടുള്ള പ്രതിപാദനങ്ങൾ വിശുദ്ധലിഖിതങ്ങളിൽ ധാരാളം കാണാം. പരസ്പരം പ്രേമിക്കുന്ന സ്ത്രീയും പുരുഷനും - യുവതിയും യുവാവും - തമ്മിലുള്ള സംഭാഷണ രൂപത്തിലാണല്ലോ ഉത്തമഗീതം എന്ന വിശുദ്ധഗ്രന്ഥഭാഗം തന്നെ. പ്രേമം ദൈവികമാണ്, അതു വിവാഹജീവിതത്തിലേക്കുള്ള വിളിയുമാണ്.

**ഉത്തരങ്ങൾ പഠിക്കുക**

1 ഹെൻറി ഗിൽബർട്ട് ഉദ്ധരിക്കുന്ന ഗ്രീക്കുകഥയുടെ ആശയം വ്യക്തമാക്കുക.

2 സെക്സ് ദൈവദാനമാണെന്ന് പറയുന്നതിൻെറ ഔചിത്യം പരിശോധിക്കുക.

3 ''വിദ്യാഭ്യാസകാലം പ്രേമചാപല്യങ്ങൾക്കുള്ളതല്ല''. വ്യക്തമാക്കുക.

4 ജീവിത പങ്കാളിയെ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

## പ്രാവർത്തികമാക്കുക

1 വിവാഹത്തിനൊരുങ്ങുന്നവർക്കു വേണ്ടിയുള്ള ഒരു സെമിനാറിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ ക്രോഡീകരിക്കുക.

2 പ്രേമം അപകടകരമാകാതിരിക്കാൻ നിങ്ങൾ എന്തെല്ലാം മുൻകരുതലുകളെടുക്കുമെന്നു നിശ്ചയിക്കുക.

## ചർച്ച ചെയ്യുക

1 പ്രേമം വെറും ഇന്ദ്രിയബന്ധമായിരിക്കരുത്.

2 മക്കളുടെ വിവാഹത്തിൽ മാതാപിതാക്കൾക്ക് ഇന്നുള്ള പങ്ക്.

3 വിവാഹത്തിൽ സാമ്പത്തികനിലവാരം പരിഗണിക്കേണ്ടതുണ്ടോ?

# 2

# വിവാഹം ക്രൈസ്തവ വീക്ഷണത്തിൽ

എല്ലാവരും നിത്യരക്ഷയിലേക്കു വിളിക്കപ്പെട്ടവരാണ്. ഓരോ മനുഷ്യനും തൻെറ ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നത് നിത്യരക്ഷപ്രാപിക്കാനുള്ള മാർഗ്ഗമെന്ന നിലയ്ക്കാണ്. വിവാഹജീവിതവും, പൗരോഹിത്യവും സന്ന്യാസവുമാണല്ലോ ക്രൈസ്തവർക്കു സ്വീകാര്യമായ ജീവിതാന്തസ്സുകൾ. സഭ ഇവയിലോരോന്നിനെയും കാണുന്നത് രക്ഷയ്ക്കുപകരിക്കുന്ന ദൈവവിളിയായിട്ടാണ്. വിവാഹജീവിതത്തിനുള്ള വിളി ലഭിക്കുന്നവരെ സംബന്ധിച്ചിടത്തോളം അതാണു മറ്റേതൊരു ദൈവവിളിയെക്കാളും അവർക്ക് നിത്യരക്ഷയ്ക്ക് സഹായകരമായിരിക്കുന്നത്.

വിവാഹജീവിതം എത്ര മഹത്തരമാണെന്ന് മനസ്സിലാക്കുന്നവർക്കു മാത്രമേ ആ ജീവിതാന്തസ്സിലേക്ക് അർത്ഥവത്തായി പ്രവേശിക്കുവാൻ കഴിയുകയുള്ളു. വിവാഹബന്ധത്തിൻെറയും കുടുംബ ജീവിതത്തിൻെറയും മാഹാത്മ്യം യുവതീയുവാക്കൾ മനസ്സിലാക്കേണ്ടതുണ്ട്.

മനുഷ്യസൃഷ്ടിയോടുകൂടിത്തന്നെ ദൈവം പവിത്രീകരിച്ച ബന്ധമാണു വിവാഹം. തൻെറ സ്നേഹത്തിലും സൃഷ്ടികർമ്മത്തിലും പങ്കുചേരുവാനാണ് വിവാഹജീവിതത്തിലേക്കു സ്ത്രീപുരുഷൻമാരെ ദൈവം വിളിക്കുന്നത്. സ്നേഹിക്കുവാനും സൃഷ്ടിക്കുവാനുമുള്ള ദൈവികദൗത്യം സ്വീകരിക്കുന്നതിലൂടെ ജീവിതത്തെ പവിത്രീകരിക്കാൻ വിവാഹിതർക്കു കഴിയും. തങ്ങളെത്തന്നെയും മറ്റുള്ളവരെയും വിശുദ്ധീകരിക്കുവാൻ ദമ്പതിമാർക്കുള്ള വേദിയാണ് ദാമ്പത്യജീവിതം. സ്വയം അർപ്പിച്ചുകൊണ്ടാണ്

ഈ വിശുദ്ധീകരണം അവർ സാധിക്കേണ്ടത്. വിവാഹിതരാകുന്ന സ്ത്രീയും പുരുഷനും പരസ്പരം സമർപ്പിക്കുകയും, തങ്ങൾക്കുണ്ടാകുന്ന സന്താനങ്ങൾക്കായി തങ്ങളെത്തന്നെ സമർപ്പിക്കുകയും ചെയ്യാനുള്ള ദൗത്യം ദൈവത്തിൽനിന്നു സ്വീകരിക്കുന്നു.

## കുടുംബജീവിതം: ദൈവാരാധന

പൗരോഹിത്യത്തിലും സന്ന്യാസത്തിലും ദൈവാരാധനയ്ക്കു വളരെ പ്രാധാന്യമുണ്ട്. കുടുംബവ്യഗ്രതകളിൽ മുഴുകുന്നവരുടെ ജീവിതത്തിൽ ദൈവാരാധനയ്ക്കു വേണ്ടത്ര സമയമോ പ്രാധാന്യമോ ഇല്ലെന്നു തോന്നിയേക്കാം. അതു ശരിയല്ല. ക്രൈസ്തവ കുടുംബജീവിതം തന്നെ ഒരു ദൈവാരാധനയാണ്. ക്രൈസ്തവദമ്പതിമാർ കുടുംബജീവിതത്തിൽ പരസ്പരം സമർപ്പിക്കുന്നതും ദൈവകല്പനയനുസരിച്ച് കുടുംബത്തിൻെറ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതും ദൈവാരാധനയുടെ ഒരു ഭാഗമാണ്. കാരണം, വിവാഹമെന്ന കൂദാശയുടെ പൂർത്തീകരണത്തിനാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

ദമ്പതിമാരുടെ പരസ്പരസമർപ്പണം ഉത്തമ ക്രൈസ്തവ ജീവിതം നയിക്കാൻ വേണ്ടിയുള്ളതാണ്. ഈ സമർപ്പണത്തിലൂടെ അവർ ക്രിസ്തുവിൻെറ രക്ഷാകരദൗത്യം സഭയിൽ പങ്കുവയ്ക്കുന്നു.

## ഐക്യത്തിൻെറ കൂദാശ

സ്നേഹിക്കാനും സൃഷ്ടിക്കാനുമുള്ള ദൈവത്തിൻെറ ശക്തിവിശേഷത്തിൽ ദമ്പതികളെ പങ്കാളികളാക്കുന്ന കൂദാശയാണ് വിവാഹം. പിന്നീടൊരിക്കലും വേർപെടുത്താനാവാത്ത വിധം സ്ത്രീയും പുരുഷനും വിവാഹമെന്ന കൂദാശയിലൂടെ സ്നേഹത്തിൽ ഐക്യപ്പെടുന്നു. സ്നേഹത്തിൻെറതായ ഈ ഐക്യം പരിപൂർണ്ണമാകണമെങ്കിൽ ദൈവസാന്നിദ്ധ്യംകൂടി ഉണ്ടായിരിക്കണം. മൂന്നു പേർ തമ്മിലുള്ള പാവനമായ ഐക്യമാണ് വിവാഹമെന്ന് ബിഷപ്പ് ഫുൾട്ടൺ ജെ. ഷീൻ പ്രഖ്യാപിക്കുന്നത് ഈ അടിസ്ഥാനത്തിലാണ്. പരസ്പര സ്നേഹത്തിൻെറ ഉറവിടവും മാതൃകയുമായി നിലകൊള്ളുന്നത് സ്നേഹം തന്നെയായ ദൈവമാണ്. ക്രിസ്തുവും സഭയുമായുള്ള സ്നേഹമാണ് ദാമ്പത്യസ്നേഹത്തിൻെറ മാതൃകയായി പൗലോസ് അപ്പസ്തോലൻ അവതരിപ്പിക്കുന്നത് (എഫേ.5:23-32).

## വിവാഹത്തിൻെറ സത്ത

വിവാഹബന്ധത്തെ സാധുവാക്കിത്തീർക്കുന്നത് ദമ്പതികളുടെ ഉഭയസമ്മതമാണ്. ദമ്പതികൾ പൂർണ്ണഅറിവോടും തീരുമാനത്തോടും കൂടി കൊടുക്കുന്ന സമ്മതമാണ് വിവാഹത്തിൻെറ സത്ത. ഈ സമ്മതം എല്ലാ വിധത്തിലും സ്വതന്ത്രമായിരിക്കേണ്ടതുണ്ട്. സമ്മതം മനസ്സിൻെറ സ്വതന്ത്രമായ ഒരു പ്രവൃത്തിയാണ്. തൻമൂലം, ഇതിനുളള പക്വത കൈവന്ന വ്യക്തികൾക്കേ ശരിയായ വിധത്തിൽ സമ്മതം കൊടുക്കുവാൻ കഴിയുകയുളളു. ബുദ്ധിപരമായ കഴിവില്ലായ്മ, ദാമ്പത്യ ദൗത്യത്തെക്കുറിച്ചുളള അജ്ഞത തുടങ്ങിയവ ശരിയായിട്ടുളള സമ്മതത്തിനു പ്രതിബന്ധങ്ങളാണ്. തെറ്റിദ്ധരിപ്പിച്ചോ ഭീഷണിപ്പെടുത്തിയോ സമ്മതം വാങ്ങിക്കുന്നതു സാധൂകരിക്കാവുന്നതല്ല. സ്നേഹത്തിലുളള ഐക്യവും തത്ഫലമായുളള സന്താനോത്പാദനവുമാണ് വിവാഹത്തിൻെറ ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായ ഉദ്ദേശ്യങ്ങളോടെ നടത്തപ്പെടുന്ന വിവാഹം അസാധുവായിരിക്കും. വിവാഹത്തിൻെറ പൂർണ്ണത ദാമ്പത്യവേഴ്ചയിലാണ്.

## വിവാഹത്തിൻെറ അവിഭാജ്യത

ദൈവം യോജിപ്പിക്കുന്ന ബന്ധമാണ് വിവാഹം. തന്നിമിത്തം ആ ബന്ധം വേർപെടുത്തുവാൻ മനുഷ്യന് ഒരിക്കലും അവകാശമില്ല. വിവാഹത്തിൻെറ അവിഭാജ്യത എന്നാണ് ഈ സവിശേഷത അറിയപ്പെടുന്നത്. വിവാഹത്തെക്കുറിച്ച് യേശു പറഞ്ഞു: ''ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപെടുത്താതിരിക്കട്ടെ'' (മത്താ. 19:6). ഒരു സ്ത്രീയും ഒരു പുരുഷനും തമ്മിൽ വിവാഹത്തിൽ ബന്ധിതരായി ഒരു ശരീരമായിത്തീരുന്നതിലൂടെ പൂർണ്ണമായ ഒരു സമർപ്പണം ഉടലെടുക്കുന്നു. വിവാഹത്തിൻെറ സാമൂഹികവും നിയമപരവുമായ വശങ്ങളിൽ എന്തൊക്കെ മാറ്റം സംഭവിച്ചാലും വൈവാഹികബന്ധം ഭാര്യയും ഭർത്താവും ജീവിച്ചിരിക്കുന്നിടത്തോളം കാലം നിലനിൽക്കുന്നു.

വിവാഹത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു: ''സ്രഷ്ടാവു സ്ഥാപിച്ചതും അവിടുത്തെ നിയമങ്ങളിൽ അധിഷ്ഠിതവുമായ വൈവാഹികജീവിതത്തിൻെറയും സ്നേ

ഹത്തിന്റെയും പരസ്പര ഐക്യം അലംഘനീയവും വ്യക്തിപരവുമായ സമ്മതത്തിൽ അഥവാ ഉടമ്പടിയിൽ സ്ഥിരീകൃതമാണ്'' (സഭ ആധുനിക ലോകത്തിൽ 48).



ദാമ്പത്യവേദിയിലേക്ക്

## വിവാഹവും ലൈംഗികതയും

വിവാഹജീവിതത്തോടു ബന്ധപ്പെടുത്തുമ്പോൾ മാത്രമേ ക്രൈസ്തവവീക്ഷണത്തിൽ ലൈംഗികതയ്ക്ക് അർത്ഥവും മൂല്യവും കൈവരുകയുള്ളൂ. മനുഷ്യനൊഴികെയുള്ള ജീവികളിൽ ലൈംഗികപ്രവൃത്തികളുടെ പ്രധാനലക്ഷ്യം സന്താനോത്പാദനം മാത്രമാണ്. മനുഷ്യനിൽ ലൈംഗിക പ്രവൃത്തി ബോധപൂർവ്വകമായ സ്നേഹസമർപ്പണത്തിന്റെ അടയാളംകൂടിയാണ്. രണ്ടു വ്യക്തികൾ സമ്പൂർണ്ണമായി പരസ്പരം സമർപ്പിക്കുന്നതിന്റെ ബാഹ്യമായ പ്രകടനമാണ് ദാമ്പത്യവേഴ്ച. സ്നേഹം പ്രകടിപ്പിക്കാനുള്ള ഏറ്റവും ശക്തമായ മാധ്യമമാണിത്. ദാമ്പത്യ ജീവിതത്തിന്റെ ലക്ഷ്യങ്ങളായ സ്നേഹവും ഐക്യവും സന്താനോത്പാദനവും വേർതിരിക്കാനാവാത്ത വിധം പരസ്പരപൂരകങ്ങളാണ്.

ഈ ലക്ഷ്യങ്ങളുടെ മനഃപൂർവ്വമായ നിഷേധം സെക്സിനെ വികലമാക്കുന്നു. ദമ്പതിമാർക്കിടയിൽ സ്നേഹൈക്യത്തിന്റെ ആവിഷ്കരണമായി സന്താനോത്പാദന ലക്ഷ്യത്തോടെ നിർവ്വഹിക്കപ്പെടുന്ന ലൈംഗികപ്രവൃത്തി പരിശുദ്ധമാണ്. ദമ്പതിമാർ

പരസ്പരം സമർപ്പിച്ചുകൊണ്ട് തങ്ങളുടെ വ്യക്തിത്വങ്ങളുടെ പൂർണ്ണതയ്ക്കായി യത്നിക്കുന്നു. സ്നേഹൈക്യത്തിൻെറ ഫലമായിട്ടു വേണം ശിശു രൂപമെടുക്കുവാൻ. ദമ്പതികൾക്ക് സെക്സ് അനുഭവിക്കാനും ആസ്വദിക്കാനും അവകാശമുണ്ട്. മനുഷ്യൻെറ ഉന്നതമായ മഹത്വത്തിനും അന്തസ്സിനും യോജിച്ച ഏതു രീതിയിലും സെക്സിനെ അതിൻെറ പൂർണ്ണതയിൽ ദമ്പതികൾക്ക് ആസ്വദിക്കാം. എന്നാൽ, ലൈംഗിക പ്രവൃത്തിയുടെ ആത്യന്തികമായ ലക്ഷ്യങ്ങൾ നിഷേധിച്ചുകൊണ്ടാവരുത് ലൈംഗികവേഴ്ച.

## വിവാഹത്തിനു മുൻപുള്ള ലൈംഗികബന്ധം (Pre-Marital Sex)

വിവാഹബന്ധത്തിനു പുറമേയുള്ള ലൈംഗികപ്രവൃത്തി തിന്മയാണ്. കാരണം, സ്നേഹത്തിലുള്ള സമ്പൂർണ്ണസമർപ്പണം, സന്താനോത്പാദനം എന്നീ ലക്ഷ്യങ്ങൾ അതിൽ പ്രാപിക്കാൻ കഴിയുന്നില്ല. വിവാഹിതരാകാൻ നിശ്ചയിച്ചിരിക്കുന്നവർ തമ്മിൽ ബന്ധപ്പെടുകയാണെങ്കിൽ അവിടെ സ്നേഹത്തിൻെറ സമ്പൂർണ്ണ സമർപ്പണമില്ലേ എന്ന ഒരു ചോദ്യം ഇവിടെ പ്രസക്തമാണ്. എന്നാൽ, വിവാഹത്തിൻെറ അവകാശങ്ങൾ അനുഭവിക്കാൻ തിടുക്കം കാണിക്കുന്ന അത്തരക്കാർ വിവാഹത്തിൻെറ കടമകൾ ഏറ്റെടുക്കാനുള്ള സന്നദ്ധതയ്ക്കു മുൻതൂക്കം നല്കാത്തവരാണ്.അതുകൊണ്ടുതന്നെ ആ സ്നേഹം സ്വാർത്ഥപരവുമാണ്. സന്താനോത്പാദനം എന്ന ലക്ഷ്യം ഇക്കൂട്ടർ നിഷേധിക്കാനാണ് സാധ്യത. ലൈംഗികപ്രവൃത്തിയുടെ പാവനമായ അർത്ഥം കണ്ടെത്താൻ വിവാഹത്തിനു മുൻപുള്ള ലൈംഗിക പ്രവൃത്തിക്കു കഴിയുന്നില്ല. വിവാഹസമ്മതം നടത്തിയിട്ടുള്ളവരാണെങ്കിലും വിവാഹത്തിനു മുൻപ് ലൈംഗികപ്രവൃത്തിയിൽ ഏർപ്പെടുന്നതു ശരിയല്ല.

## വിവാഹത്തിനു പുറമേയുള്ള ലൈംഗികബന്ധം (Extra Marital Sex)

വിവാഹിതരായ വ്യക്തികൾ അന്യവ്യക്തികളുമായി നടത്തുന്ന ലൈംഗികബന്ധം നിഷിദ്ധമാണെന്ന് ആറാം. പ്രമാണം വ്യക്തമായി പ്രഖ്യാപിക്കുന്നു. വിവാഹബന്ധത്തിലെ ലൈംഗികപ്ര

വൃത്തിയിൽ തന്റെ പങ്കാളിക്ക് സമ്പൂർണ്ണമായി തന്നെത്തന്നെ സമർപ്പിക്കുന്ന ഒരാൾ എങ്ങനെയാണ് മറ്റൊരാൾക്ക് പൂർണ്ണമായി തന്നെത്തന്നെ സമർപ്പിക്കുക? തന്മൂലം, അന്യരുമായുള്ള ലൈംഗികബന്ധം അതിൽത്തന്നെ കടുത്ത വഞ്ചനയാണ് - വിവാഹബന്ധത്തിലെ പങ്കാളിയോടുള്ള വഞ്ചനയുമാണ്. മറ്റുള്ള വ്യക്തികളോടു ലൈംഗിക ബന്ധത്തിലേർപ്പെടുന്നയാൾക്ക് വിവാഹത്തിലെ പങ്കാളിയോടൊത്തുള്ള ലൈംഗികബന്ധത്തിൽ സമ്പൂർണ്ണ സ്നേഹസമർപ്പണം നടത്താനാവില്ല. ലൈംഗികതയുടെ അർത്ഥവും പ്രസക്തിയും നശിപ്പിക്കുകയും, കുടുംബത്തിലെ സ്നേഹവും ഐക്യവും ഭദ്രതയും തകർക്കുകയും ചെയ്യുന്ന തിന്മയാണ് വ്യഭിചാരം.

## വിവാഹത്തെ സംബന്ധിച്ച നിയമങ്ങൾ

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം വിവാഹത്തിന്റെ സാധുതയ്ക്കു സഭയുടെ അംഗീകാരം ആവശ്യമാണ്. വിവാഹത്തിന്റെ മാഹാത്മ്യവും ദാമ്പത്യജീവിതത്തിന്റെ ഉത്തരവാദിത്വങ്ങളും കണക്കിലെടുത്തുകൊണ്ടുള്ള ചില നിയമങ്ങൾ വിവാഹത്തെ സംബന്ധിച്ച് സഭ ക്രോഡീകരിച്ചിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചില നിയമങ്ങൾ നാം അറിഞ്ഞിരിക്കുക അത്യന്താപേക്ഷിതമാണ്. കാനൻ നിയമപ്രകാരം സാധുവായ വിവാഹത്തിന് പുരുഷന് 16 വയസ്സും സ്ത്രീക്ക് 14 വയസ്സും പൂർത്തിയായിരിക്കണം. ഇൻഡ്യയിൽ രാഷ്ട്രനിയമം അനുസരിച്ച് സാധുവായ വിവാഹത്തിന് പുരുഷന് 21 വയസ്സും സ്ത്രീക്ക് 18 വയസ്സും പൂർത്തിയായിരിക്കണം.

ലൈംഗിക പ്രവൃത്തിപരമായ കഴിവില്ലായ്മ (impotency) വിവാഹത്തെ അസാധുവാക്കും. വിവാഹത്തിനു മുൻപ് തുടങ്ങി മാറ്റമില്ലാതെ തുടരുന്ന കഴിവില്ലായ്മ (അത് ദമ്പതികൾക്ക് പരസ്പരം അറിവുള്ളതോ അല്ലാത്തതോ ആയിരിക്കാം) അപൂർണ്ണമാണെങ്കിൽപ്പോലും വിവാഹത്തെ അസാധുവാക്കുന്നതാണ്.

മുൻവിവാഹബന്ധം നിലനില്ക്കുന്നിടത്തോളം കാലം നടത്തുന്ന പുനർവിവാഹം അസാധുവായിരിക്കും. മാമ്മോദീസ സ്വീകരിക്കാത്തവർക്കും ഉയർന്ന പട്ടങ്ങൾ (ഹെവുപ്പദിയാക്കോന അഥവാ സബ്ഡീക്കൻ പട്ടം, മ്ശംശാന അഥവാ ഡീക്കൻ പട്ടം) സ്വീകരിച്ചവർക്കും സന്യാസവ്രതങ്ങൾ എടുത്തവർക്കും പ്രത്യേക

അനുവാദം കൂടാതെ സാധുവായ ക്രൈസ്തവ വിവാഹത്തിൽ ഏർപ്പെടാനാവില്ല. അതുപോലെതന്നെ, രക്തബന്ധമുള്ളവർ തമ്മിൽ നടത്തുന്ന വിവാഹവും സാധുവല്ല.

വിവാഹം സാധുവാകുന്നതിന് അത് സഭ അനുശാസിക്കുന്ന ക്രമമനുസരിച്ച് നടത്തേണ്ടതുണ്ട്. രണ്ടു സാക്ഷികളുടെ മുൻപിൽ വച്ചുവേണം വിവാഹം നടത്തുവാൻ. നിയമാനുസൃതം അധികാരമുള്ള വൈദികൻ സന്നിഹിതനായിരിക്കുകയും വിവാഹം ആശീർവദിക്കുകയും ചെയ്യണം.

രൂപതാ കച്ചേരിയിലെ വിവാഹ കോടതികൾ ചില വിവാഹബന്ധങ്ങൾ വേർപെടുത്തുന്നതായി കേട്ടിട്ടുണ്ടല്ലോ. എന്നാൽ, സാധുവായ ഒരു വിവാഹബന്ധവും വേർപെടുത്താൻ സഭയ്ക്ക് അധികാരമില്ല. സാധുവായ ഒരു വിവാഹമെന്ന നിലയിൽ നടത്തപ്പെട്ട വിവാഹം യഥാർത്ഥത്തിൽ സാധുവായതാണോ എന്ന് സഭ അന്വേഷിച്ചറിയുന്നു. അസാധുവാക്കുന്ന ഘടകങ്ങൾ പ്രകടമായി ഉണ്ടെന്നുതെളിഞ്ഞാൽ സാധുവായ വിവാഹം നടന്നിട്ടില്ലെന്ന് സഭ പ്രഖ്യാപിക്കുകയും ചെയ്യുന്നു. ആ പ്രഖ്യാപനം വിവാഹമോചനമല്ല.

## വിവാഹത്തിനുള്ള ഒരുക്കം

വിവാഹമെന്ന കൂദാശ സ്വീകരിക്കാൻ ഭാവിവധൂവരന്മാർ ആത്മാർത്ഥതയോടെ ഒരുങ്ങേണ്ടതുണ്ട്. വിവാഹബന്ധത്തിന്റെയും കുടുംബജീവിതത്തിന്റെയും മാഹാത്മ്യം പാലിക്കാൻ യോഗ്യതയുള്ളവർക്കേ ഈ കൂദാശ സ്വീകരിക്കാൻ അർഹതയുള്ളൂ. വിവാഹത്തെയും കുടുംബ ജീവിതത്തെയും സംബന്ധിച്ച് അത്യന്താപേക്ഷിതമായ കാര്യങ്ങൾ അവർ പഠിച്ചിരിക്കണം, ക്രൈസ്തവ വിവാഹത്തിന്റെ മാഹാത്മ്യവും പ്രാധാന്യവും വിവരിക്കുന്ന പുസ്തകങ്ങൾ വായിക്കുക, വിവാഹത്തിനൊരുങ്ങുന്നവർക്കുവേണ്ടിയുള്ള കോഴ്സുകളിൽ സംബന്ധിക്കുക തുടങ്ങിയ മാർഗ്ഗങ്ങൾ ഇതിനു സഹായകമാണ്.

ബൗദ്ധികമായ ഒരുക്കം മാത്രമല്ല വേണ്ടത്. വിവാഹത്തിൽ ദൈവികമായ ഒരു ദൗത്യം ഏറ്റെടുക്കുകയാണല്ലോ. തന്മൂലം, ആദ്ധ്യാത്മികമായും ഒരുങ്ങേണ്ടതുണ്ട്. ദൈവത്തിന്റെ തിരുഹിതത്തിനനുസൃതം കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേ

റ്റാൻ വേണ്ട അനുഗ്രഹത്തിനായി പ്രാർത്ഥിക്കണം. പാപവിമുക്ത മായ ഒരു ജീവിതം, വിവാഹാർത്ഥികൾ നയിക്കണം. സഭയുടെ ആരാധനക്രമത്തിലും കുടുംബത്തിലെ പ്രാർത്ഥനകളിലുമുള്ള സജീവമായ പങ്കുകൊള്ളലും വി. ഗ്രന്ഥവായനയും വിവാഹാർ ത്ഥികൾക്ക് അപരിത്യാജ്യമാണ്. വിവാഹദിനത്തിലെ ആർഭാട ങ്ങൾക്കിടയിൽ വിവാഹമെന്ന കൂദാശയുടെ ആദ്ധ്യാത്മിക പ്രാധാന്യം നഷ്ടപ്പെടാതിരിക്കാൻ വധൂവരൻമാരും അവരുടെ മാ താപിതാക്കളും ശ്രദ്ധിക്കണം.

ഒന്ന് അധികം ഒന്ന് സമം എത്ര എന്ന ചോദ്യത്തിന് ഒരു നഴ്സറി സ്കൂളിലെ കുട്ടി ഉത്തരം പറഞ്ഞു: ''വലിയ ഒന്ന്''. ആ ഉത്തരം കണക്കുശാസ്ത്രപ്രകാരം തെറ്റു തന്നെ . എന്നാൽ ചിന്താമധുരമായ ഒരു ശരി അതിലുണ്ട്. അദ്ധ്യാപകൻ മനസ്സിൽ കാണുന്നതു പോലെയല്ലാതെ രണ്ട് ഒന്നു ചേർത്താലോ, വലിയ ഒന്നുതന്നെ. വിവാഹിതയായ യുവതി ഒന്ന്. യുവാവ് ഒന്ന്. ദമ്പതികളായിക്കഴിഞ്ഞാൽ പിന്നെ അവർ രണ്ടല്ല. വലിയൊരു ഒന്നു തന്നെ. അവരെ വലിയ ഒന്നാക്കി മാറ്റുന്നത് അധികചിഹ്ന മല്ല, സ്നേഹമാണ്.

### ഉത്തരങ്ങൾ പഠിക്കുക

1. വിവാഹം ഒരു ദൈവവിളിയാണ് - വ്യക്തമാക്കുക.
2. വിവാഹ ജീവിതത്തിൽ ലൈംഗികതയ്ക്കുള്ള സ്ഥാനമെ ന്ത്?
3. ദാമ്പത്യബന്ധത്തിനു പുറത്തുള്ള ലൈംഗികവേഴ്ച അധാർ മ്മികമാണ്. എന്തുകൊണ്ട്?
4. വിവാഹത്തെ അസാധുവാക്കുന്ന ഘടകങ്ങൾ ഏവ?

### പ്രാവർത്തികമാക്കുക

1. ക്രിസ്തീയ വിവാഹത്തിൻെറ മാഹാത്മ്യം, കുടുംബജീവി തത്തിലെ ഉത്തരവാദിത്വങ്ങൾ, കുടുംബജീവിതത്തിലെ ലൈംഗികത എന്നിവയെക്കുറിച്ച് അത്യാവശ്യമായ അറിവ് സമ്പാദിക്കുക.
2. ഇടവകയിൽ നടത്തപ്പെടുന്ന കുടുംബക്ഷേമ സെമിനാറുക ളിൽ സംബന്ധിക്കുക.

**ചർച്ച ചെയ്യുക**

1. വിവാഹം കേവലം ഒരു സാമൂഹിക ചടങ്ങല്ല; അതൊരു കൂദാശയാണ്.

2. വിവാഹോടമ്പടി ദൈവാലയത്തിൽ വച്ച് തന്നെ നടത്തേണ്ടതുണ്ടോ?

# 3

# ജനനനിയന്ത്രണവും സഭയും

ആധുനികലോകം നേരിടുന്ന വലിയ പ്രശ്നങ്ങളിലൊന്നാണ് ജനപ്പെരുപ്പം. ഈ പ്രശ്നം ഫലപ്രദമായി നേരിടാൻ രാഷ്ട്രങ്ങൾ ജാഗ്രതയോടെ മുന്നോട്ടു വന്നുകഴിഞ്ഞു. പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ തുടങ്ങിയ സമ്പർക്കമാധ്യമങ്ങളിലൂടെ ജനനനിയന്ത്രണം എന്ന ആശയം ഗവൺമെൻറ് ശക്തമായി പ്രചരിപ്പിക്കുന്നുണ്ടല്ലോ. ജനസംഖ്യയിലുള്ള ക്രമാതീതമായ വർദ്ധനവു ലോകത്തിൻെറ ഭാവിയെ ദുരിതപൂർണ്ണമാക്കിയേക്കാം.

ഒരു കുടുംബത്തിലെ എല്ലാ കുട്ടികൾക്കും ഭക്ഷണം, വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം ഇവ ലഭിക്കാനുള്ള അവകാശമുണ്ട്. ഈ അവകാശങ്ങൾ നിറവേറുന്നത് കുടുംബത്തിൻെറ സാമ്പത്തികനിലവാരത്തെ ആസ്പദമാക്കിയാണ്. ദരിദ്രകുടുംബങ്ങളിൽ മക്കളുടെ ഈ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിൽ കുടുംബനാഥൻ പരാജയപ്പെട്ടേക്കാം. കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് കുടുംബത്തിൻെറ സാമ്പത്തിക ക്ലേശം വർദ്ധിച്ചെന്നു വരാം. തന്മൂലം, സാമ്പത്തിക ഞെരുക്കമനുഭവിക്കുന്നവർ കുട്ടികളുടെ എണ്ണം കുറയ്ക്കുവാൻ ശ്രമിക്കുന്നു.

ജനനനിയന്ത്രണത്തോടു പൊതുവേ പ്രതികൂലമായ മനോഭാവമല്ല സഭയ്ക്കുള്ളത്. എന്നാൽ, ജനനനിയന്ത്രണത്തിനു വേണ്ടി ഗവൺമെൻറുകളും സാമൂഹിക ഏജൻസികളും ആവിഷ്കരിച്ചിട്ടുള്ള കൃത്രിമമാർഗ്ഗങ്ങൾ സഭ അംഗീകരിക്കുന്നില്ല. ധാർമ്മികതയ്ക്കു നിരക്കുന്ന സ്വാഭാവിക മാർഗ്ഗങ്ങളിലൂടെ കുടുംബത്തിലെ അംഗസംഖ്യ ക്രമപ്പെടുത്തണമെന്നതാണു സഭയുടെ നിലപാട്.

## ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും

ആദർശപൂർണ്ണമായ ഒരു കുടുംബം സംവിധാനം ചെയ്യുമ്പോൾ ഭദ്രമായ കുടുംബം എന്ന ആശയത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. തങ്ങൾക്ക് എത്രകുട്ടികൾ വേണമെന്ന് ഉത്തരവാദിത്വബോധത്തോടെ മാതാപിതാക്കൻമാർ തീരുമാനിക്കേണ്ടതാണ്. ഓരോ കുട്ടിയെയും മനുഷ്യോചിതമായ നിലയിൽ വളർത്തി വലുതാക്കി അവൻെറ ജീവിതലക്ഷ്യത്തിലെത്തിക്കാനുള്ള ഭാരിച്ച ഉത്തരവാദിത്വമാണ് മാതാപിതാക്കൾക്കുള്ളത്.

ധാർമ്മിക നിയമങ്ങൾക്കനുസൃതമായിട്ടുവേണം ദമ്പതികൾ തീരുമാനങ്ങൾ കൈക്കൊള്ളാൻ. സ്വന്തം ഉത്തരവാദിത്വങ്ങളെക്കുറിച്ചും കുടുംബത്തോടും ലോകത്തോടുമുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ചും അവർ അവബോധമുള്ളവരായിരിക്കണം. സന്താനങ്ങളോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വത്തിൻെറ നിർവഹണത്തിലാണ് ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും അടങ്ങിയിരിക്കുന്നത്. ഈ ഉത്തരവാദിത്വത്തെക്കുറിച്ച് പോൾ ആറാമൻ മാർപാപ്പ പഠിപ്പിക്കുന്നതിങ്ങനെയാണ്:

''ദമ്പതികൾ തങ്ങളുടെ ഉത്തരവാദിത്വത്തെപ്പറ്റി വേണ്ടവിധത്തിൽ മനസ്സിലാക്കിയിരിക്കണം. ഉത്പാദനപ്രക്രിയയിൽ ജീവശാസ്ത്രമല്ല ദമ്പതികളെ നയിക്കേണ്ടത്, മറിച്ച് വ്യക്തിയെ സംബന്ധിക്കുന്ന നിയമങ്ങളാണ്. ദമ്പതികൾ തങ്ങൾ ജീവിക്കുന്ന ലോകത്തെപ്പറ്റി ശരിയായി മനസ്സിലാക്കണം. ശാരീരികവും, മാനസികവും, സാമൂഹികവും, സാമ്പത്തികവുമായ സ്ഥിതിവിശേഷങ്ങളെ വേണ്ടവിധത്തിൽ ഗ്രഹിച്ചതിനുശേഷമേ, തങ്ങൾക്കുവേണ്ട കുടുംബം ഏതുതരത്തിലുള്ളതായിരിക്കണമെന്നു തീരുമാനിക്കാവൂ. ചിലരെ സംബന്ധിച്ചിടത്തോളം കൂടുതൽ കുട്ടികൾ അഭിലഷണീയമാകാം; മറ്റു ചിലർക്കു കുറെകാലത്തേക്കോ ഒരിക്കലുമോ ഒരു കുഞ്ഞിനെ ആവശ്യമില്ലെന്നു വരാം. എന്നാൽ, അത്തരം തീരുമാനങ്ങൾ എടുക്കുന്നതിനു ദമ്പതികൾക്കു പര്യാപ്തവും ധാർമ്മിക നിയമങ്ങൾക്ക് അനുസൃതവുമായ പ്രമാണങ്ങൾ വേണം'' (Pope Paul VI, on the Regulation of Birth. No. 10).

## സ്വാഭാവിക ജനനനിയന്ത്രണമാർഗ്ഗങ്ങൾ

ധാർമ്മികവും സ്വാഭാവികവുമായ ചില മാർഗ്ഗങ്ങളാണ് ജനനനിയന്ത്രണത്തിനായി സഭ നിർദ്ദേശിക്കുന്നത്. ഗർഭധാരണ സാദ്ധ്യതയുള്ള നാളുകളിൽ ലൈംഗികബന്ധം ഒഴിവാക്കുകയാണ്, ഈ മാർഗ്ഗങ്ങളുടെയെല്ലാം അടിസ്ഥാനതത്ത്വം.

കുടുംബസംവിധാനത്തിനായി മഹാത്മാഗാന്ധി നിർദ്ദേശിച്ച ഒരു മാർഗ്ഗം ആത്മസംയമനം ആണ്. ദമ്പതികൾ ഇരുവരുടെയും സമ്മതത്തോടെയുള്ള ആത്മസംയമനം സഭയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. എന്നാൽ, ശാശ്വതമായ ഒരു മാർഗ്ഗമെന്ന നിലയിൽ ഇതിനെ സ്വീകരിക്കുന്നതിനു പ്രായോഗിക വൈഷമ്യങ്ങളുണ്ടാകും.

സ്ത്രീയെ സംബന്ധിച്ചിടത്തോളം ഗർഭധാരണം നടക്കാൻ സാധ്യതയുള്ളത് ആർത്തവ ചക്രത്തിലെ ചുരുക്കം ചില ദിവസങ്ങളിലാണ്. അതായത്, അണ്ഡാഗമനത്തിൻെറ ദിവസങ്ങളിലാണ്. ആ ദിവസങ്ങളേതെന്നു കണ്ടെത്തി ആ ദിവസങ്ങളിൽ ലൈംഗികബന്ധം വർജ്ജിക്കുക എന്നതത്രേ ഏറ്റവും സ്വീകാര്യമായ മാർഗ്ഗം. ഗർഭധാരണ സാധ്യതയില്ലാത്ത ദിവസങ്ങളെ നിഷ്ഫല ദിവസങ്ങളെന്നു വിളിക്കുന്നു. ആർത്തവ ചക്രത്തിലെ ഫല-നിഷ്ഫല ദിവസങ്ങൾ കണ്ടെത്തുവാൻ റിഥം രീതി, ശ്ലേഷ്മ രീതി, ഊഷ്മാവു രീതി എന്നിങ്ങനെ മൂന്നു മാർഗ്ഗങ്ങളുണ്ട്.

## കൃത്രിമ ജനന നിയന്ത്രണ മാർഗ്ഗങ്ങൾ

കൃത്രിമമാർഗ്ഗങ്ങളിലൂടെ ഗർഭധാരണം തടഞ്ഞുകൊണ്ട് ലൈംഗിക ബന്ധത്തിലേർപ്പെടുക എന്നതാണ് കൃത്രിമ ജനനനിയന്ത്രണ മാർഗ്ഗത്തിൻെറ അടിസ്ഥാന തത്ത്വം.

കൃത്രിമ ജനനനിയന്ത്രണ മാർഗ്ഗങ്ങളെ സഭ അംഗീകരിക്കുന്നില്ല. കൃത്രിമമാർഗ്ഗങ്ങൾ അധാർമ്മികമായതിനാലാണ് സഭ അവയെ നിരാകരിക്കുന്നത്. വിവാഹത്തിലെ ലൈംഗികബന്ധത്തിൻെറ പവിത്രമായ ഒരു ലക്ഷ്യത്തെ ബോധപൂർവ്വം നിരാകരിക്കുന്നതിനാൽ കൃത്രിമമാർഗ്ഗങ്ങളുടെ ഉപയോഗം അധാർമ്മികമായിത്തീരുന്നു.

കാസ്തി കൊണ്ണൂബി (Casti connubii) എന്ന തിരുവെഴുത്തി

ലൂടെ പതിനൊന്നാം പിയൂസ് മാർപാപ്പാ പ്രഖ്യാപിച്ചു: '' വിവാഹ പ്രവൃത്തിയുടെ (ലൈംഗിക പ്രവൃത്തിയുടെ) ലക്ഷ്യം സ്വഭാവത്താൽ ത്തന്നെ സന്താനോത്പാദനമാണ്. ഈ ലക്ഷ്യത്തെ ബോധപൂർവ്വം എതിർത്ത് അതിൻെറ സ്വാഭാവികശക്തിക്കെതിരായി പ്രവർത്തിക്കുന്നെങ്കിൽ അതു പ്രകൃതി വിരുദ്ധവും പാപകരവുമാകും''.

പന്ത്രണ്ടാം പിയൂസ് മാർപാപ്പയും കാസ്തി കൊണ്ണുബിയുടെ പഠനങ്ങൾ ആവർത്തിച്ചു. 1968–ൽ പുറപ്പെടുവിച്ച മനുഷ്യജീവൻ (Humanae Vitae) എന്ന പ്രസിദ്ധ ചാക്രികലേഖനം വഴി എല്ലാവിധ കൃത്രിമ ജനനനിയന്ത്രണമാർഗ്ഗങ്ങളും അധാർമ്മികമാണെന്ന് പോൾ ആറാമൻ മാർപാപ്പ പ്രഖ്യാപിച്ചു.

## സ്വാഭാവിക മാർഗ്ഗങ്ങളുടെ മേന്മ

സ്വാഭാവിക മാർഗ്ഗങ്ങളെ അപേക്ഷിച്ച് കൃത്രിമ മാർഗ്ഗങ്ങൾ കൂടുതൽ എളുപ്പമാണെന്നു തോന്നിയേക്കാം. എന്നാൽ, മാർഗ്ഗങ്ങളുടെ തിരഞ്ഞെടുപ്പിൽ പ്രാധാന്യം നല്കുന്നത് മനുഷ്യൻെറ മഹത്വത്തിനായിരിക്കണം. മഹത്വമേറിയ മനുഷ്യനെ വെറും ഒരു ഭോഗവസ്തുവായോ സുഖത്തിനും സന്തോഷത്തിനുമുള്ള കേവലമൊരു ഉപകരണമായോ തരം താഴ്ത്താൻ പാടില്ല. കൃത്രിമമാർഗ്ഗങ്ങൾ സ്വാർത്ഥതയെ വർദ്ധിപ്പിക്കാനിടയുണ്ട്. ദമ്പതികളുടെ പരസ്പര ബഹുമാനം ഇതുമൂലം നശിക്കുന്നു. ധാർമ്മികബോധത്തിൻെറ സഹായത്തോടെ മാനുഷികമൂല്യങ്ങളെ വിലമതിച്ചുകൊണ്ട് ജനനനിയന്ത്രണം ഉന്നം വയ്ക്കുന്നവർക്ക് എന്തുകൊണ്ടും സ്വീകാര്യമായത് സ്വാഭാവിക മാർഗ്ഗങ്ങളാണ്. കൃത്രിമമാർഗ്ഗങ്ങളുടെ ഉപയോഗം ശാരീരികമായ ദോഷഫലങ്ങളും ഉളവാക്കിയേക്കാം.

സ്വാഭാവിക മാർഗ്ഗങ്ങൾ പ്രകൃത്യനുസൃതമാണ്. ചില സാഹചര്യങ്ങളിൽ ജനനനിയന്ത്രണം ആവശ്യമായി വരാം. എന്നാൽ, അതിനു സ്വീകരിക്കുന്ന മാർഗ്ഗങ്ങൾ മനുഷ്യമഹത്വത്തെ അംഗീകരിക്കുന്നതായിരിക്കണമെന്നാണ് സഭയുടെ പ്രബോധനം. മാർഗ്ഗമേതായാലും ലക്ഷ്യം സാധിച്ചാൽ മതിയെന്ന സിദ്ധാന്തത്തെ നമുക്ക് അംഗീകരിക്കാനാവുകയില്ല. നമ്മെ സംബന്ധിച്ചിടത്തോളം മാർഗ്ഗവും ലക്ഷ്യവും ശുദ്ധമായിരിക്കണം.

## ജനസംഖ്യക്കുറവ് എന്ന പ്രശ്നം

ജനപ്പെരുപ്പം ഒരാഗോള പ്രശ്നമാണ്. ചില ഭൂഖണ്ഡങ്ങളിൽ അത് രാഷ്ട്രങ്ങളുടെ വികസനത്തെതടയുന്നുണ്ട്. എങ്കിലും, ജനസംഖ്യാ നിയന്ത്രണം മൂലം ക്രൈസ്തവ ജനസമൂഹത്തിനുണ്ടാകുന്ന ആശങ്കാജനകമായ കുറവും ഗൗരവമുള്ള ഒരു പ്രശ്നമാണ്. സാമൂഹികൗത്സുക്യം എന്ന ചാക്രിക ലേഖനത്തിൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നു:

''വികസനത്തിനു തടസ്സങ്ങൾ സൃഷ്ടിക്കുന്ന ജനസംഖ്യാ വർദ്ധനവിൻെറ പ്രശ്നങ്ങൾ ദക്ഷിണാർദ്ധഗോളത്തിൽ പ്രത്യേകിച്ച് നിലവിലുണ്ടെന്ന കാര്യം ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. ഉത്തരാർദ്ധഗോളത്തിലാകട്ടെ, ഈ പ്രശ്നത്തിൻെറ സ്വഭാവം നേരെ മറിച്ചാണ് എന്നും ഇതോടൊപ്പം എടുത്തുപറയേണ്ടിയിരിക്കുന്നു. ജനനനിരക്കിലുള്ള കുറവാണ് ഇവിടുത്തെ ഉത്കണ്ഠയ്ക്കു കാരണമായിരിക്കുന്നത്. അവിടെ ജനനക്കുറവിൻെറ പ്രത്യാഘാതമായി ഒരു ജനസമൂഹമാകെ വാർദ്ധക്യം പ്രാപിച്ചതായിത്തീരുന്നു. ജീവശാസ്ത്രപരമായ സ്വയം പുതുക്കലിനു പോലും അത് അശക്തമായിത്തീരുന്നു. അത് അതിൽത്തന്നെ വികസനത്തെ തടയുന്ന ഒരു പ്രതിഭാസമാണ്. ജനസംഖ്യാ വർദ്ധനവുമൂലം മാത്രമാണ് വികസനക്കുറവിൻെറ പ്രശ്നങ്ങൾ ഉണ്ടാകുന്നതെന്നു പറയുക ശരിയല്ല. അതുപോലെ തന്നെ, എല്ലാ ജനസംഖ്യാ വർദ്ധനവും രാഷ്ട്രങ്ങളുടെ ക്രമാനുഗതമായ വികസനത്തോടു പൊരുത്തപ്പെടുകയില്ലെന്നു തെളിയിക്കപ്പെട്ടിട്ടുമില്ല'' (സാമൂഹികൗത്സുക്യം 25:1).

ലോകസമ്പത്തിൻെറ ശരിയായ ഉപയോഗിക്കൽ, സമൂഹസമ്പത്തിൻെറ നീതിപൂർവ്വകമായ വിതരണം, രാജ്യാന്തര കുടിയേറ്റം, വിവേകപൂർവ്വകമായ ജനനനിയന്ത്രണം മുതലായവ വഴിയാണ് ലോകജനസംഖ്യാ പ്രശ്നത്തിൻെറ പരിഹാരം കണ്ടെത്തേണ്ടത് എന്നു മാർപാപ്പമാർ ആഹ്വാനം ചെയ്തിട്ടുണ്ട്. ഈ ആഗോള പ്രശ്നം പരിഹരിക്കാൻ എല്ലാ രാഷ്ട്രങ്ങളും ജനവിഭാഗങ്ങളും ഒരുപോലെ ശ്രമിക്കണം. ചില മതവിഭാഗങ്ങൾ മാത്രം ജനനം നിയന്ത്രിച്ചാൽ അത് അവയുടെ സ്വാതന്ത്ര്യത്തെയും അസ്തിത്വത്തെത്തന്നെയും അപകടത്തിലാക്കുമെന്ന കാര്യം കൂടി അനുസ്മരിക്കേണ്ടതാണ്.

**ഉത്തരങ്ങൾ പഠിക്കുക**

1. ജനനനിയന്ത്രണത്തെക്കുറിച്ചുള്ള സഭാപഠനമെന്ത്?
2. വിവിധ സ്വാഭാവിക ജനനനിയന്ത്രണ മാർഗ്ഗങ്ങൾ ഏവ? അവയുടെ മേന്മയെന്ത്?
3. കൃത്രിമജനനനിയന്ത്രണമാർഗ്ഗങ്ങളെ സഭ എന്തുകൊണ്ട് എതിർക്കുന്നു?
4. ജനസംഖ്യാക്കുറവിനെ സംബന്ധിച്ച് ജോൺ പോൾ മാർപാപ്പയുടെ പ്രബോധനമെന്ത്?

**പ്രാർത്ഥികമാക്കുക**

1. ശാസ്ത്രീയ ഗ്രന്ഥങ്ങളിൽ നിന്നും ക്ലാസ്സുകളിൽ നിന്നും സ്വാഭാവിക ജനനനിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ച് വിശദമായ അറിവു സമ്പാദിക്കുക.
2. കൃത്രിമ ജനന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്ന ക്രൈസ്തവരെ അവയുടെ അധാർമ്മികതയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുവാനുതുകുന്ന ഒരു പ്രായോഗിക പദ്ധതിക്കു രൂപം കൊടുക്കുക.

**ചർച്ച ചെയ്യുക**

1. ജനനനിയന്ത്രണത്തെ സംബന്ധിച്ചുള്ള ഗവൺമെൻറ് നിലപാട് സഭാപഠനങ്ങളുമായി എപ്രകാരം പൊരുത്തപ്പെടുത്താം?
2. ഉത്തരവാദിത്വപൂർണ്ണമായ മാതൃത്വവും പിതൃത്വവും ക്രൈസ്തവ വീക്ഷണത്തിൽ.

# 4

# മനുഷ്യജീവൻെറ മഹത്വം

പ്രപഞ്ചത്തിലെ ഏറ്റവും അദ്ഭുതകരമായ പ്രതിഭാസമാണു ഭൂമിയിലെ ജീവൻ. ജീവൻെറ വൈവിധ്യമാർന്ന രൂപഭാവങ്ങൾ അവതരിപ്പിക്കുന്ന ലക്ഷോപലക്ഷം ജീവജാലങ്ങൾക്കു ഭൂമി സങ്കേതമരുളുന്നു. അവയുടെയെല്ലാം മകുടമാണു മനുഷ്യൻ; ജീവൻെറ ഏറ്റവും സങ്കീർണ്ണമായ രൂപവുമാണ്. മനുഷ്യജീവൻ രഹസ്യങ്ങളുടെ കലവറയാണെന്നു പറയാം. അതിനെ പൂർണ്ണമായി മനസ്സിലാക്കാനോ കൈകാര്യം ചെയ്യാനോ നമുക്ക് ഇന്നും കഴിഞ്ഞിട്ടില്ല.

## ജീവൻ ശാസ്ത്രത്തിൻെറയും ബൈബിളിൻെറയും വീക്ഷണത്തിൽ

സമുദ്രമാണു ജീവൻെറ പിള്ളത്തൊട്ടിലെന്നും അവിടെയുണ്ടായ ജീവനു പരിണാമഭേദങ്ങൾ വന്ന് ഒടുവിൽ മനുഷ്യനായിത്തീർന്നുവെന്നുമാണു ശാസ്ത്രത്തിൻെറ നിഗമനം. ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളുടെയും ഉത്പത്തി, പരിണാമത്തിലൂടെയാണെന്നു പരിണാമസിദ്ധാന്തം ഉദ്ഘോഷിക്കുന്നു. എന്നാൽ ജീവൻെറ ഉത്പത്തിക്കു തൃപ്തികരമായ ഒരു വിശദീകരണം നല്കാൻ ഇന്നോളം ശാസ്ത്രത്തിനു കഴിഞ്ഞിട്ടില്ല. ബൈബിളിൻെറ വീക്ഷണത്തിൽ ജീവൻെറ സ്രഷ്ടാവും ഉറവിടവും ദൈവമാണ് (ഉത്പത്തി 2:7, സങ്കീ. 36:9). മനുഷ്യജീവൻ ദൈവത്തിൻെറ സവിശേഷസൃഷ്ടിയാണ്. ജീവൻെറ ഉത്പത്തിയെക്കുറിച്ചു ശാസ്ത്രം നല്കുന്ന വ്യാഖ്യാനം ഒരു കാരണവശാലും ബൈബിൾ വീക്ഷണത്തെ നിഷേധിക്കുന്നില്ല. അതുപോലെത

ന്നെ, ബൈബിളിലെ സൃഷ്ടിവിവരണം ശാസ്ത്രത്തിൻെറ നിഗമനങ്ങളെ തള്ളിക്കളയുന്നുമില്ല. ജീവൻ അമൂല്യദാനമാണ്. ദൈവം ജീവൻ കരുപ്പിടിപ്പിച്ചതെങ്ങനെയെന്ന ചോദ്യത്തിനുള്ള ഉത്തരമാണു ശാസ്ത്രം നല്കുന്നത്. ബൈബിളിൻെറയും ശാസ്ത്രത്തിൻെറയും വീക്ഷണങ്ങളിലൂടെ ജീവനെക്കുറിച്ചു നടത്തുന്ന പഠനം ജീവൻെറ മാഹാത്മ്യം കൂടുതൽ കൂടുതലായി വെളിപ്പെടുത്തിത്തരുന്നു.

വിശുദ്ധഗ്രന്ഥം ഉദ്ഘോഷിക്കുന്നതു ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും മനുഷ്യൻ സൃഷ്ടിക്കപ്പെട്ടുവെന്നാണ്. മനുഷ്യജീവൻെറ മഹനീയതയുടെ അടിസ്ഥാനകാരണം ഈ ഛായാ സാദൃശ്യങ്ങളാണ്. ദൈവപുത്രൻെറ മനുഷ്യാവതാരത്തോടെ ഈ മഹനീയതയുടെ മാറ്റു വർദ്ധിച്ചു. യേശു മനുഷ്യശരീരം സ്വീകരിച്ച് തൻെറ മാനുഷികജീവൻ ബലിയർപ്പിച്ചുകൊണ്ടാണ് മനുഷ്യവംശത്തിനു രക്ഷ നല്കിയത്. ശരീരത്തോടെയുള്ള ഉത്ഥാനം വഴി അവിടുന്നു മനുഷ്യശരീരത്തെ മഹത്വമണിയിക്കുകയും ചെയ്തു.

## ജീവൻ വിലയുറ്റദാനം.

മനുഷ്യ ജീവൻ സംരക്ഷിക്കപ്പെടണമെന്നതു ദൈവകല്പനയാണ്. 'കൊല്ലരുത്' എന്ന അഞ്ചാം പ്രമാണം മനുഷ്യജീവനെ ഹനിക്കുന്ന എല്ലാ കയ്യേറ്റങ്ങളെയും അപലപിക്കുന്നു. ചരിത്രത്തിലെ ആദ്യത്തെ കൊലപാതകം നടന്നപ്പോൾത്തന്നെ ദൈവം ഇടപെട്ടു.

"കായേൻ, നിൻെറ സഹോദരനായ ആബേൽ എവിടെ? (ഉത്പ. 4:9).

സഹജീവികളുടെ ജീവൻ അപഹരിക്കുന്നവരോടെല്ലാം നിൻെറ സഹോദരൻ എവിടെ എന്ന ചോദ്യം ദൈവം ആവർത്തിക്കുന്നുണ്ട്.

ജീവൻെറ വിലയെപ്പറ്റി യേശു നടത്തിയിട്ടുള്ള പല പരാമർശങ്ങളും പുതിയ നിയമത്തിലുണ്ട്. ജീവൻ മറ്റ് എന്തിനെക്കാളും വിലപ്പെട്ടതാണെന്ന് അവിടുന്നു പറയുന്നു:

"അതുകൊണ്ട്, ഞാൻ നിങ്ങളോടു പറയുന്നു. എന്തു ഭക്ഷിക്കും എന്തു പാനം ചെയ്യും എന്നിങ്ങനെ നിങ്ങളുടെ ജീവനെ

സംബന്ധിച്ചോ, എന്തു ധരിക്കും എന്നു നിങ്ങളുടെ ശരീരത്തെ സംബന്ധിച്ചോ ഉത്കണ്ഠാകുലരാകേണ്ടാ. ഭക്ഷണത്തെക്കാൾ ജീവനും വസ്ത്രത്തെക്കാൾ ശരീരവും ശ്രേഷ്ഠമല്ലയോ?'' (മത്താ. 6:25).

സഹോദരനെതിരായ ഏതു പ്രവൃത്തിയും- അത് എത്ര നിസ്സാരമായാലും വർജ്ജ്യമാണെന്ന് യേശു അസന്ദിഗ്ധമായി പഠിപ്പിക്കുന്നു: ''കൊല്ലരുത്, കൊല്ലുന്ന ഏവനും ന്യായവിധിക്ക് അർഹനാകും എന്നു പൂർവ്വികരോടു പറയപ്പെട്ടതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു. സഹോദരനോടു കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും. സഹോദരനെ 'ഭോഷാ' എന്നു വിളിക്കുന്നവൻ ന്യായാധിപസംഘത്തിൻെറ മുൻപാകെ നിൽക്കേണ്ടിവരും. വിഡ്ഢി എന്നു വിളിക്കുന്നവനാകട്ടെ, നരകാഗ്നിക്ക് ഇരയായിത്തീരും (മത്താ. 5:21-20).

## ജീവനെതിരേയുള്ള വെല്ലുവിളികൾ

ആധുനികകാലത്ത് മനുഷ്യജീവനെതിരേ പുതിയ പുതിയ വെല്ലുവിളികൾ ഉയർന്നുകൊണ്ടിരിക്കുകയാണ്. ഭക്ഷണപാനീയങ്ങളിൽ മാരകമാകുംവിധം മായം ചേർക്കുക, ബസ്സ്, തീവണ്ടി മുതലായവ തടഞ്ഞു നിർത്തി യാത്രക്കാരെ കൊല്ലുക, അവരുടെ മുതൽ കൊള്ളയടിക്കുക, വിമാനം തട്ടിക്കൊണ്ടു പോവുക, മോഷണവും ബലാൽസംഗവുമൊക്കെ വെളിപ്പെടാതിരിക്കാൻ കൊലചെയ്യുക എന്നിവയെല്ലാം ഇന്ന് അപൂർവ്വമല്ലാതായിരിക്കുന്നു. ഇവയ്ക്കു പുറമേ, ഭ്രൂണഹത്യ അഥവാ, ഗർഭച്ഛിദ്രം (abortion) ഈ നൂറ്റാണ്ടിൻെറ പ്രത്യേകതയാണ്. സാധൂകരിക്കാവുന്ന ഒരു ജനന നിയന്ത്രണ മാർഗ്ഗമായിട്ടാണു ഗർഭച്ഛിദ്രത്തെ ചിലർ കരുതുന്നത്. ചില രാജ്യങ്ങൾ-ഇൻഡ്യയും- നിയമം മൂലം ഗർഭച്ഛിദ്രത്തെ അംഗീകരിക്കുന്നു. മനുഷ്യജീവൻെറ നിലയും വിലയും യഥാർഹം അംഗീകരിക്കപ്പെടുകയെന്നത് ഇന്നത്തെ അടിയന്തരാവശ്യങ്ങളിലൊന്നാണ്.

## ഭ്രൂണഹത്യ

വൈദ്യശാസ്ത്രത്തിൻെറ പിതാവായി ലോകം ബഹുമാനിക്കുന്ന ഹിപ്പോക്രാറ്റ്സ് രണ്ടായിരം വർഷം മുൻപ് ഭിഷഗ്വര

ന്മാർക്കു നല്കിയ സത്യപ്രതിജ്ഞാവാചകം താഴെ കൊടുക്കുന്നു:

"എന്റെ കഴിവിനും ബുദ്ധിക്കും അനുസരിച്ച് രോഗികൾക്ക് ഏറ്റവും പ്രയോജനകരമെന്നു തോന്നുന്നതുമാത്രം ചെയ്യുകയും, രോഗികൾക്കു ഹാനികരമായ എല്ലാക്കാര്യങ്ങളിൽനിന്നും മാറി നില്ക്കുകയും ചെയ്യുമെന്ന് ഞാൻ സത്യം ചെയ്യുന്നു. മാരകമായ ഔഷധങ്ങൾ മറ്റൊരാളുടെ ആവശ്യപ്രകാരം ഞാൻ രോഗികൾക്കു കൊടുക്കുകയാകട്ടെ, കൊടുക്കുവാൻ നിർദ്ദേശിക്കുകയാകട്ടെ ചെയ്യുന്നതല്ല. അതുപോല തന്നെ, ഭ്രൂണഹത്യയ്ക്കായി യാതൊരു മരുന്നും കൊടുക്കുന്നതല്ല."

1948-ൽ ജനീവായിൽ ചേർന്ന മെഡിക്കൽ അസോസിയേഷന്റെ സമ്മേളനത്തിൽ പങ്കെടുത്ത ഡോക്ടർമാർ ഇങ്ങനെയൊരു പ്രതിജ്ഞ ചെയ്തു.

"ഞാൻ മനുഷ്യജീവനെ ഗർഭധാരണം മുതൽ ആദരിക്കും.



*മനുഷ്യജീവൻ വിലയുറ്റദാനം*

അമ്മയുടെ ഉദരത്തിൽ വളർന്നുകൊണ്ടിരിക്കുന്ന ശിശുവും മനുഷ്യനാണ്. ആ ജീവനും വിലപ്പെട്ടതാണ്.''

## ഭ്രൂണഹത്യയെക്കുറിച്ചുള്ള സഭാപ്രബോധനം

മനുഷ്യജീവൻ അതിൻെറ എല്ലാ ഘട്ടങ്ങളിലും വിലപ്പെട്ടതാണെന്നു സഭ പഠിപ്പിക്കുന്നുണ്ട്. പന്ത്രണ്ടാം പീയൂസ് മാർപാപ്പ പ്രസ്താവിക്കുന്നു:

''എല്ലാ മനുഷ്യർക്കും, അമ്മയുടെ ഉദരത്തിൽക്കിടക്കുന്ന ശിശുവിനുപോലും, ജീവൻ ലഭിക്കുന്നതു ദൈവത്തിൽ നിന്നാണ്. അതിനാൽ മനുഷ്യാധികാരത്തിനോ ശാസ്ത്രത്തിനോ ജീവനിൽ കൈവയ്ക്കാൻ അവകാശമില്ല. മനുഷ്യൻ ദൈവത്തിൻെറ ഛായയാണ്. അവനിലുള്ളതു ദൈവത്തിൻെറ ജീവനും'' (1951 ഒക്ടോബർ 29-ന് ഇറ്റലിയിലെ സൂതികർമ്മിണികളോടു നടത്തിയ പ്രഭാഷണം).

ജോൺ പോൾ രണ്ടാമൻ മാർപാപ്പയുടെ പ്രഖ്യാപനം ശ്രദ്ധേയമാണ്: ''ജനിക്കാനുള്ള അവകാശം ആർക്കും നിഷേധിച്ചുകൂടാ'' (പൂയെബ്ളാ പ്രസംഗം, 1979).

സ്വാർത്ഥപരമായി സൗകര്യങ്ങളുടെ പേരിൽ മനുഷ്യഭ്രൂണത്തെ നശിപ്പിക്കുക വലിയ തെറ്റാണ്. ഭ്രൂണഹത്യയ്ക്കെതിരേയുള്ള സഭയുടെ പ്രബോധനം എത്രമേൽ ശക്തമാണെന്നു നോക്കുക:

''ജീവൻെറ കർത്താവായ ദൈവമാണ്, ജീവനെ സംരക്ഷിക്കുകയെന്ന ശ്രേഷ്ഠമായ ജോലി- മനുഷ്യോചിതമായ രീതിയിൽ നിർവഹിക്കപ്പെടേണ്ട ആ ജോലി - മനുഷ്യനെ ഭരമേല്പിച്ചിരിക്കുന്നത്. അതുകൊണ്ട്, മനുഷ്യജീവനെ അതിൻെറ ഉദ്ഭവത്തിൻെറ ആദ്യനിമിഷം മുതൽ അതീവ ശ്രദ്ധയോടെ സംരക്ഷിക്കണം. ഗർഭച്ഛിദ്രം, ശിശുവധം എന്നിവ കടുത്ത അപരാധങ്ങളാണ്'' (സഭ ആധുനിക ലോകത്തിൽ-51).

## കാരുണ്യവധം

മനുഷ്യജീവനെതിരായി അടുത്തകാലത്ത് അരങ്ങേറിയ മറ്റൊരു പാതകമാണു കാരുണ്യവധം (euthanesia). ഭ്രൂണഹത്യയുടെ കത്രിക നിസ്സഹായരായ ശിശുക്കൾക്കെതിരെയാണു പ്രയോഗിക്കപ്പെടുന്നതെങ്കിൽ കാരുണ്യവധമെന്ന വാളിനിരയാകുന്നത് തീരാ

രോഗികളും ഉപയോഗശൂന്യരെന്നു വിധിക്കപ്പെടുന്നവരുമാണ്. 'എവുത്തനേസിയ' എന്ന ഗ്രീക്കു പദത്തിൻെറ അർത്ഥം 'അന്തസ്സുള്ള മരണം' എന്നാണ്. അടുത്തകാലം വരെ ഈ പദം മരിക്കാൻ പോകുന്ന രോഗിക്കു ഡോക്ടർ നല്കുന്ന പരിചരണത്തെ സൂചിപ്പിച്ചു പോന്നു. എന്നാൽ, ഇന്ന് അതു ശാരീരികമോ മാനസികമോ ആയ മാറാരോഗം ബാധിച്ചവരെ മരണപ്പെടുത്തുന്ന പ്രക്രിയയെക്കുറിക്കുന്നതായി പരിണമിച്ചിരിക്കുന്നു. അങ്ങനെയുള്ളവർ അവർക്കുതന്നെയും സമൂഹത്തിനും ഭാരമാണുപോലും! ചുരുക്കത്തിൽ 'എവുത്തനേസിയ' അംഗീകരിക്കുന്നവർ കാരുണ്യത്തിൻെറ മുഖംമൂടിയണിഞ്ഞ്, തീരാരോഗികളുടെ ജീവൻ അപഹരിക്കാൻ കൂട്ടു നില്ക്കുകയാണ്. തീരാരോഗികളുടെ ജീവനും വിലപ്പെട്ടതാണ്. അവരുടെ ജീവനെടുക്കാൻ ദൈവത്തിനു മാത്രമേ അവകാശമുള്ളു. കാരുണ്യവധത്തെ അനുകൂലിക്കുന്നവർ വേദനയും സഹനവും ഏറ്റവും വലിയ തിന്മയായിക്കരുതുന്നു. എന്നാൽ, യേശു തൻെറ പീഡാനുഭവത്തിലൂടെ വേദനയ്ക്കും സഹനത്തിനും പുതിയൊരർത്ഥവും മൂല്യവും നല്കിയെന്ന വസ്തുത നാം വിസ്മരിച്ചുകൂടാ.

## ആത്മഹത്യ

ജീവൻെറ മൂല്യത്തെ നിഷേധിക്കുന്ന മറ്റൊരു പ്രതിഭാസമാണ് ആത്മഹത്യ. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് ലോകത്തിൽ മനുഷ്യൻെറ ജീവൻ അപഹരിക്കുന്ന പത്തുപ്രമുഖ കാരണങ്ങളിലൊന്നാണിത്. ജീവൻെറ ദാതാവു ദൈവമാണ്, ദൈവത്തിനല്ലാതെ മറ്റാർക്കും ജീവൻ തിരിച്ചെടുക്കാനവകാശമില്ല. അതുകൊണ്ട്, ആത്മഹത്യ ചെയ്യുന്ന വ്യക്തി ജീവൻെറ മേലുള്ള ദൈവത്തിൻെറ അധികാരം നിഷേധിക്കുകയാണു ചെയ്യുന്നത്. ജീവൻ നല്കിയ ദൈവത്തോടുള്ള നിന്ദയും ബന്ധുമിത്രാദികളോടും സമൂഹത്തോടുമുള്ള അനീതിയുമാണ് അത്.

## യുദ്ധത്തിൻെറ ധാർമ്മികത

യുദ്ധത്തിൽ നടക്കുന്ന കൊലയുടെ ധാർമ്മികത എന്ത് എന്നുകൂടി പരിശോധിക്കാം. സന്മാർഗ്ഗതത്ത്വങ്ങളനുസരിച്ച് മാരകമായ ഒരാക്രമണത്തെ നേരിടുന്നതിനായി പൊരുതുമ്പോൾ ജീവരക്ഷാർത്ഥം സഹജീവികളെ കൊല്ലുന്നത് സാധൂകരിക്കാം.

എന്നാൽ, എല്ലാ സമാധാനശ്രമങ്ങളും പരാജയപ്പെടുമ്പോൾ മാത്രമേ ഇത്തരമൊരു യുദ്ധത്തിനു തുനിയാവൂ. മാത്രമല്ല, യുദ്ധത്തിൻെറ പരിണതഫലമായി നാശത്തെക്കാൾ കൂടുതൽ നന്മയുണ്ടാവുകയും വേണം. പ്രായോഗിക തലത്തിൽ ഇത് അസാദ്ധ്യമാണെന്നു ചരിത്രം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ, തലമുറകളോളം നീണ്ടുനില്ക്കുന്ന ദുരന്തഫലങ്ങൾ വിതയ്ക്കുന്ന അണ്വായുധയുദ്ധങ്ങളിൽ മേല്പറഞ്ഞ വ്യവസ്ഥകൾക്കു പ്രസക്തിയില്ല. അതിനാൽ, അണ്വായുധ യുദ്ധം അതിൽത്തന്നെ നിഷിദ്ധമാണ്. ഏതു യുദ്ധവും ഒഴിവാക്കുകയാണുത്തമം. യുദ്ധത്തിനും ആയുധ ശേഖരണത്തിനുമെതിരേ ലോകമനസ്സാക്ഷിയെ ഉണർത്തുവാനുള്ള ശ്രമങ്ങൾ നിരന്തരം നടത്തേണ്ടിയിരിക്കുന്നു. സമാധാനത്തിൻെറയും സഹവർത്തിത്വത്തിൻെറയുമായ ഒരു പുതിയ പ്രഭാതത്തിൻെറ ഉദയരേഖ സ്വപ്നം കണ്ടിരുന്ന പ്രവാചകനാണ് ഏശയ്യാ. ആ പ്രതീക്ഷ പൂവണിയുന്ന നാളിൽ,

''അവർ തങ്ങളുടെ വാളുകൾകൊണ്ടു കൊഴുക്കളും കുന്തങ്ങൾ കൊണ്ടു കൊയ്ത്തരിവാളുകളും നിർമ്മിക്കും. രാജ്യം രാജ്യത്തിനെതിരായി വാളെടുക്കുകയില്ല. ഇനിമേൽ അവർ യുദ്ധമുറ അഭ്യസിക്കുകയുമില്ല'' (ഏശയ്യ 2:4).

## ക്രിസ്തീയ അഹിംസ

ക്രിസ്തീയ ജീവിതം അഹിംസാത്മകമാണ്. മറ്റുള്ളവരെ ശാരീരികമായോ മാനസികമായോ മുറിപ്പെടുത്തുകയും വേദനിപ്പിക്കുകയും ചെയ്യുക ഹിംസാത്മകമായ പ്രവൃത്തിയാണ്; മറ്റുള്ളവരുടെ ജീവനെ ആദരിക്കുകയും, വേദനിക്കുന്നവരെ ആശ്വസിപ്പിക്കുകയും ഭാരം ചുമക്കുന്നവരെ സഹായിക്കുകയും ചെയ്യുക അഹിംസാത്മകവും. ജോൺ പോൾ രണ്ടാമൻ മാർപാപ്പ മനുഷ്യരക്ഷകൻ എന്ന ചാക്രിക ലേഖനത്തിൽ ആയുധങ്ങൾ ഉണ്ടാക്കുകയും കൈമാറുകയും ചെയ്യുന്ന രാഷ്ട്രങ്ങളോട് അഭ്യർത്ഥിക്കുന്നു:

''ഭക്ഷണവും ജീവനും സംരക്ഷിക്കാൻ മുതൽ മുടക്കുക; അവയെ തകർക്കുന്ന ഉപകരണങ്ങൾ ഉണ്ടാക്കാൻ പണം ഉപയോഗിക്കരുതേ. ദയവു ചെയ്തു കൊല്ലരുതേ. മനുഷ്യർക്കു നാശവും വംശത്തകർച്ചയും ഉണ്ടാക്കിവയ്ക്കരുതേ. നിങ്ങളുടെ സഹോദരീസഹോദരന്മാർ വിശപ്പനുഭവിക്കുന്നു. യാതന അനുഭവിക്കുന്നു. അതു നിങ്ങൾ ഓർക്കുക. മനുഷ്യൻെറ ശ്രേഷ്ഠതയെയും സ്വാതന്ത്ര്യത്തെയും ആദരിക്കുക'' (മനുഷ്യ രക്ഷകൻ 16).

## മനുഷ്യമഹത്വം മറക്കുന്നവർ

മനുഷ്യമഹത്വത്തിനു ക്ഷതമേല്പിക്കുന്ന മറ്റു പല ക്രമക്കേടുകളും ഇന്നു സമൂഹത്തിൽ നടമാടുന്നുണ്ട്. അശ്ലീലഗ്രന്ഥങ്ങൾ, ആഭാസചിത്രങ്ങൾ, ലൈംഗികാസക്തിയും അക്രമവാസനയും ആത്മഹത്യാപ്രവണതയും ഊതിക്കത്തിക്കുന്ന സിനിമകൾ എന്നിവ ഉദാഹരണങ്ങളാണ്. മദ്യപാനവും പുകവലിയും മൂലം ക്ഷതപ്പെട്ട മനസ്സിൻെറയും ശരീരത്തിൻെറയും ഉടമകളാണ് ഇന്നു പലരും. ട്രാഫിക് നിയമങ്ങൾ ലംഘിച്ചു വാഹനമോടിക്കുന്നവർ തൻെറയും മറ്റുള്ളവരുടെയും ജീവനു ഭീഷണിയുയർത്തുന്നു. തെറ്റു ചെയ്യാൻ മറ്റുള്ളവരെ കൂട്ടുചേർക്കുകയും തിന്മയ്ക്കു പ്രേരിപ്പിക്കുകയും ചെയ്യുന്നവർ അപരൻെറ ആത്മാവിൻെറ ഘാതകരാണ്. കുഞ്ഞുങ്ങൾക്കും കൂട്ടുകാർക്കും ദുർമാതൃക കാണിക്കുമ്പോൾ അവരുടെ സത്പേരു നശിപ്പിക്കുന്നു. സമൂഹത്തിൽ അവർ ഒറ്റപ്പെടാനും, മാനസികമായി തകരാനും അതു കാരണമായേക്കും. ആയുധപ്രയോഗത്താൽ ശരീരത്തിലുണ്ടാകുന്നതിലും ആഴമേറിയ മുറിവായിരിക്കും നാവുകൊണ്ടു നാം മറ്റുള്ളവരുടെ ഹൃദയത്തിലേല്പിക്കുന്നത്.

മനുഷ്യജീവനും, മനുഷ്യത്വത്തിനും വിലകല്പിക്കുന്ന വ്യക്തികളായി ജീവിച്ചുകൊണ്ടു ലോകത്തിൻെറ മരവിച്ച മനസ്സാക്ഷിയെ ഉണർത്താൻ ക്രൈസ്തവർക്കു കടമയുണ്ട്. മനുഷ്യജീവനു വിലകല്പിക്കാത്തവരുടെ വിശ്വാസവും ആരാധനയും കപടവും അധാർമ്മികവുമാണ്. ദൈവത്തെ സമീപിക്കാനുള്ള നമ്മുടെ അർഹത അടങ്ങിയിരിക്കുന്നതു സഹോദരരോടുള്ള ബന്ധത്തിലാണെന്ന സത്യം യേശു നമ്മെ അനുസ്മരിപ്പിക്കുന്നു: ''അതിനാൽ, നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിൻെറ സഹോദരനു നിന്നോട് എന്തെങ്കിലും വിരോധം ഉണ്ടെന്ന് അവിടെ വച്ച് നീ ഓർമ്മിക്കുന്ന പക്ഷം നിൻെറ കാഴ്ചവസ്തു അവിടെ ബലിപീഠത്തിൻെറ മുമ്പിൽ വച്ചിട്ട്, ആദ്യം പോയി സഹോദരനോടു രമ്യതപ്പെടുക. പിന്നെവന്ന് കാഴ്ചയർപ്പിക്കുക'' (മത്താ 5:23-24).

### ഉത്തരങ്ങൾ പഠിക്കുക

1. മനുഷ്യജീവൻെറ ആരംഭം എവിടെ നിന്ന്?
   ജീവൻെറ ഉത്പത്തിയെക്കുറിച്ചു ശാസ്ത്രം നല്കുന്ന വ്യാഖ്യാനം എത്രമാത്രം സ്വീകാര്യമാണെന്നു പരിശോധിക്കുക.

2. ജീവന്റെ വിലയെക്കുറിച്ച് യേശു നടത്തിയ രണ്ടു പരാമർശങ്ങൾ ഉദ്ധരിക്കുക.

3. ഭ്രൂണഹത്യയെക്കുറിച്ച് ആധുനിക മാർപാപ്പമാർ നല്കുന്ന പ്രബോധനങ്ങൾ ചുരുക്കിയെഴുതുക.

4. കാരുണ്യവധം എന്താണെന്നു വിശദീകരിച്ച് അതിനോടുള്ള സഭയുടെ നിലപാടു വ്യക്തമാക്കുക.

5. യുദ്ധത്തിന്റെ ധാർമ്മികതയെക്കുറിച്ച് സഭയുടെ നിലപാട് എന്ത്?

6. ക്രിസ്തീയ ജീവിതം അഹിംസാത്മകമാണ്. വിശദമാക്കുക.

7. മനുഷ്യജീവനു വില കല്പിക്കാത്തവരുടെ ആരാധന കപടമാണ്. എന്തുകൊണ്ടു?

പ്രാവർത്തികമാക്കുക

1. ഉത്കൃഷ്ടമായൊരു ജീവിതം നയിക്കാൻ ചേരിനിവാസികളെ സഹായിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കുക.

ചർച്ച ചെയ്യുക

1. ജീവിതം മടുത്തുവെന്നഭിപ്രായപ്പെടുന്നവരെ ജീവന്റെ വിലയും നിലയും ബോധ്യമാക്കാൻ ഉതകുന്ന ചിന്തകൾ ചർച്ചചെയ്തു കണ്ടെത്തുക.

2. മനുഷ്യജീവന്റെ വിലയിടിച്ച് കാണിക്കുന്ന ആധുനിക പ്രവണതകളെ നേരിടാനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്തുകണ്ടെത്തുക.

# 5

# അല്മായ ദൗത്യം – സഭയിലും ലോകത്തിലും

ക്രിസ്തുവിൻെറ പീഡാനുഭവരംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു നാടകത്തിൽ ക്രിസ്തുവിൻെറ ഭാഗം അഭിനയിച്ചത് ഒരു തൊഴിലാളിയായിരുന്നു. അന്നുമുതൽ നാടകവേദിയിലെന്നപോലെ ക്രിസ്തുവിനെ ജീവിതത്തിലും പകർത്തണമെന്ന മോഹം അയാളിലുദിച്ചു. ഒരിക്കൽ അയാൾ പറഞ്ഞു: ''സ്റ്റേജിൽ ഞാൻ ക്രിസ്തുവിൻെറ വേഷമിട്ട തൊഴിലാളിയായിരുന്നു. ഫാക്ടറിയിൽ എനിക്കു തൊഴിലാളിയുടെ വേഷമിട്ട ക്രിസ്തുവാകണം''. ഫാക്ടറിയിൽ ക്രിസ്തുവായിരിക്കുക തൊഴിലാളിയുടെ സുവിശേഷദൗത്യമാണ്. ഏത് അല്മായനും തൻെറ പ്രവർത്തനമേഖലയിൽ അപ്രകാരമായിരിക്കാൻ കഴിയും. ലോകത്തിൻെറ മധ്യത്തിൽ നിന്നുകൊണ്ട് അതിനെ വിശുദ്ധീകരിക്കാനും ക്രൈസ്തവീകരിക്കാനും വിളിക്കപ്പെട്ടവരാണ് അല്മായർ. ആധുനികകാലത്ത് അല്മായരുടെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുകയും തീക്ഷ്ണതരമാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. സഭയിൽ നിന്നകന്നുപോകുന്ന ലോകത്തെ സഭയുമായി ബന്ധിപ്പിക്കാൻ കൂടുതൽ അവസരം ലഭിക്കുന്നത് അല്മായർക്കാണ്.

അല്മായദൗത്യത്തെക്കുറിച്ച് എന്നത്തെക്കാളും കൂടുതൽ ബോധവതിയാണു സഭയിന്ന്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ പ്രബോധനങ്ങളും ആധുനികകാലത്തെ മാർപാപ്പമാരുടെ പഠനങ്ങളും ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ സൂനഹദോസിൻെറ ''തിരുസഭ'' ''അല്മായ പ്രേഷിതത്വം'' ''സഭ ആധുനിക ലോകത്തിൽ'' തുടങ്ങിയ പ്രമാണരേഖകളും രണ്ടാം ജോൺ പോൾ മാർപാപ്പയുടെ ''അല്മായ വിശ്വാ

സികൾ'' എന്ന അപ്പസ്തോലിക പ്രബോധനവും അല്മായ ദൗത്യത്തെക്കുറിച്ചുള്ള ആധികാരിക രേഖകളാണ്. അല്മായന്റെ മഹനീയത, സഭയുടെ കൂട്ടായ്മാജീവിതത്തിൽ അല്മായന്റെ പങ്കാളിത്തം, അനന്യമായ അല്മായ ദൗത്യം, സംഘടനാ പ്രവർത്തനം, അല്മായ പരിശീലനം തുടങ്ങിയ വിവിധ വിഷയങ്ങൾ ഈ രേഖകളിൽ ചർച്ചചെയ്യുന്നുണ്ട്. ഇവയുടെ വെളിച്ചത്തിൽ ദൈവം അല്മായരായ സഭാംഗങ്ങളെ ഏല്പിച്ചിരിക്കുന്ന ദൗത്യം കണ്ടെത്തുവാൻ കഴിയും.

## അന്തസ്സുറ്റ അല്മായ പദവി

ആരാണ് അല്മായൻ? ''തിരുപ്പട്ടം സ്വീകരിക്കാത്തവരും സഭ അംഗീകരിച്ചിട്ടുള്ള സന്യാസസഭകളിൽപ്പെടാത്തവരും''ആണ് അല്മായരെന്ന് പറയാറുണ്ട്. അല്മായർ ആരല്ല എന്നു മാത്രമേ ഈ നിർവചനം കൊണ്ടു വ്യക്തമാകുന്നുള്ളു. ക്രൈസ്തവ ''വിശ്വാസി''കളാണ് അല്മായർ. ജോൺ പോൾ രണ്ടാമൻ അല്മായരെക്കുറിച്ച് എഴുതിയിട്ടുള്ള അപ്പസ്തോലിക പ്രബോധനത്തിന്റെ പേരുതന്നെ ''ക്രൈസ്തവ വിശ്വാസികളായ അല്മായർ'' (Christi Fideles Laici) എന്നാണ്. മാമ്മോദീസാവഴി അവർ ദൈവജനമായി പുനർജനിക്കുന്നു. ക്രിസ്തുവിന്റെ പൗരോഹിത്യത്തിലും രാജത്വത്തിലും സ്വകീയമായ രീതിയിൽ അവർ പങ്കുകാരാകുന്നു. സഭയിലും ലോകത്തിലുമുള്ള ദൗത്യം തങ്ങളാലാവുംവിധം അവരും നിർവഹിക്കുന്നുണ്ട്. ഇതാണു തിരുസഭയെന്ന പ്രമാണരേഖയിലൂടെ രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായസ്ഥാനത്തെക്കുറിച്ച് പഠിപ്പിക്കുന്നത് (തിരുസഭ 31).

വൈദികരും, അല്മായരും സന്യാസികളുമെല്ലാം ക്രിസ്ത്യാനികളാകുന്നുതു ക്രിസ്തുവിലുള്ള വിശ്വാസം വഴിയാണ്. ക്രിസ്തുവിലൂടെ സ്വയം വെളിപ്പെടുത്തിയ ദൈവത്തിനു തങ്ങളെ പൂർണ്ണമായും ഇടതടവില്ലാതെയും സമർപ്പിക്കുന്നതാണ് വിശ്വാസം. ജീവിതവും പ്രവൃത്തികളും യേശുക്രിസ്തുവിന്റെ മാതൃകയ്ക്കും, പഠനത്തിനും അനുസൃതമാകുവാൻ യഥാർത്ഥ അല്മായ വിശ്വാസി ആത്മാർത്ഥമായി ശ്രമിക്കുന്നു. ഈ ശ്രമത്തിൽ ദൈവം അവനു ശക്തിയും ഉൾക്കാഴ്ചയും നല്കാതിരിക്കുകയില്ല.

ജ്ഞാനസ്നാനം ദൈവപുത്രന്റെ ജീവനിലേക്കു മനുഷ്യനെ സന്നിവേശിപ്പിക്കുന്നു. അതു ക്രിസ്തുവിനോടും അവിടു

ത്തെ ശരീരമായ തിരുസഭയോടും നമ്മെ ഒന്നിപ്പിക്കുന്നു. ജ്ഞാനസ്നാനം വഴി എല്ലാവരും ആദ്ധ്യാത്മിക ദൈവാലയങ്ങളായിത്തീരുന്നു. പരിശുദ്ധാത്മാവിൽ അഭിഷിക്തരാവുകയും ചെയ്യുന്നു. ഈ വസ്തുത തന്നെ അല്മായരുടെ സ്ഥാനത്തിൻെറ മഹനീയത വ്യക്തമാക്കുന്നുണ്ട്. എല്ലാ സഭാംഗങ്ങളുടെയും മഹത്വത്തിൻെറ നിദാനം ജ്ഞാനസ്നാനമാണ്.

## പുരോഹിത - പ്രവാചക - രാജകീയദൗത്യം

യഥാർത്ഥ വിശ്വാസികൾ യേശുവിൻെറ മൗതിക ശരീരത്തിലെ അവയവങ്ങളാണ്. ഓരോ അവയവത്തിനും ക്രിസ്തുനാഥൻതന്നെ അതാതിൻെറ സ്ഥാനവും ദൗത്യവും നിർണ്ണയിച്ചു തന്നിട്ടുണ്ട്. തന്മൂലം, യേശുവിൻെറ ദൗത്യമാണു വിശ്വാസിയും ഏറ്റെടുക്കുന്നത്. പുരോഹിത-പ്രവാചക-രാജകീയ സ്വഭാവവിശേഷങ്ങളുള്ളതാണ് ആ ദൗത്യം. യേശു അടിസ്ഥാനശിലയായുള്ള ആദ്ധ്യാത്മിക ഭവനത്തിൻെറ സജീവശിലകളാണ് അല്മായർ. വിശ്വാസികൾ- അല്മായരടക്കമുള്ള സഭാംഗങ്ങൾ- ''തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയ പുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിൻെറ സ്വന്തം ജനവുമാണ്'' (1 പത്രോ. 2:9).

യേശുവിൻെറ പൗരോഹിത്യ കർത്തവ്യത്തിൽ അല്മായർക്കു ഭാഗഭാഗിത്വമുണ്ട് (തിരുസഭ 34). അല്മായരുടെ സകല ജോലികളും ദാമ്പത്യജീവിതത്തിലെ ചുമതലകളും കുടുംബകാര്യാന്വേഷണങ്ങളും അനുദിന വേലയും വിശ്രമവും, ക്ഷമാപൂർവ്വം നേരിടുന്ന ജീവിതക്ലേശങ്ങളും, സേവന പ്രവർത്തനങ്ങളും ദൈവത്തിനു സ്വീകാര്യമായ അദ്ധ്യാത്മിക ബലികളാണ്.

അല്മായർ യേശുവിൻെറ പ്രവാചകത്വത്തിൽ പങ്കുചേരുന്നതു ജീവിതത്തിൽ വിശ്വാസത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടാണ്. ദൈവതിരുമനസ്സ് പ്രഖ്യാപിക്കുകയാണല്ലോ പ്രവാചകവൃത്തി. സഭയിൽ സഭാധികാരികൾ വചനപ്രഘോഷണം നടത്തി ഇക്കാര്യം നിർവ്വഹിക്കുന്നുണ്ട്. യേശു തൻെറ സാക്ഷികളാക്കുകയും വിശ്വാസത്തെ മനസ്സിലാക്കാനുള്ള ശക്തി പ്രസംഗവരം എന്നിവ നല്കുകയും ചെയ്ത അല്മായരിലൂടെയും ഈ പ്രവാചക ദൗത്യം നിർവഹിക്കപ്പെടുന്നുണ്ട് (തിരുസഭ 35). സാമൂഹി

കവും ഗാർഹികവുമായ അവരുടെ അനുദിന ജീവിതത്തിൽ സുവിശേഷത്തിൻെറ ശക്തിയും സമ്പന്നതയും പ്രകാശിപ്പിക്കുമ്പോഴാണ് അതു സാധിക്കുന്നത്.

യേശുക്രിസ്തുവിൻെറ രാജത്വത്തിലും അല്മായർ പങ്കുകാരാണ്. പ്രപഞ്ചത്തിൻെറ നാഥനും രാജാവുമായ ക്രിസ്തുവിനോട് അവർ അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കയാണല്ലോ. യേശുവിൻെറ രാജകീയ ദൗത്യം അല്മായരും ഏറ്റെടുക്കുന്നു. പാപത്തിൻെറ ആധിപത്യത്തെ അതിജീവിക്കാനുള്ള അദ്ധ്യാത്മിക പോരാട്ടത്തിൽ പങ്കുചേരുന്നത് ഈ ദൗത്യനിർവ്വഹണത്തിൻെറ ഭാഗമാണ്. ക്രിസ്തു ശിഷ്യർ രാജോചിതമായ സ്വാതന്ത്ര്യത്തിൽ ഉറപ്പിക്കപ്പെടാനും സ്വയം നിഗ്രഹത്താലും വിശുദ്ധ ജീവിതത്താലും അവരിലുള്ള പാപത്തിൻെറ ഭരണത്തെ പരാജയപ്പെടുത്താനും വേണ്ടി ക്രിസ്തു തൻെറ രാജകീയാധികാരം അവർക്കു പകർന്നുകൊടുത്തു (തിരുസ്സഭ 36). പാപത്തെ പരാജയപ്പെടുത്തിക്കൊണ്ടു നേടിയെടുക്കുന്ന സ്വാതന്ത്ര്യവും മഹത്വവും 'മറ്റുള്ളവരിൽ ക്രിസ്തുവിനെ സേവിച്ചുകൊണ്ട് എളിമയോടും ക്ഷമയോടുംകൂടി സഹോദരങ്ങളെ രാജസന്നിധിയിലേക്ക് ആനയിക്കുവാനും ഇടയാക്കുന്നു' (തിരുസ്സഭ 36). ഇപ്രകാരം രാജത്വം മഹത്വമാർജ്ജിക്കലും രാജാവായ യേശുവിനെയും സഹോദരനെയും സേവിക്കലും ആണ്. ''എല്ലാ സഹോദരരിലും സർവ്വോപരി, ഏറ്റവും ചെറിയവനിലും (മത്താ. 25:40) സന്നിഹിതനായിരിക്കുന്ന യേശുവിനെ നീതിയോടും സ്നേഹത്തോടുംകൂടി സേവിക്കുവാൻ സ്വയം സമർപ്പിക്കുന്നതിൽ'' ക്രൈസ്തവരുടെ രാജത്വം അടങ്ങിയിരിക്കുന്നു (അല്മായ വിശ്വാസികൾ 14).

## വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവർ

സഭയിലെ മറ്റ് അംഗങ്ങളെപ്പോലെ അല്മായരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു. വി. പത്രോസ് അല്മായ സഹോദരങ്ങളെ ഉദ്ബോധിപ്പിക്കുന്നു: ''അനുസരണയുള്ള മക്കൾ എന്ന നിലയിൽ, അജ്ഞതയുടെ വ്യാമോഹങ്ങൾക്കു നിങ്ങൾ വിധേയരാകാതിരിക്കുവിൻ; മറിച്ച്, നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (1 പത്രോ. 1:15). സഭയിൽ

രണ്ടുതരം പൗരന്മാരില്ല. ഒരുതരം പൗരന്മാരേയുള്ളു. ഒന്നാംതരം പൗരന്മാരേയുള്ളു. കൗൺസിൽ പിതാക്കന്മാർ പറയുന്നു: ''ക്രിസ്തുവിലുള്ള പുനർജനനം വഴി ലഭിക്കുന്ന മഹത്വം സഭാംഗങ്ങൾക്കെല്ലാവർക്കും പൊതുവായിട്ടുള്ളതാണ്...പുത്രസ്വീകരണത്തിന്റെ ദാനവും പരിപൂർണ്ണതയ്ക്കായുള്ള വിളിയും ഒന്നുമാത്രം'' (തിരുസ്സഭ 32).



പുത്തൻപറമ്പിൽ തൊമ്മച്ചൻ-കേരളത്തിൽ ഫ്രാൻസിസ്കൻ മൂന്നാം സഭ സ്ഥാപിച്ച അല്മായ പ്രമുഖൻ

## ഒന്നായൊഴുകണം

അജപാലകരും അല്മായരും സ്വർഗ്ഗോന്മുഖയാത്ര നടത്തുന്നവരാണ്. രണ്ട് കൈവഴികൾ ഒന്നായിച്ചേർന്ന് ഒഴുകുന്ന ഒരു നദിയുടേതുപോലെയായിരിക്കണം അവരുടെ പ്രയാണം. ഐക്യമായിരിക്കണം അവരുടെ മുഖമുദ്ര. സഭ ഒരു കുടുംബമാണ്; വിശ്വാസികളുടെ കൂട്ടായ്മയാണ് – യേശുവും വിശ്വാസികളും ചേർന്നകൂട്ടായ്മ.

യേശു മുന്തിരിവള്ളിയും വിശ്വാസികൾ അതിന്റെ ശാഖകളുമാണ് (യോഹ. 15:1-5). ഈ കൂട്ടായ്മയ്ക്കു രണ്ടു തലങ്ങളുണ്ട്. ഒന്നാമതായി, ഇത് നമ്മെ ഓരോരുത്തരെയും യേശുവിലേക്ക് അടുപ്പിക്കുന്നു. അവിടുത്തെ ജീവനിലേക്കു സന്നിവേശിപ്പിക്കുന്നു. രണ്ടാമതായി, ഈ കൂട്ടായ്മ ഇഹത്തിലും പരത്തിലുമുള്ള വിശ്വാസികളുടെ സമൂഹവുമായി നമ്മെ ഒന്നിപ്പിക്കുകയും സമൂഹത്തിന്റെ ആന്തരികമായ ഐക്യം ദൃഢമാക്കുകയും ചെയ്യുന്നു. അല്മായരും അജപാലകരും ഭിന്നവിഭാഗങ്ങളിൽ പെട്ടവരല്ല. ഒരേ ശരീരത്തിലെ അവയവങ്ങൾ പോലെയാണവർ. വിവിധ ധർമ്മങ്ങൾ നിർവ്വഹിക്കുന്ന അല്മായരും അല്ലാത്തവരുമായ സ

ഭാംഗങ്ങൾക്കുള്ള സ്ഥാനവും അവർക്കുണ്ടാകേണ്ട മനോഭാവവും എന്തായിരിക്കണമെന്നതിനെക്കുറിച്ചു വി. പൗലോസ് കൊറിന്തോസിലെ ജനങ്ങൾക്ക് എഴുതിയിട്ടുണ്ട് (1 കൊറി 12:12-31).

സഭാധികാരികളെന്നോ അല്മായരെന്നോ, പണ്ഡിതനെന്നോ പാമരനെന്നോ, ധനികനെന്നോ ദരിദ്രനെന്നോ, സുന്ദരനെന്നോ, വിരൂപനെന്നോ ഉള്ള പരിഗണന കൂടാതെ എല്ലാവരും ക്രിസ്തുവിൻെറ അവയവങ്ങളാണ്. സഭയിൽ ആരാണ് വലിയവൻ എന്ന ചോദ്യത്തിന് യേശു ഇപ്രകാരം മറുപടി പറഞ്ഞു: ''നിങ്ങളിൽ ഏറ്റം വലിയവൻ ഏറ്റം ചെറിയവനെപ്പോലെയും അധികാരമുള്ളവൻ ശുശ്രൂഷകനെപ്പോലെയും ആയിരിക്കണം'' (ലൂക്ക 22:26).

അജപാലകരെ അഗണ്യരായിക്കരുതാമെന്ന് ഇപ്പറഞ്ഞതിന് അർത്ഥമില്ല. അവരെ അംഗീകരിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യണം. അല്മായർക്ക് അജപാലകരെ അനുസരിക്കാൻ കടമയുണ്ട്. പരിശുദ്ധാത്മാവിൻെറ പ്രേരണയും ദാനവും ഒക്കെ വിവേചിക്കേണ്ടതുണ്ട്. വിവേചിച്ചറിയലും ഏകോപനവും സഭാധികാരികളുടെ സവിശേഷ ശുശ്രൂഷയാണല്ലോ (1 തെസ. 5:12, 19-21).

പരിശുദ്ധാത്മാവിൻെറ പ്രേരണയും വരദാനവും നേതൃത്വം വഹിക്കുന്നവർക്കെന്നപോലെ അല്മായർക്കും ലഭിക്കുന്നുണ്ട്. ഇത് വ്യക്തിയുടെ എന്നപോലെ സഭാ സമൂഹത്തിൻെറയും നന്മക്കായിട്ടുള്ളതാണ്. അല്മായരിൽ അറിവും പ്രാപ്തിയുമുള്ളവർ സഭയുടെ നന്മയെ സ്പർശിക്കുന്ന കാര്യങ്ങളിൽ തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതു നിഷിദ്ധമല്ല; അത് അവരുടെ കടമയാണ് (തിരുസ്സഭ 37). അല്മായരുടെ വിവേകപൂർവ്വകമായ നിർദ്ദേശങ്ങൾ മഹാമനസ്കതയോടെ സ്വീകരിക്കുവാൻ അജപാലകരും കടപ്പെട്ടവരാണ്. അല്മായരുടെ അനുഭവസമ്പത്തിൻെറ സഹായം ആദ്ധ്യാത്മികവും ഭൗതികവുമായ കാര്യങ്ങളിൽ കൂടുതൽ ഉചിതമായ തീരുമാനം എടുക്കുന്നതിന് ഉപകരിക്കും(തിരുസ്സഭ 37).

## ആദിമ സഭയുടെ മാതൃക

തങ്ങൾ സഭയുടേതാണെന്ന അവബോധം മാത്രമല്ല തങ്ങൾ തന്നെ സഭയാണെന്ന അവബോധവും അല്മായർക്കുണ്ടാകണമെന്നാണ് പന്ത്രണ്ടാം പീയൂസ് മാർപാപ്പയുടെ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ജോൺപോൾ രണ്ടാമൻ മാർപാപ്പ പഠിപ്പിക്കുന്നത്

(അല്മായ വിശ്വാസികൾ 9). ആദിമസഭയിലെ അല്മായ പ്രവർത്തനം ശ്രദ്ധാർഹവും മാതൃകാപരവുമായിരുന്നു. അപ്പസ്തോലന്മാരുടെ കൂടെ സഭാ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന കുടുംബങ്ങളെപ്പറ്റി നടപടിപ്പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതിലൊന്നാണ് പോന്തസുകാരനായ അക്വീലായുടെയും അയാളുടെ ഭാര്യയായ പ്രഷില്ലയുടെയും കുടുംബം. അക്വീലാദമ്പതികൾ യഹൂദരായിരുന്നു. കൂടാരപ്പണിയായിരുന്നു അവരുടെ ജോലി. വി. പൗലോസ് അവരോടൊപ്പം താമസിക്കുകയും അദ്ധ്വാനിക്കുകയും ചെയ്തിരുന്നു. അക്വീല എല്ലാ സാബത്തുനാളുകളിലും സിനഗോഗിൽ പോയി സംവാദത്തിലേർപ്പെടുകയും യഹൂദരെയും ഗ്രീക്കുകാരെയും ക്രിസ്തുവിൽ വിശ്വസിക്കുവാൻ പ്രേരിപ്പിക്കുകയും ചെയ്തു (അപ്പ. 18:1-22). ഞായറാഴ്ചകളിൽ മതപാഠശാലകളിൽ പോയി പഠിപ്പിക്കുന്ന ഇന്നത്തെ ദമ്പതികൾ അക്വീലാദമ്പതികളുടെ സജീവ മാതൃകകളാണ്. ആദിമസഭയിൽ അപ്പസ്തോലന്മാരും അല്മായ വിശ്വാസികളും തമ്മിൽ മധുര സംഗീതത്തിലെ ലളിത പദങ്ങൾ പോലെ യോജിപ്പുള്ളവരായിരുന്നു.

ആദിമസഭയിലെ അല്മായരും അജപാലകരും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന ഒന്നാണ് വി. പൗലോസ് റോമാക്കാർക്കെഴുതിയ ലേഖനത്തിലെ പതിനാറാം അദ്ധ്യായം. കെങ്ക്റേയിലെ സഭാംഗമായ ഫോയ്ബ എന്ന വനിതയെ വിശുദ്ധർക്ക് ഉചിതമാംവിധം കർത്താവിൽ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് വി. പൗലോസ് ആ ലേഖനം തുടങ്ങുന്നത്. സഭയിലെ അല്മായ സഹോദരങ്ങളുടെ കഠിനാദ്ധ്വാനം കണ്ടു ഹൃദയം കവിഞ്ഞൊഴുകുന്ന കരുണയും നന്ദിയും പ്രകാശിപ്പിച്ചുകൊണ്ടുള്ളതാണ് അദ്ദേഹത്തിൻെറ കത്ത്.

പ്രേഷിതവേലയിൽ സഹകരിച്ച ഒട്ടേറെ അല്മായരുടെ പേര് എടുത്തുപറഞ്ഞുകൊണ്ട് അവർക്കു വന്ദനം നല്കുവാൻ റോമിലെ സഭാംഗങ്ങളെ വി.പൗലോസ് ആഹ്വാനം ചെയ്തു: ''നിങ്ങൾ നല്ല കാര്യങ്ങളിൽ അറിവുള്ളവരും തിന്മയുടെ മാലിന്യമേശാത്തവരും ആയിരിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു..... നമ്മുടെ കർത്താവായ യേശുക്രിസ്തുവിൻെറ കൃപ നിങ്ങളോടുകൂടി ഉണ്ടായിക്കട്ടെ'' (റോമ 16:19-20).

## ലോകത്തിനു പ്രകാശം

അല്മായർ നിർവഹിക്കേണ്ട പ്രേഷിതധർമ്മത്തിനു രണ്ടു മുഖങ്ങളുണ്ട്. അജപാലകരുടെ അപ്പസ്തോലിക ദൗത്യത്തിലുള്ള സഹകരണവും അല്മായർക്കുമാത്രം നിർവ്വഹിക്കാനാവുന്ന ദൗത്യങ്ങളുടെ നിർവ്വഹണവുമാണവ. ചില രംഗങ്ങളിൽ ഭൂമിയുടെ ഉപ്പായി പ്രവർത്തിക്കാൻ സഭയിലെ സന്ന്യസ്തർക്കോ വൈദികർക്കോ സാദ്ധ്യമല്ല. അത്തരം സ്ഥലങ്ങളിലും സാഹചര്യങ്ങളിലും സഭ പ്രവേശിക്കുന്നതും പ്രവർത്തിക്കുന്നതും അല്മായർ വഴിയാണ് (തിരുസഭ 33; അല്മായ വിശ്വാസികൾ 7; അല്മായ പ്രേഷിതത്വം 13). ''ഓരോ അല്മായനും ..... സഭയുടെ ദൗത്യത്തിന് സാക്ഷിയും സജീവമായ ഉപകരണവുമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു'' (തിരുസഭ 33). എല്ലാത്തരക്കാരായ ജനങ്ങളുമായി നിരന്തരസമ്പർക്കത്തിലാണ് അല്മായർ. വ്യത്യസ്തങ്ങളായ സാഹചര്യങ്ങളിൽ അവർ പണിയെടുക്കുന്നു. അല്മായർ തങ്ങളുടെ ദൗത്യം നിർവ്വഹിക്കേണ്ടതു പ്രധാനമായും തങ്ങൾ പ്രവർത്തിക്കുന്ന മേഖലകളിൽ ആണ്.

സാമൂഹികവും രാഷ്ട്രീയവുമായ മേഖലകളിൽ അല്മായനു നിർണ്ണായകമായ പങ്കുണ്ട്. സമൂഹത്തിൻെറ ചിന്താഗതിയിലും ജീവിത രീതിയിലും നിയമങ്ങളിലും ഘടനയിലും ക്രിസ്തീയ ചൈതന്യം നിവേശിപ്പിക്കുക അല്മായൻെറ ദൗത്യമാണ് (അല്മായ പ്രേഷിതത്വം 13). വിശ്വാസ പൂർവ്വകമായ ജീവിതമാണ് ഇതിനുള്ള മുഖ്യ മാർഗ്ഗം. വിശ്വാസജീവിതം നയിക്കുന്നതു വഴിയാണ് അവർ ലോകത്തിൻെറ പ്രകാശമാകുന്നത് (മത്താ. 5:14). വഴിയും സത്യവും ജീവനുമായ ക്രിസ്തുവിനെ അവർ പ്രതിനിധാനം ചെയ്യണം. വചനം വഴി ക്രി



ഏ.ജെ. ജോൺ-കരയറ്റ
രാഷ്ട്രതന്ത്രജ്ഞൻ

സ്തുവിൻെറ സന്ദേശം പകർന്നുകൊടുക്കുകയെന്നതും അല്മായരുടെ ദൗത്യം ആണ്. രാഷ്ട്രീയാധികാരികൾ നീതിപൂർവ്വം വർത്തിക്കാനും സാന്മാർഗ്ഗിക തത്ത്വങ്ങൾക്കും പൊതു നന്മയ്ക്കും അനുഗുണമായി നിയമനിർമ്മാണം നടത്താനും ഇടവരത്തക്കവിധം രാഷ്ട്രത്തിൻെറ മനസ്സാക്ഷിയായി വർത്തിക്കാൻ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അല്മായർക്കു സാധിക്കണം. സർക്കാർഉദ്യോഗങ്ങൾ വഹിക്കുന്ന അല്മായർക്കു നീതിയുടെയും സത്യസന്ധതയുടെയും മാർഗ്ഗദീപങ്ങളായിക്കൊണ്ട് പൊതുജീവിതം ക്രൈസ്തവീകരിക്കാൻ കഴിയും.

മനുഷ്യരക്ഷയ്ക്കായിട്ടാണല്ലോ യേശുനാഥൻ സഭ സ്ഥാപിച്ചത്. രക്ഷയാകട്ടെ സമഗ്രവിമോചനവുമാണ് (ലൂക്കാ 4:16-20). ഈ വിമോചന പ്രക്രിയയിൽ പങ്കുകാരാകാൻ വിളിക്കപ്പെട്ടവരാണ് അല്മായരും. മനുഷ്യമഹത്വത്തിനു നിരക്കാത്ത സകലതിൽ നിന്നും മനുഷ്യനെ മോചിപ്പിക്കുക എന്നതാണ് ക്രൈസ്തവ ദൗത്യം. നീതിയും സമാധാനവും സ്ഥാപിക്കുന്ന പ്രവർത്തനങ്ങളിൽ അല്മായ സഹോദരങ്ങൾ ഏർപ്പെടണം. പ്രാർത്ഥനയിലൂടെ ലോകത്തെ ദൈവത്തിനു വീണ്ടും സമർപ്പിക്കുകയും ചെയ്യണം.



ഷെവലിയർ എൽ.എം. പൈലി-
വിദ്യാഭ്യാസ മണ്ഡലത്തിലെ
ഒരു അതികായൻ

മുൻപറഞ്ഞവയുടെ വെളിച്ചത്തിൽ തിരുസഭയിൽ സന്ന്യാസികൾക്കും വൈദികർക്കും ഉള്ളതുപോലെ സ്വന്തമായൊരു ദൗത്യം അല്മായർക്കും ഉണ്ട്. ഭൗതിക സാഹചര്യങ്ങളെ അതിൻെറ മധ്യത്തിൽ നിലയുറപ്പിച്ചുകൊണ്ട് സുവിശേഷ ചൈതന്യത്താൽ പൂരിതമാക്കുകയെന്നതാണ് ഈ ദൗത്യം.

## സഭയിലെ കർമ്മരംഗങ്ങൾ

ലോകത്തിൽ മാത്രമല്ല സഭയ്ക്കുള്ളിലും അല്മായർക്കു കർമ്മരംഗങ്ങളുണ്ട്. യഥാർത്ഥ ദൗത്യബോധത്തോടെ അല്മായർ സഭയിലെ സ്വസഹോദരങ്ങളുടെ കുറവുകൾ പരിഹരിക്കാനും അവർക്ക് ആദ്ധ്യാത്മിക പ്രചോദനം നല്കാനും ശ്രമിക്കണം (1 കൊറി. 16:17-18). ആരാധനാജീവിതത്തിൽ സജീവമായി പങ്കെടുക്കുക, സഭാജീവിതത്തിൽനിന്ന് അകന്നു നില്ക്കുന്നവരെ സഭയിലേക്കാനയിക്കുക, മതബോധനത്തിൽ സഹായിക്കുക എന്നിവ അല്മായർക്കു ചെയ്യാവുന്നകാര്യങ്ങളാണ്. ഇടവകതലത്തിലും രൂപതാതലത്തിലും വൈദികരോടും മെത്രാനോടും സഹകരിച്ചാണ് അല്മായർ പ്രവർത്തിക്കേണ്ടത്. സുവിശേഷവത്കരണ പ്രവർത്തനങ്ങൾക്കായി ആളുകൊണ്ടും അർത്ഥംകൊണ്ടും സഹകരിക്കാൻ അല്മായർ തയ്യാറാകണം.

സഭാജീവിതത്തിൽ അല്മായർക്കു ഭാഗഭാഗിത്വം നല്കുന്ന പ്രവർത്തനവേദികളാണ് 'രൂപതാ പാസ്റ്ററൽ കൗൺസിൽ', 'ഇടവക കൗൺസിൽ' തുടങ്ങിയവ. ദൈവത്തിൻെറ കുടുംബവും ദൈവാരൂപിയുടെ സംഗമസ്ഥാനവുമായ ഇടവക അല്മായൻെറ ഒരു പ്രധാന പ്രവർത്തനരംഗമാണ്.

## സംഘടിച്ചു ശക്തരാകണം

അല്മായർക്കു വ്യക്തിപരമായി മാത്രമല്ല സംഘടിച്ചും പ്രവർത്തിക്കാനാകും. ''സംഘടനാ പ്രവർത്തനത്തിൻെറ പുതുയുഗ''മെന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ വിശേഷിപ്പിക്കുന്ന ഈ കാലഘട്ടം സംഘടനകൾ വഴി അല്മായൻെറ കർമ്മനൈപുണ്യം തെളിയിക്കാൻ പറ്റിയതാണ്. ''അല്മായ വിശ്വാസികൾ'' എന്ന പ്രബോധനത്തിൽ സംഘടനാ പ്രവർത്തനത്തിൻെറ ഒരു മാർഗ്ഗരേഖയുണ്ട്. നിലവിലുള്ളതോ പുതുതായുണ്ടാക്കുന്നതോ ആയ സംഘടനകൾ സഭാത്മകമാകണമെങ്കിൽ അവയ്ക്ക് താഴെപ്പറയുന്ന സവിശേഷതകൾ ഉണ്ടായിരിക്കണമെന്ന് പരിശുദ്ധപിതാവ് അനുശാസിക്കുന്നു.

1. വിശുദ്ധിയിലേക്കുള്ള വിളിക്കു നല്കുന്ന പ്രാധാന്യം.
2. കത്തോലിക്കാവിശ്വാസം പ്രഖ്യാപിക്കുന്നതിലുള്ള പ്രതി

ജ്ഞാബദ്ധത.

3. സഭയിലെ കൂട്ടായ്മക്കു നല്കുന്ന സാക്ഷ്യം.

4. സുവിശേഷവത്കരണ ദൗത്യത്തിലുള്ള സഹകരണം.

5. സാമൂഹിക കാര്യങ്ങളിലുള്ള ഔത്സുക്യം.

ഈ സവിശേഷതകളുടെ കാലികമായ പ്രസക്തി ശ്രദ്ധേയമാണ്.

കുടുംബമാണ് അല്മായർക്കു പ്രവർത്തിക്കാനുള്ള പ്രഥമ വേദി. ''ക്രൈസ്തവദമ്പതികൾ, പരസ്പരവും തങ്ങളുടെ സന്താനങ്ങൾക്കും മറ്റുള്ളവർക്കും വിശ്വാസത്തിനു സാക്ഷികളും പ്രസാദവരത്തിൻെറ സഹപ്രവർത്തകരുമായിരിക്കണം'' (അല്മായ പ്രേഷിതത്വം 11). പരസ്പര സ്നേഹം നിലനിർത്തുക, നിത്യേനയുള്ള കുടുംബപ്രാർത്ഥന നടത്തുക, കുടുംബാംഗങ്ങളെല്ലാവരും സജീവമായി ആരാധനക്രമത്തിൽ പങ്കെടുക്കുക, അയൽക്കാരെ സഹായിക്കുക, വിദ്യാഭ്യാസകാര്യത്തിൽ പൊതുവായും മതബോധനകാര്യത്തിൽ പ്രത്യേകമായും സഹകരിക്കുക, കുടുംബകലഹങ്ങൾ ശമിപ്പിക്കുക, വൃദ്ധജനങ്ങളുടെ ആവശ്യങ്ങൾ സാധിച്ചുകൊടുക്കുക എന്നിവ അല്മായരുടെ ദൗത്യങ്ങളാണ്. ഇടവകകളിൽ പ്രവർത്തിക്കുന്ന കുടുംബയോഗങ്ങൾ അഥവാ അയൽക്കൂട്ടങ്ങൾ, അനൗപചാരിക മതബോധനത്തിനുള്ള അവസരമൊരുക്കുന്നുണ്ട്.

## പരിശീലനം

അല്മായർക്കു ക്രൈസ്തവജീവിതത്തിനും പ്രേഷിതദൗത്യത്തിനും പരിശീലനം ആവശ്യമാണ്. മുന്തിരിച്ചെടിയുടെ ഉപമയിൽ കാണുന്ന വെട്ടിയൊരുക്കൽപോലെ യുക്തമായ പരിശീലനം ഉണ്ടെങ്കിലേ അവർ കൂടുതൽ ഫലം പുറപ്പെടുവിക്കൂ. അവർക്കു നല്കുന്ന പരിശീലനത്തിൻെറ പ്രഥമലക്ഷ്യം അല്മായവിളിയെക്കുറിച്ചുള്ള തെളിഞ്ഞ ദർശനം നല്കുകയെന്നതായിരിക്കണം. അല്മായ പരിശീലനത്തിൻെറ പ്രധാനപ്പെട്ട ഒരു ഘടകമാണു താത്ത്വിക പരിശീലനം. ബൈബിൾ, ദൈവശാസ്ത്രം എന്നിവയോടൊപ്പം സഭയുടെ സാമൂഹിക പ്രബോധനത്തെക്കുറിച്ചും മാനുഷി കമൂല്യങ്ങളെക്കുറിച്ചും അവർക്ക് അറിവു നല്കേ

ണ്ടതാണ്.

അല്മായർക്ക് ഇത്തരം പരിശീലനം നല്കുന്ന അന്തർദ്ദേശീയവും ദേശീയവും പ്രാദേശികവുമായ സ്ഥാപനങ്ങൾ ഉണ്ട്. കേരളത്തിൽ രൂപതാ കേന്ദ്രങ്ങളിലും കേരള കാത്തലിക് ബിഷപ്സ് കൗൺസിലിന്റെ കീഴിലുള്ള പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിലും (പി.ഒ.സി) പരിശീലന പരിപാടികൾ നടക്കുന്നുണ്ട്.

ദേശീയ തലത്തിൽ ബാംഗ്ലൂരുള്ള നാഷണൽ ബിബ്ലിക്കൽ കാറ്റക്കെറ്റിക്കൽ ലിറ്റർജിക്കൽ സെന്ററിലും (എൻ. ബി. സി. എൽ. സി) ഈ ദൃശ കോഴ്സുകൾ നടക്കുന്നുണ്ട്.

**ഉത്തരങ്ങൾ പഠിക്കുക**

1. ആരാണ് അല്മായർ? അല്മായരുടെ സ്ഥാനത്തെപ്പറ്റി രണ്ടാം വത്തിക്കാൻ കൗൺസിൽ എന്തു പഠിപ്പിക്കുന്നു?
2. അല്മായർ യേശുവിന്റെ പ്രവാചകദൗത്യത്തിലും രാജത്വത്തിലും പങ്കു ചേരുന്നതെങ്ങനെ?
3. അജപാലകരും അല്മായരും സഭാകുടുംബത്തിൽ അന്യോന്യം പൂരകങ്ങളായി വർത്തിക്കണമെന്ന ആശയം വിശദമാക്കുക.
4. ആദിമസഭയിൽ അല്മായ പ്രവർത്തനം ശ്രദ്ധാർഹവും മാതൃകാപരവുമായിരുന്നു. വ്യക്തമാക്കുക.
5. അല്മായർക്കു മാത്രം നിർവ്വഹിക്കാവുന്ന ദൗത്യങ്ങൾ ഏവ?
6. അല്മായ സംഘടനകൾക്കുണ്ടായിരിക്കേണ്ട സവിശേഷതകൾ ഏവ?
7. കുടുംബമാണ് അല്മായർക്കു പ്രവർത്തിക്കാനുള്ള പ്രഥമ വേദി- ആശയം വിശദമാക്കുക.

**പ്രാവർത്തികമാക്കുക**

1. അല്മായ പ്രേഷിതത്വത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ ഡിക്രി വായിച്ച് ആശയങ്ങൾ സംഗ്രഹിക്കുക.
2. 'സഭയിൽ അല്മായർക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ഒരു ഉപന്യാസം തയ്യാറാക്കുക.

**ചർച്ച ചെയ്യുക**

1. അല്മായർക്കു സഭയിൽ നിർണ്ണായകമായ പങ്കു വഹിക്കാനുണ്ട്. വിവിധ മേഖലകൾ ചർച്ചചെയ്ത് കണ്ടുപിടിക്കുക.
2. അല്മായരുടെ പരിശീലനത്തിനായി ഇടവകതലത്തിൽ നടത്താവുന്ന പരിപാടികൾ ഏവയെന്നു ചർച്ചചെയ്യുക.

# 6

# സഭയുടെ സാമൂഹിക പ്രബോധനങ്ങൾ

മനുഷ്യൻ ഒരു സമൂഹജീവിയാണ്. ഒറ്റപ്പെട്ടു ജീവിക്കുക അവനു സാധ്യമല്ല. സമൂഹത്തെക്കൂടാതെ വളരാനോ വികസിക്കാനോ വ്യക്തിക്കു കഴിയുകയില്ല. മറ്റുള്ളവരുമായി ചേർന്നു ജീവിക്കാനും പ്രവർത്തിക്കാനും എല്ലാ മനുഷ്യർക്കും സ്വാഭാവികമായി താത്പര്യമുണ്ട്. അനേകം വ്യക്തികളുടെ പരസ്പരബന്ധത്തിൽ നിന്നാണു സമൂഹം രൂപം കൊള്ളുന്നത്. ഈ ബന്ധമാകട്ടെ, രാഷ്ട്രം, മതം, സമൂഹം, സംസ്കാരം തുടങ്ങിയ വിവിധ മണ്ഡലങ്ങളിലൂടെയാണു പ്രകാശിതമാകുന്നത്. വ്യക്തികൾക്കു സമൂഹത്തോടും സമൂഹത്തിനു വ്യക്തികളോടും ചില കടപ്പാടുകളും കടമകളുമുണ്ട്. വ്യക്തികളുടെ വളർച്ചയ്ക്കും വികസനത്തിനും വേണ്ടി സമൂഹവും സമൂഹത്തിൻെറ പൊതു നന്മയ്ക്കായി വ്യക്തികളും പരിശ്രമിക്കേണ്ടതാണ്.

## സാമൂഹിക പ്രബോധനങ്ങൾ

സാമൂഹിക സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിൽ നാം പാലിക്കേണ്ട തത്ത്വങ്ങൾ സഭ തൻെറ പ്രബോധനാധികാരം ഉപയോഗിച്ചു നല്കുന്നുണ്ട്. ഇവയാണു സഭയുടെ സാമൂഹിക പ്രബോധനം എന്ന പേരിൽ അറിയപ്പെടുന്നത്.

വിശുദ്ധ ലിഖിതങ്ങൾ, സഭാപിതാക്കന്മാരുടെ വിശകലനങ്ങൾ, ദൈവശാസ്ത്രജ്ഞന്മാരുടെ പഠനങ്ങൾ, സ്വാഭാവികനിയമം എന്നിവയെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ളതാണ്, സഭയുടെ സാമൂഹിക പ്രബോധനം. ഓരോ സാഹചര്യത്തെയും പ്രശ്നത്തെയും സംബന്ധിച്ച ദൈവഹിതം കണ്ടെത്താനും അത

നുസരിച്ചു പ്രവർത്തിക്കാനും നമ്മെ സഹായിക്കുകയെന്നതാണ് ഈ പ്രബോധനത്തിൻെറ ലക്ഷ്യം.



ലെയോ പതിമ്മൂന്നാമൻ-റേരും നൊവാരുമിൻെറ കർത്താവ്.

മാർപാപ്പമാരുടെ തിരുവെഴുത്തുകൾ, സൂനഹദോസ് ഡിക്രികൾ, മെത്രാന്മാരുടെ ദേശീയവും അന്തർദ്ദേശീയവുമായ സമിതികളുടെ പഠനങ്ങൾ തുടങ്ങിയവയിലൂടെയാണ് ഈ പ്രബോധനം രൂപം കൊള്ളുന്നത്. 1891 മെയ് 15-ന് ലെയോ പതിമ്മൂന്നാമൻ മാർപാപ്പ പുറപ്പെടുവിച്ച റേരും നൊവാരും എന്ന ചാക്രിക ലേഖനം സഭയുടെ സാമൂഹിക പ്രബോധനങ്ങൾക്കു നിയതമായ ഒരു രൂപം നല്കുകയുണ്ടായി. അതേത്തുടർന്ന് സാമൂഹിക പ്രബോധനപരമായ ഏഴ് ചാക്രിക ലേഖനങ്ങളും ഒരു അപ്പസ്തോലിക ലേഖനവും കൂടി മാർപാപ്പമാർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവയിലെ മുഖ്യപ്രമേയങ്ങൾ ചുവടെ ചേർക്കുന്നു:

## 1. റേരും നൊവാരും (തൊഴിലാളികളുടെ അവസ്ഥ)

വ്യാവസായിക വിപ്ലവത്തിൻെറ പരിണതഫലമായുണ്ടായ ചൂഷണവും അനീതിയുമാണ് ഈ ചാക്രിക ലേഖനം എഴുതു

വാൻ സാഹചര്യം സൃഷ്ടിച്ചത്. തൊഴിലാളികളുടെയും മുതലാളികളുടെയും അവകാശങ്ങളും കടമകളും സവിസ്തരം ഇതിൽ പ്രതിപാദിക്കുന്നു. തൊഴിലാളികളുടെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും ഇതിലുണ്ട്. തൊഴിലാളികളുടെ പ്രശ്നങ്ങളുടെ പരിഹാരത്തിനു മതവും സഭയും ആവശ്യമാണെന്നും മാർക്സിസ്റ്റ് സോഷ്യലിസം നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം അപര്യാപ്തവും അപകടകരവുമാണെന്നും ഈ ചാക്രിക ലേഖനം ഊന്നിപ്പറയുന്നു. സാമൂഹികക്രമത്തിൻെറ മാഗ്നാകാർട്ടാ എന്നും തൊഴിലാളികളുടെ അവകാശ പത്രിക എന്നും ഇതു വിശേഷിപ്പിക്കപ്പെടുന്നു.

## 2. ക്വാദ്രാജേസിമോ അന്നോ (നാല്പതാം വർഷത്തിൽ)

റേരും നൊവാരും എന്ന ചാക്രിക ലേഖനം പുറപ്പെടുവിച്ചതിൻെറ നാല്പതാം വർഷത്തിൽ, 1931 മെയ് 15-ന്, പതിനൊന്നാം പീയൂസ് മാർപാപ്പ പുറപ്പെടുവിച്ചതാണീ ചാക്രിക ലേഖനം. ഇതിൽ റേരും നൊവാരുമിനെ സാധൂകരിക്കുകയും അതിലെ പ്രതിപാദ്യങ്ങളെ ഒന്നുകൂടെ വ്യാഖ്യാനിക്കുകയും ചെയ്യുന്നു. അതോടൊപ്പം സമകാലീന സാമൂഹിക പ്രശ്നങ്ങൾക്കു ക്രൈസ്തവമായ പരിഹാരം നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. വിശ്വാസം ഉപേക്ഷിച്ച് സോഷ്യലിസത്തിലേക്കു പോയവരെ വിശ്വാസത്തിലേക്ക് ഇതു ക്ഷണിക്കുന്നു. ക്രൈസ്തവതത്ത്വങ്ങൾ ജീവിതത്തിൽ പകർത്താൻ ഇത് ഉദ്ബോധിപ്പിക്കുന്നു.

## 3. മാത്തെർ ഏത്ത് മജിസ്ത്ര (മാതാവും ഗുരുനാഥയും)

ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ 1961 മെയ് 15-ന് പുറപ്പെടുവിച്ച ഈ ചാക്രിക ലേഖനം ''ക്രിസ്തുമതവും സാമൂഹിക പുരോഗതിയും'' എന്നറിയപ്പെടുന്നു. പരമ്പരാഗതങ്ങളല്ലാത്ത പല വിഷയങ്ങളും ഇതിൽ ചർച്ച ചെയ്യുന്നുണ്ട്. കാർഷിക വൃത്തിയെയും കർഷകത്തൊഴിലാളികളേയും സംബന്ധിച്ച് ഇതിൽ സവിസ്തരം പ്രതിപാതിക്കുന്നു. വികസ്വരരാജ്യങ്ങൾക്കു സഹായം നല്കുക എന്ന വിഷയം ആദ്യമായി ചർച്ചചെയ്യുന്ന ലേഖനമാണിത്. രാഷ്ട്രത്തിനു നിർവ്വഹിക്കുവാനുള്ള കടമയെപ്പറ്റി പ്രതിപാദിക്കുക വഴി പുതിയൊരു രാഷ്ട്രവീക്ഷണം തന്നെ

രൂപപ്പെടുത്തുവാൻ ഇതിനു സാധിച്ചിട്ടുണ്ട്.

### 4. പാച്ചെം ഇൻ തേറിസ് (ഭൂമിയിൽ സമാധാനം)

ഭൂമിയിൽ സമാധാനം സ്ഥാപിക്കാനും നിലനിർത്താനും വ്യക്തികളും രാഷ്ട്രങ്ങളും നിറവേറ്റേണ്ട കടമകളും അനുഭവിക്കേണ്ട അവകാശങ്ങളുമാണ് ഇതിലെ പ്രതിപാദ്യം. 1963 ഏപ്രിൽ 11-ാം തീയതി ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയാണിതു പുറപ്പെടുവിച്ചത്. വ്യക്തികൾ തമ്മിലും, വ്യക്തികളും രാഷ്ട്രവും തമ്മിലും, രാഷ്ട്രങ്ങൾ തമ്മിലുമുള്ള ബന്ധങ്ങളിൽ നിലനില്ക്കേണ്ട കടമകളും അവകാശങ്ങളും ഇതിൽ വ്യക്തമാക്കുന്നു.

### 5. പോപ്പുളോരും പ്രോഗ്രെസിയോ (ജനതകളുടെ പുരോഗതി)

പോൾ ആറാമൻ മാർപാപ്പ 1967 മാർച്ച് 26-ന് പുറപ്പെടുവിച്ച ചാക്രികലേഖനമാണിത്. സമ്പന്ന രാഷ്ട്രങ്ങളും ദരിദ്രരാഷ്ട്രങ്ങളും തമ്മിലുള്ള ബന്ധമാണ് ഇതിലെ പ്രധാന പ്രമേയം. രാഷ്ട്രങ്ങൾക്കിടയിലുള്ള സാമ്പത്തികാസമത്വത്തിൻെറ കാരണങ്ങൾ അപഗ്രഥിച്ച് അതിൻെറ പരിഹാരം ഇതു നിർദ്ദേശിക്കുന്നു. സാമൂഹിക പ്രശ്നം സാർവ്വത്രികമായിരിക്കുന്നുവെന്ന് ആദ്യമായി ഊന്നിപ്പറയുന്ന ലേഖനമാണിത്.

### 6. ഒക്തോജേസിമാ അദ്വേനിയേൻസ് (ആസന്നമായ എൺപതാം വാർഷികം)

അല്മായർക്കുള്ള സംഘടനയുടെയും ''നീതിയും സമാധാനവും'' എന്ന പൊന്തിഫിക്കൽ കമ്മീഷൻെറയും പ്രസിഡൻറായ കാർഡിനൽ മൗരീസ് റോയിക്ക് പോൾ ആറാമൻ മാർപാപ്പ എഴുതിയ ഒരു അപ്പസ്തോലിക ലേഖനമാണിത്. ഇതിൻെറ രൂപവും ഭാവവും ഒരു ചാക്രികലേഖനത്തിൻേറതു തന്നെയാണ്. 1971 മെയ് 14-ന് പ്രസിദ്ധീകരിച്ച ഇതിൽ സഭയുടെ സാമൂഹികപ്രബോധനം സ്ഥലകാലങ്ങളനുസരിച്ച് നടപ്പിലാക്കാൻ ആഹ്വാനം ചെയ്യുന്നു. ഈ ലേഖനം സോഷ്യലിസത്തെയും മാർക്സിസത്തെയും വിമർശിക്കുകയും ഏറ്റവും വിപ്ലവകരമായ പ്രത്യയശാസ്ത്രങ്ങൾ യജമാനന്മാരെ മാറ്റി പ്രതിഷ്ഠിക്കുകയേ

ഉള്ളുവെന്ന് ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

## 7. ലബോറെം എക്സെർച്ചേൻസ് (തൊഴിൽ)

റേരും നൊവാരുമിൻെറ തൊണ്ണൂറാം വാർഷികം പ്രമാണിച്ച് ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1981 സെപ്തംബർ 14-ന് പുറപ്പെടുവിച്ചതാണ് ഈ ചാക്രിക ലേഖനം. തൊഴിലിനെപ്പറ്റി സവിസ്തരം പ്രതിപാദിച്ച് അതിൻെറ മഹത്വം ഇത് വ്യക്തമാക്കുന്നു. മൂലധനത്തേക്കാൾ തൊഴിലിനുപ്രാധാന്യം കല്പിക്കണമെന്നും വ്യവസായത്തിൻെറ ഉടമസ്ഥതയിലും നടത്തിപ്പിലും തൊഴിലാളികൾക്കും പങ്കുണ്ടായിരിക്കണമെന്നും ഇതിൽ പ്രസ്താവിക്കുന്നു. വർഗ്ഗസമരസിദ്ധാന്തത്തെ തള്ളിപ്പറയുന്നതോടൊപ്പം തൊഴിൽ മനുഷ്യമഹത്വത്തെ വർദ്ധിപ്പിക്കുന്നുവെന്നും എല്ലാവർക്കും തൊഴിൽ ലഭിക്കണമെന്നും ഇതിൽ എടുത്തു പറയുകയും ചെയ്തിട്ടുണ്ട്.

## 8. സൊള്ളിച്ചിത്തുദോ റേയി സോച്യാലിസ് (സാമൂഹികൗത്സുക്യം)

ജോൺ പോൾ രണ്ടാമൻ മാർപാപ്പ 1987 ഡിസംബർ 30 ന് പുറപ്പെടുവിച്ച ഈ ചാക്രിക ലേഖനം സാമൂഹിക പ്രശ്നങ്ങളെ സംബന്ധിച്ചു സഭയ്ക്കുള്ള ഔത്സുക്യത്തെപ്പറ്റി പ്രതിപാദിക്കുന്നു. മനുഷ്യൻെറ സാമൂഹികപ്രശ്നങ്ങളിൽ സഭയ്ക്ക് എന്നും താത്പര്യമുണ്ട് എന്ന സത്യം ഒന്നുകൂടി ആവർത്തിക്കുകയാണിതിൽ. ചൂഷണം, നിരക്ഷരത, തൊഴിലില്ലായ്മ, അവികസിതത്വം, അതിവികസിതത്വം, ദാരിദ്ര്യം, പ്രത്യയശാസ്ത്രങ്ങളുടെ സംഘട്ടനം, ശീതസമരം, ജനനനിയന്ത്രണം തുടങ്ങി ആധുനിക ലോകത്തിൻെറ സാമൂഹിക പ്രശ്നങ്ങളെപ്പറ്റി ഇതിൽ പ്രതിപാദിക്കുന്നുണ്ട്. ലോകസമ്പത്തിൻെറ നീതിപൂർവ്വകമായ വിതരണം ക്രൈസ്തവ മാർഗ്ഗത്തിലൂടെ മാത്രമേ സാധിക്കുകയുള്ളു എന്ന് ഇതിൽ എടുത്തു പറയുന്നു.

## 9. ചെന്തേസിമൂസ് അന്നൂസ് (നൂറാം വർഷം)

റേരും നൊവാരുമിൻെറ നൂറാം വാർഷികം പ്രമാണിച്ച് 1991 മെയ് 1-ന് ജോൺ പോൾ മാർപാപ്പയാണിതു പുറപ്പെടുവിച്ചത്. റേരും നൊവാരുമിൻെറ ഒരപഗ്രഥനമാണിതിൻെറ ആദ്യഭാഗം.

കമ്മ്യൂണിസത്തിനു നേരിട്ട അനിവാര്യമായ തകർച്ചയും അതിന്റെ കാരണങ്ങളും ഇതിൽ വ്യക്തമാക്കുന്നു. ആധുനികലോകസമൂഹത്തിലെ നിരവധിയായ പ്രശ്നങ്ങൾ സഭയുടെ അടിസ്ഥാന സിദ്ധാന്തങ്ങളുടെ വെളിച്ചത്തിൽ വിശകലനം ചെയ്യുകയും അവയ്ക്കു പരിഹാരമാർഗ്ഗം നിർദ്ദേശിക്കുകയും ചെയ്യുന്നു.

## സാമൂഹിക പ്രബോധനത്തിന്റെ പ്രസക്തി

ക്രൈസ്തവജീവിതത്തിൽ ഈ പ്രബോധനങ്ങൾക്കു കാര്യമായ പ്രാധാന്യമുണ്ട്. ഇവയനുസരിച്ച് വേണം ക്രൈസ്തവർ സാമൂഹിക - സാമ്പത്തിക-രാഷ്ട്രീയ മേഖലകളിലെ തങ്ങളുടെ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുവാൻ. മനുഷ്യസമൂഹം നേരിടുന്ന നിരവധി പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ ഉപയുക്തമായ തത്ത്വങ്ങൾ സഭ തന്റെ സാമൂഹിക പ്രബോധനങ്ങളിലൂടെ നല്കുന്നുണ്ട്. എല്ലാ വിശ്വാസികളും ഇവ അറിഞ്ഞിരിക്കേണ്ടതും പ്രയോഗത്തിൽ വരുത്താൻ പരിശ്രമിക്കേണ്ടതുമാണ്.



*ജോൺ പോൾ രണ്ടാമൻ-ഇന്നിന്റെ ധാർമ്മിക ശക്തി*

സഭയുടെ സാമൂഹിക പഠനങ്ങൾക്ക് അതിന്റേതായ പരിമിതികളുണ്ടെന്ന വസ്തുത നാം ഓർത്തിരിക്കണം. സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ തത്ത്വങ്ങളും മൂല്യ

ങ്ങളും ചൂണ്ടിക്കാണിക്കുന്നതിനു മാത്രമേ സഭയ്ക്ക് അധികാരവും കഴിവും ഉള്ളു. സാങ്കേതിക നിർദ്ദേശങ്ങൾ നല്കുക സഭയുടെ അധികാരപരിധിയിൽപ്പെടുന്നതല്ല. ഉദാഹരണത്തിന് സാർവ്വത്രിക സാഹോദര്യം, ലോകനീതി തുടങ്ങിയ മൂല്യങ്ങളെപ്പറ്റി പഠിപ്പിക്കുന്ന സഭ അവ പ്രാവർത്തികമാക്കുന്നതിനാവശ്യമായ വ്യവസ്ഥിതികൾ എന്തായിരിക്കണമെന്നു നിർദ്ദേശിക്കുന്നില്ല. സാമൂഹിക ശാസ്ത്രജ്ഞൻമാരുടെ മേഖലയാണത്.

## സാമൂഹിക പഠനത്തിൻെറ ഉള്ളടക്കം

ക്യാപ്പിറ്റലിസം, മാർക്സിസ്റ്റ് സോഷ്യലിസം തുടങ്ങിയ പ്രത്യയശാസ്ത്രങ്ങളോടുള്ള പ്രതികരണമായിട്ടാണു സഭയുടെ സാമൂഹിക പഠനം വളർന്നത്. ഈ പഠനം എളുപ്പം മനസ്സിലാക്കുന്നതിന് ഈ പ്രത്യയശാസ്ത്രങ്ങൾ പരിചയപ്പെടേണ്ടതുണ്ട്.

### 1. മാർക്സിസ്റ്റ് സോഷ്യലിസം:

അവനവന് ആവശ്യമായതു ലഭിക്കുകയും അവനവൻെറ കഴിവനുസരിച്ച് സമൂഹത്തിനായി അദ്ധ്വാനിക്കുകയും ചെയ്യുക എന്നതാണ് സോഷ്യലിസത്തിൻെറ അന്തഃസത്ത. സാമ്പത്തിക സ്ഥിതിസമത്വത്തിനു വേണ്ടിയാണിതു നിലകൊള്ളുന്നത്. ഉന്നതമായൊരു ആദർശമാണിതെന്നതിനു തർക്കമില്ല. പക്ഷേ, അതിൻെറ സാക്ഷാത്കാരത്തിനായി സോഷ്യലിസ്റ്റ് ചിന്തകർ നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ അപര്യാപ്തങ്ങളും അപകടകരങ്ങളുമാണ്. സ്വകാര്യ സ്വത്തുക്കളുടെ നിഷേധം, ലക്ഷ്യ സാധ്യത്തിനായി അക്രമ മാർഗ്ഗം സ്വീകരിക്കണമെന്ന തത്ത്വം, ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കുമെന്ന വാദം തുടങ്ങിയവ ഇതിൻെറ പ്രത്യേകതകളാണ്. മതജീവിതം നയിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള അവകാശം സോഷ്യലിസം നിഷേധിക്കുമെന്ന സത്യം സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് രാജ്യങ്ങളുടെ ചരിത്രം തെളിയിച്ചിരിക്കുകയാണ്.

### 2. ക്യാപ്പിറ്റലിസം

വ്യാവസായിക വിപ്ലവത്തിൻെറ തൊട്ടു മുൻപ് രൂപപ്പെട്ട മുതലാളിത്ത സാമ്പത്തിക ചിന്തയാണു ക്യാപ്പിറ്റലിസം എന്ന പേരിൽ അറിയപ്പെടുന്നത്. വ്യവസായ-വ്യാപാര മേഖലകളിൽ

നടക്കുന്ന കടുത്ത ചൂഷണത്തിനും അനീതിക്കും വഴിയൊരുക്കിയത് ഈ പ്രത്യയശാസ്ത്രമാണ്. മനുഷ്യൻ മൗലികമായി സ്വാർത്ഥനാണെന്നും ഈ സ്വാർത്ഥതയെ അംഗീകരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്താൽ സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിയുമെന്നും ക്യാപ്പിറ്റലിസം കരുതുന്നു.

സാമ്പത്തിക വ്യാപാരങ്ങൾ ''ലഭ്യതയും ആവശ്യവും'' എന്ന തത്ത്വം (Principle of Supply and Demand) വഴി നിയന്ത്രിക്കപ്പെട്ടുകൊള്ളും; യാതൊരു വിധ ബാഹ്യ നിയന്ത്രണങ്ങളും സാമ്പത്തിക വ്യാപാരങ്ങളിൽ ഉണ്ടാകരുത്; കടുത്ത മത്സരമാകണം സാമ്പത്തിക വ്യാപാരങ്ങളുടെ അടിത്തറ എന്നിങ്ങനെ ക്യാപ്പിറ്റലിസ്റ്റുകൾ വാദിക്കുന്നു. സ്വകാര്യ സ്വത്തിൻെറ മേൽ ഉടമയ്ക്കു പൂർണ്ണ അധികാരമുണ്ടായിരിക്കണമെന്നതു ക്യാപ്പിറ്റലിസത്തിൻെറ മൗലിക തത്ത്വമാണ്.

മേല്പ്പറഞ്ഞ പ്രത്യയശാസ്ത്രങ്ങൾ മനുഷ്യാവകാശങ്ങളെയും മനുഷ്യമഹത്വത്തെയും എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്നു സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ വെളിച്ചത്തിൽ കാണാം:

## മനുഷ്യവ്യക്തിയും അവകാശങ്ങളും

സഭയുടെ സാമൂഹിക പ്രബോധനം മനുഷ്യവ്യക്തിക്ക് അതുല്യമായ പ്രാധാന്യം നല്കുന്നുണ്ട്. വ്യക്തിയാണു സാമ്പത്തികതയുടെ മാനദണ്ഡമെന്ന് അതു പഠിപ്പിക്കുന്നു. പ്രപഞ്ചം മുഴുവൻ മനുഷ്യനു വേണ്ടിയുള്ളതാണ്. പ്രകൃതിയെ ഉപയോഗിക്കുവാനും നിയന്ത്രിക്കുവാനും അവകാശവും അധികാരവും അവനുണ്ട്. മനുഷ്യൻ രൂപം കൊടുക്കുന്ന സംസ്കാരവും വ്യവസ്ഥിതികളും ഉത്പന്നങ്ങളുമെല്ലാം സമസ്ത മനുഷ്യരുടേയും നന്മയ്ക്ക് ഉപകരിക്കുന്നതാകണം. ഇവയൊന്നും ഒരു വ്യക്തിയുടേയും അന്തസ്സിനും നന്മയ്ക്കും അവകാശങ്ങളുടെ സംരക്ഷണത്തിനും തടസ്സമായിരിക്കാൻ പാടില്ല. അടിസ്ഥാനപരമായ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം സകല മനുഷ്യരും തുല്യരാണ്. ജാതി, മത, വർഗ്ഗ, വർണ്ണ വ്യത്യാസങ്ങൾ ഇക്കാര്യത്തിൽ പ്രസക്തമല്ല.

വ്യക്തിയെന്ന നിലയ്ക്കു മനുഷ്യന് അലംഘനീയങ്ങളായ മൗലികാവകാശങ്ങളുണ്ട്. ഇവ അവനു സമൂഹം നല്കുന്നവയല്ല; സ്വാഭാവികങ്ങളാണ്. ഇവയെ സംരക്ഷിക്കുകയെന്നതാണു

സമൂഹത്തിൻെറ കടമ. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ ഭൂമിയിൽ സമാധാനം എന്ന ചാക്രിക ലേഖനത്തിൽ വിവരിക്കുന്ന മനുഷ്യാവകാശങ്ങളുടെ ഒരു സംക്ഷിപ്തവിവരണം ചുവടെ ചേർക്കുന്നു :

1. ജീവിതം നിലനിർത്താനും മാന്യമായ ജീവിത നിലവാരം പുലർത്താനുമുള്ള അവകാശം. പ്രായാധിക്യം, അനാരോഗ്യം, വൈധവ്യം, ദാരിദ്ര്യം, തൊഴിലില്ലായ്മ തുടങ്ങിയ സാഹചര്യങ്ങളിലും ആവശ്യമായ പരിരക്ഷണം ലഭിക്കാൻ ഇതുവ്യക്തിയെ അർഹനാക്കുന്നു.
2. വ്യക്തിയെന്ന നിലയ്ക്ക് ആദരിക്കപ്പെടാനും സൽപ്പേരു നിലനിർത്താനുമുള്ള അവകാശം.
3. സത്യം അന്വേഷിക്കാനും, സമൂഹത്തിൽ നടക്കുന്ന കാര്യങ്ങൾ കൃത്യമായി അറിയാനും, സമൂഹത്തിൻെറ പൊതു സ്വത്തായ വിജ്ഞാനശേഖരത്തിൽ വിദ്യാഭ്യാസം വഴി പങ്കുചേരാനുമുള്ള അവകാശം. ധാർമ്മികവും സാംസ്കാരികവുമായ മൂല്യങ്ങളെ സംബന്ധിക്കുന്ന അവകാശങ്ങളാണ് ഇപ്പറഞ്ഞവ രണ്ടും.
4. ദൈവത്തിൽ വിശ്വസിക്കാനും മത ജീവിതം നയിക്കാനും മനസ്സാക്ഷിയനുസരിച്ച് പ്രവർത്തിക്കാനുമുള്ള അവകാശം.
5. തൊഴിൽ, ജീവനക്കൂലി, കുടുംബവേതനം, ന്യായമായ വിശ്രമം, വിനോദം തുടങ്ങിയവ ലഭിക്കുന്നതിനുള്ള അവകാശം. അദ്ധ്വാനം വഴി സ്വന്തമായി സ്വത്തു സമ്പാദിക്കാൻ മനുഷ്യനു മൗലികമായ അവകാശമുണ്ട്. മറ്റ് അവകാശങ്ങൾ പരിരക്ഷിക്കുന്നതിന് ഇത് അനിവാര്യമാണ്.
6. സംഘടിച്ചു പ്രവർത്തിക്കാനുള്ള അവകാശം. ദരിദ്രരും ചൂഷിതരുമായവരെ സംബന്ധിച്ചിടത്തോളം ഇതിനു പ്രത്യേക പ്രസക്തിയുണ്ട്.
7. രാജ്യത്തിനകത്തും പുറത്തും യഥേഷ്ടം കുടിയേറിപ്പാർക്കാനുള്ള അവകാശം. ഈ പ്രപഞ്ചം മുഴുവനും എല്ലാ മനുഷ്യർക്കും വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണെന്ന തത്ത്വമാണ് ഇതിനടിസ്ഥാനം.
8. പൊതു ജീവിതത്തിൽ ക്രിയാത്മകമായ പങ്കാളിത്തം, നിയമാനുസൃതമായ സംരക്ഷണം തുടങ്ങിയവ ലഭിക്കാനുള്ള അവകാശം.

ഗവൺമെൻറാണു നിയമനിർമ്മാണത്തിലൂടെയും നീതിനിർവ്വഹണത്തിലൂടെയും വ്യക്തിയുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടത്. ഇവ നേടിയെടുക്കാനും സംരക്ഷിക്കാനും ഓരോ ക്രൈസ്തവനും ഗൗരവപൂർണ്ണമായ കടമയുണ്ട്. അതുപോലെതന്നെ, മറ്റുള്ളവരുടെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കാനും പരിരക്ഷിക്കാനും ബാദ്ധ്യതയുമുണ്ട്.

## സ്വകാര്യ സ്വത്തവകാശം

സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചിടത്തോളം സ്വകാര്യ സ്വത്തവകാശം സുപ്രധാനമായ ഒന്നാണ്. സ്വകാര്യ സമ്പത്തിൻമേലുള്ള അവകാശത്തിൻെറ പ്രസക്തിയെക്കുറിച്ച് റേരും നൊവാരും എന്ന ചാക്രിക ലേഖനം വഴി സഭ വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. മനുഷ്യൻെറ വ്യക്തിത്വ വികാസത്തിനും സ്വാതന്ത്ര്യ പരിപാലനത്തിനും കടമകളുടെ നിർവ്വഹണത്തിനും ഈ മൗലികാവകാശം അത്യന്താപേക്ഷിതമാണ്.

സ്വത്തുടമയ്ക്കു തൻെറ സമ്പത്തിൻെറ മേൽ സമ്പൂർണ്ണമായ നിയന്ത്രണാധികാരം ഇല്ലെന്ന വസ്തുത കൂടി നാം ഓർക്കണം. കാരണം, വസ്തുക്കൾക്കു സാർവ്വത്രികമായ ഒരു ലക്ഷ്യം കൂടിയുണ്ട്. സമ്പത്തിൻെറ കാര്യസ്ഥൻമാർ മാത്രമാണു നമ്മൾ. ദൈവഹിതമനുസരിച്ച് സമ്പത്തു വിനിയോഗിക്കാനുള്ള അവകാശവും കടമയുമാണു നമുക്കുള്ളത്. ഇതിൻെറ വെളിച്ചത്തിലാണ് സ്വത്തിനു പരിധി നിശ്ചയിക്കാനും സാമ്പത്തികാടിസ്ഥാനത്തിൽ നികുതി പിരിക്കാനും മറ്റും ഗവൺമെൻറിന് അധികാരം ലഭിക്കുന്നത്. സമ്പത്തു ധൂർത്തടിക്കുന്നതും ഉത്പാദനക്ഷമമല്ലാത്തവിധം പൂഴ്ത്തിവയ്ക്കുന്നതും മറ്റും കുറ്റകരമാകുന്നു. സമ്പത്തു വ്യക്തികളിലും സമൂഹങ്ങളിലും അമിതമായി കേന്ദ്രീകരിക്കാതെ അതിൻെറ സാർവ്വത്രിക ലക്ഷ്യം പ്രാപിക്കുന്നതിനുവേണ്ടി, ലോകവ്യാപകമായ തോതിൽ വിതരണം ചെയ്യണമെന്ന് മാർപാപ്പമാർ മാനവരാശിയെ ആഹ്വാനം ചെയ്യുന്നു.

## സാമൂഹിക നീതി

സഭയുടെ സാമൂഹിക പ്രബോധനങ്ങളിൽ ഊന്നിപ്പറയുന്ന ഒന്നാണു സാമൂഹികനീതി. ജാതി, മത, ദേശ, കാല വ്യത്യാസം

കൂടാതെ എല്ലാവരും ഒരേ മനുഷ്യവർഗ്ഗത്തിൻെറ അംഗങ്ങളാണെന്നും ഈ പ്രപഞ്ചസമ്പത്തു മുഴുവനും എല്ലാവർക്കും അവകാശപ്പെട്ടതാണെന്നുമുള്ള അവബോധമാണ് ഇതിൻെറ അടിസ്ഥാനം. ദരിദ്രനു സൗജന്യമായി സമ്പത്തിൻെറ ഓഹരി നല്കുന്നത് ഔദാര്യമല്ല, കടമയാണെന്നു സാമൂഹികനീതി നമ്മെ പഠിപ്പിക്കുന്നു. മനുഷ്യാസ്തിത്വം സഹാസ്തിത്വമാണെന്നും, മനുഷ്യജീവിതം കൂട്ടുത്തരവാദിത്വത്തിൻെറ ജീവിതമാണെന്നും, എല്ലാവരും മനുഷ്യവർഗ്ഗത്തിൻെറ അംഗങ്ങളെന്ന നിലയ്ക്കു സഹോദരങ്ങളാണെന്നും സാമൂഹികനീതി നമ്മെ ഓർമ്മിപ്പിക്കുന്നു.

ദരിദ്രർ, അംഗവിഹീനർ, രോഗികൾ തുടങ്ങിയ നിസ്സഹായർ പ്രത്യേക സഹായങ്ങളും ശുശ്രൂഷയും ലഭിക്കാൻ അർഹരാണ്. ഇൻഷ്വറൻസ്, ക്ഷേമവ്യവസ്ഥകൾ, ക്ഷേമനിധി തുടങ്ങിയ സംവിധാനങ്ങൾ വഴിയാണു സാമൂഹികനീതി അവശ്യപ്പെടുന്ന ഈ അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടത്. ആദായത്തിൻെറ കൂടുതൽ കുറവനുസരിച്ച് നികുതി ചുമത്തുന്നതും സാമൂഹിക നീതി എന്ന സങ്കല്പത്തിൻെറ വെളിച്ചത്തിലാണ്.

വളർന്നുവരുന്ന സാർവ്വത്രിക ബന്ധങ്ങളുടെയും ലോകവ്യാപാരത്തിൻെറയും പശ്ചാത്തലത്തിൽ ലോകവ്യാപകമായി ആദായനികുതി പിരിക്കണമെന്നും അതുകൊണ്ട് ലോകവ്യാപകമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തണമെന്നുമുള്ള വാദം ഇന്ന് ശക്തമായിക്കൊണ്ടിരിക്കുകയാണ്. ''സാമൂഹിക നീതി'' എന്ന സങ്കല്പത്തിന് ഒരു സാർവ്വത്രിക മാനം കൈവന്നിരിക്കുന്നുവെന്ന് അർത്ഥം. ''ലോകനീതി'' എന്ന പദംതന്നെ ഈ പശ്ചാത്തലത്തിൽ രൂപപ്പെട്ടതാണ്. സമ്പന്നരാജ്യങ്ങളുടെ സമ്പത്തും സാങ്കേതിക വിദ്യകളും ദരിദ്രരാജ്യങ്ങളുമായി പങ്കുവയ്ക്കാൻ ഈ നീതി സങ്കല്പം കടപ്പെടുത്തുന്നുണ്ട്.

നമ്മുടെ ഭാവി ഭാസുരമാക്കാൻ കഴിഞ്ഞ തലമുറ ബുദ്ധിമുട്ടിയതുപോലെ ഭാവിതലമുറയ്ക്കായി പ്രവർത്തിക്കാനും ഈ നീതി സങ്കല്പം നമ്മെ ചുമതലപ്പെടുത്തുന്നു. പരിസ്ഥിതി എന്തുവില കൊടുത്തും സംരക്ഷിക്കണമെന്നും, അന്തരീക്ഷ മലിനീകരണത്തിനു കാരണമാകുന്ന അണുബോംബുസ്ഫോടനം, രാസായുധ പ്രയോഗം മുതലായവ വർജ്ജിക്കണമെന്നും സാമൂഹിക നീതി നമ്മോട് ആവശ്യപ്പെടുന്നത് ഇതിൻെറ അടിസ്ഥാനത്തിലാണ്.

**ഉത്തരങ്ങൾ പഠിക്കുക**

1. സഭയുടെ സാമൂഹിക പ്രബോധനം എന്നാലെന്ത്? അതിൻെറ ലക്ഷ്യമെന്ത്?
2. സാമൂഹിക പ്രബോധനങ്ങൾ അടങ്ങിയ പ്രധാന ചാക്രിക ലേഖനങ്ങൾ ഏവ? അവയുടെ ഉള്ളടക്കമെന്ത്?
3. സഭയുടെ സാമൂഹിക പ്രബോധനങ്ങളുടെ പ്രസക്തിയെന്ത്? അവയുടെ പരിമിതികൾ ഏതെല്ലാം?
4. മാർക്സിസ്റ്റ് സോഷ്യലിസം, ക്യാപ്പിറ്റലിസം എന്നിവയുടെ മൗലിക തത്ത്വങ്ങൾ വിശദമാക്കുക.
5. സഭയുടെ സാമൂഹിക പ്രബോധനം മനുഷ്യവ്യക്തിക്ക് അതുല്യമായ പ്രാധാന്യം നല്കുന്നു. വ്യക്തമാക്കുക.
6. ഭൂമിയിൽ സമാധാനം എന്ന ചാക്രിക ലേഖനത്തിൽ ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പ വിവരിക്കുന്ന മനുഷ്യാവകാശങ്ങളേവ?
7. സാമൂഹിക നീതിയെക്കുറിച്ചുള്ള സഭാപഠനങ്ങൾ സംഗ്രഹിച്ചെഴുതുക.

**പ്രാവർത്തികമാക്കുക**

1. ''റേരും നൊവാരും'' എന്ന ചാക്രികലേഖനം വായിച്ച് അതിലെ പ്രധാനാശയങ്ങൾ സംഗ്രഹിക്കുക.
2. ''റേരും നൊവാരും മുതൽ ചെന്തേസീമൂസ് അന്നൂസ് വരെ'' എന്ന സഭയുടെ സാമൂഹിക പ്രബോധന സമാഹാരം വായിച്ച് സാമൂഹിക നീതിയെ ക്കുറിച്ചുള്ള സഭയുടെ കാഴ്ചപ്പാട് സംഗ്രഹിച്ച് ഒരു പ്രബന്ധം രചിക്കുക.

**ചർച്ച ചെയ്യുക**

1. സ്വകാര്യ സ്വത്തവകാശം ഒരു മൗലികാവകാശമാണ്.
2. സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിൽ മാർക്സിസം പരാജയപ്പെട്ടിരിക്കുന്നു.
3. സൃഷ്ടവസ്തുക്കൾക്കെല്ലാം സാർവ്വത്രികമായ ഒരു ലക്ഷ്യമുണ്ട്. (ചെന്തെസ്സീമൂസ് അന്നൂസ് 30-43 കാണുക.)

# 7

# സഭ – രാഷ്ട്രത്തിൻെറ മനഃസാക്ഷി

ക്രിസ്തുവിന് 400 വർഷം മുൻപ് ആഥൻസിൽ ജീവിച്ചിരുന്ന ഒരു നാടകകൃത്തായിരുന്നു സോഫോക്ലിസ്. അദ്ദേഹത്തിൻെറ പ്രസിദ്ധമായ നാടകമാണ് 'ആൻറിഗണി'. അതിലെ കഥ ഇങ്ങനെ സംഗ്രഹിക്കാം: തെബ്സിലെ രാജാവായിരുന്നു ക്രെയോൺ. രാജാവിനെതിരേ കലാപമുയർത്തിയ പോളിനീസസിനെ രാജ്യദ്രോഹക്കുറ്റം ചുമത്തി വധിച്ചു. മൃതദേഹം നായ്ക്കൾക്കും കഴുകനും ആഹാരമായി വിജനഭൂമിയിൽ ഉപേക്ഷിക്കാനായിരുന്നു രാജകല്പന. ഈ ഘട്ടത്തിൽ പോളിനീസസിൻെറ സഹോദരി ആൻറിഗണി രംഗത്തെത്തി മൃതദേഹം സംസ്കരിച്ചു. രാജകല്പന ലംഘിച്ചതിനു വിചാരണ ചെയ്യപ്പെടാൻ രാജസദസ്സിൽ അവൾ ഹാജരാക്കപ്പെട്ടു. രാജാവ് അവളോടു ചോദിച്ചു: ''എന്തുകൊണ്ടു നീ എൻെറ നിയമം ലംഘിച്ചു?'' അവൾ മറുപടി പറഞ്ഞു: ''നീതിവിരുദ്ധവും മനഃസാക്ഷിക്കു ചേരാത്തതുമായ നിയമം അനുസരിക്കപ്പെടാനുള്ളതല്ല.''

അനാദികാലം മുതൽ നിലനില്ക്കുന്ന ദൈവരാജ്യത്തിൻെറ അനശ്വരവും അലിഖിതവുമായ നിയമം നശ്വരനായ മനുഷ്യനു നിർമ്മൂലമാക്കാൻ കഴിയുകയില്ല. ഈ ആശയമാണ് ആൻറിഗണിയുടെ പ്രത്യുത്തരത്തിൽ അന്തർഭവിച്ചിട്ടുള്ളത്.

## ക്രൈസ്തവധർമ്മം

ആകാശത്തിൻെറയും ഭൂമിയുടെയും നിയമങ്ങൾ ഏറ്റുമുട്ടുമ്പോൾ ഭൂമിയുടെ നിയമത്തിനു വഴങ്ങാത്തവർ പീഡിപ്പിക്കപ്പെ

ടും. ഇത്തരത്തിലുള്ള ഒരു പ്രതിസന്ധിയിൽ ക്രൈസ്തവരുടെ നിലപാട് എന്തായിരിക്കണമെന്നു സ്വജീവിത സാക്ഷ്യംകൊണ്ട് നമുക്കു വ്യക്തമാക്കിത്തരുന്ന ഒരു വിശുദ്ധനാണ് സർ തോമസ് മൂർ. 16-ാം നൂറ്റാണ്ടിൽ ഹെൻറി എട്ടാമൻ ഇംഗ്ലണ്ട് ഭരിച്ചിരുന്ന കാലത്ത് അദ്ദേഹമായിരുന്നു പ്രധാനമന്ത്രി. ചക്രവർത്തിയുടെ ആത്മമിത്രവും ജനതയുടെ അഭിമാനവുമായിരുന്നു അദ്ദേഹം. സഭയുടെ നിയമം ലംഘിച്ച് ചക്രവർത്തി നടത്തിയ വിവാഹ മോചനവും പുനർവിവാഹവും അംഗീകരിക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല; മാർപാപ്പയുടെ അധീശത്വം അംഗീകരിക്കാതെ ഹെൻറി തലവനായി സ്ഥാപിതമായ സഭയിൽ അംഗമാകാനും തയ്യാറായില്ല. ഫലമോ? അധികാരനഷ്ടം, കാരാഗൃഹവാസം, ഒടുവിൽ ശിരച്ഛേദം. ഛേദിക്കപ്പെട്ട ശിരസ്സ് ലണ്ടൻ പാലത്തിൻമേൽ സ്ഥാപിക്കണമെന്നും ശരീരം നാലായി വിഭജിച്ച് നഗരത്തിന്റെ നാലു കവാടങ്ങളിൽ എറിയണമെന്നുമായിരുന്നു രാജശാസനം. ആ ശിക്ഷ സ്വീകരിച്ചുകൊണ്ട് തോമസ്മൂർ പറഞ്ഞു: ''ഞാൻ രാജാവിന്റെ ഉത്തമസേവകനാണ്; എന്നാൽ, ആദ്യം ദൈവത്തിന്റേ.''



വി. തോമസ് മൂർ
ഹെൻറി എട്ടാമന്റെ പ്രധാനമന്ത്രി

സ്റ്റേറ്റ് അഥവാ, രാഷ്ട്രം എന്ന യാഥാർത്ഥ്യം അംഗീകരിച്ചുകൊണ്ടു ദൈവകല്പന അനുസരിക്കാൻ ബാധ്യസ്ഥനായ ഓരോ ക്രൈസ്തവനും തോമസ് മൂറിന്റെ അന്തിമവചസ്സുകൾ ജീവിതത്തിൽ അനുസ്മരിക്കേ

ണ്ടിയിരിക്കുന്നു. ക്രൈസ്തവധർമ്മത്തിനു നിരക്കാത്തതോ വേണ്ടാത്തതോ അല്ല, പൗരധർമ്മം. ഇരുധർമ്മങ്ങളെയും പരസ്പര പൂരകമാക്കി ക്രിസ്തുവിനു സാക്ഷ്യം വഹിക്കുകയാണു നമ്മുടെ ലക്ഷ്യം.

സ്റ്റേറ്റ് എന്നതിനു പകരമായി പലപ്പോഴും ഗവൺമെൻറ് എന്ന പദം നാം ഉപയോഗിക്കുന്നു. സ്റ്റേറ്റ് എന്നതു കേവലം ഒരു സങ്കല്പമാണ്; ഒരു അമൂർത്താശയമാണ്. ഗവൺമെൻറ് എന്നത് സ്റ്റേറ്റിൻെറ പ്രവർത്തന മാർഗ്ഗങ്ങൾ രൂപപ്പെടുത്തുകയും സ്റ്റേറ്റിൻെറ അസ്തിത്വം മറ്റുള്ളവർക്കു ബോധ്യപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്ന ഒരു സംവിധാനമാണ്. ഗവൺമെൻറിൻെറ പ്രവർത്തനം നടത്തുന്ന മന്ത്രിമാരും മറ്റു ഭരണകർത്താക്കളും അദൃശ്യരല്ലല്ലോ. അതിനാൽ, ഗവൺമെൻറ് എന്നത് ഒരു സമൂർത്താശയമാണ്. സ്റ്റേറ്റ് സ്ഥിരവും ഗവൺമെൻറുകൾ അസ്ഥിരവുമാണ്. സ്റ്റേറ്റിൻെറ ഭരണ നിർവ്വഹണാധികാരം നടപ്പാക്കുന്നത് ഗവൺമെൻറിലൂടെയാണ്. എല്ലാ ഗവൺമെൻറുകളും നിർവ്വഹിക്കേണ്ട മൂന്ന് അടിസ്ഥാനധർമ്മങ്ങളുണ്ട്: നിയമനിർമ്മാണം, നീതിന്യായ നിർവ്വഹണം, നയപരിപാടികളുടെ നിർവ്വഹണം. എല്ലാ പൗരൻമാർക്കും പരമാവധി നൻമ ഉറപ്പുവരുത്തുവാൻ ഉതകുംവിധം പൗരൻമാരുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുകയാകുന്നു സ്റ്റേറ്റിൻെറ മുഖ്യധർമ്മം.

സമത്വം, സ്വാതന്ത്ര്യം, നിയമവാഴ്ച, മൗലികാവകാശങ്ങൾ എന്നിവയെ കേന്ദ്രീകരിച്ചുള്ളവയാണു പൗരാവകാശങ്ങൾ. ഒരു നീതിന്യായകോടതിയിലൂടെ സാധൂകരണം ലഭിക്കുന്ന അവകാശങ്ങളെയാണു പൗരാവകാശങ്ങൾ എന്നു പറയുന്നത്. സന്തുഷ്ടമായൊരു ജീവിതം നയിക്കുന്നതിനു പൗരാവകാശങ്ങൾ അനിവാര്യമാകുന്നു. മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ പൗരൻമാരുടെ സന്തുഷ്ടജീവിതം അസ്തമിക്കും.

ഒരു പൗരൻെറ ചുമതലകൾ നിയമപരമെന്നും ധാർമ്മികമെന്നും രണ്ടായി വിഭജിക്കാം. രാജ്യത്തു നിലവിലുള്ള നിയമങ്ങൾ അനുശാസിക്കുന്ന ചുമതലകളാണു നിയമപരമായവ. നികുതി കൊടുക്കുക, ദേശീയ പതാകയെ ആദരിക്കുക, തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു. അടിച്ചേല്പിക്കപ്പെടാത്തവയും എന്നാൽ, സമൂഹം അംഗീകരിച്ചിട്ടുള്ളവയുമായ കർത്തവ്യങ്ങൾ ആ

ണു ധാർമ്മിക മണ്ഡലത്തിൽപ്പെടുന്നത്. വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കുക, സ്വന്തം മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുക മുതലായവയാണു ധാർമ്മികചുമതലകൾ. പൗരധർമ്മം അനുഷ്ഠിക്കാൻ കടപ്പെട്ടവരാണു ക്രൈസ്തവർ. ഇക്കാര്യത്തിൽ ക്രിസ്തുവിൻെറ ജീവിതമാണു നമുക്കു വഴികാട്ടിയാകേണ്ടത്.

## യേശുവിൻെറ പൗരജീവിതം

ദൈവരാജ്യം പ്രഘോഷിക്കുന്നതിനാണു യേശു ഭൂമിയിൽ ജാതനായത്. റോമാസാമ്രാജ്യത്തിൻെറ പ്രവിശ്യയായിരുന്ന പലസ്തീനായിൽ ഒരു യഹൂദനായി ജനിച്ച അവിടുന്നു റോമൻ ഗവർണറുടെയും യൂദയാ രാജാവിൻെറയും അധികാരത്തിനു വിധേയനായാണു ജീവിച്ചത്. റോമിനെതിരേ പട നയിക്കുന്ന വിമോചകനെയാണ് യഹൂദർ കാത്തിരുന്നതെങ്കിലും അങ്ങനെയൊരു നീക്കം യേശുവിൽനിന്നുണ്ടായില്ല. മാത്രമല്ല, രാഷ്ട്രീയം എന്നു വിശേഷിപ്പിക്കാവുന്ന ഒരു പ്രവർത്തനത്തിലും അവിടുന്ന് ഏർപ്പെട്ടതുമില്ല.

രാഷ്ട്രീയ കാര്യങ്ങളിൽ സ്വതന്ത്രമായ ബുദ്ധി ഉപയോഗിച്ച് വ്യക്തികൾ തീരുമാനം എടുക്കണമെന്നായിരുന്നു യേശുവിൻെറ നിലപാട്. സീസറിനു (ചക്രവർത്തിക്കു) നികുതി നല്കുന്നതു നിയമാനുസൃതമാണോ എന്ന ചോദ്യത്തിനു യേശു നല്കുന്ന മറുപടി ''സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും കൊടുക്കുക'' എന്നാണ് (മത്താ. 22:21). മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധം വിശകലനത്തിനു വിഷയമാക്കുമ്പോൾ ഉദ്ധരിക്കാറുള്ള സാരഗർഭമായ വാക്യമാണിത്.

അധികാരത്തെ അംഗീകരിക്കുന്നതിനും അനുസരിക്കുന്നതിനും യേശു വൈമുഖ്യം കാണിച്ചില്ല. ഏറ്റുമുട്ടൽ കഴിയുന്നതും ഒഴിവാക്കി അനുരഞ്ജനത്തിൻെറ പാത സ്വീകരിക്കാനാണല്ലോ അവിടുന്നു പഠിപ്പിക്കുന്നത്. ദേവാലയ നികുതി പിരിക്കുന്നവർ പത്രോസിനോട് നിങ്ങളുടെ ഗുരു നികുതി കൊടുക്കുന്നില്ലേയെന്നു ചോദിക്കുകയുണ്ടായി. പിന്നീട് വീട്ടിലെത്തിയപ്പോൾ യേശു പത്രോസിനോടു പറയുന്നത് ഇങ്ങനെയാണ്: ''എങ്കിലും, അവർക്ക് ഇടർച്ചയുണ്ടാക്കാതിരിക്കാൻ നീ കടലിൽ പോയി ചൂണ്ടയിടുക; ആദ്യം ലഭിക്കുന്ന മത്സ്യത്തിൻെറ വായ് തുറക്കുമ്പോൾ

ഒരു നാണയം കണ്ടെത്തും. അതെടുത്ത് എനിക്കും നിനക്കും വേണ്ടി അവർക്കു കൊടുക്കുക'' (മത്താ. 17: 27).

അതേസമയം, അധികാരദുർവിനിയോഗത്തിനു വഴങ്ങാൻ യേശു തയ്യാറായിരുന്നുമില്ല. അത്തരം നടപടികളെ ധാർമ്മികരോഷത്തോടെ സുധീരം ചെറുക്കാൻ അവിടന്നു മടിച്ചില്ല. ഹേറോദേസിൻെറ വധഭീഷണിക്കു കീഴടങ്ങി തൻെറ ദൗത്യം ഉപേക്ഷിക്കാൻ യേശു തയ്യാറാകുന്നില്ല. വധശിക്ഷയുടെ നിഴലിൽ പീലാത്തോസിനു മുന്നിൽ തടവുകാരനായി നിൽക്കുമ്പോഴും രാഷ്ട്രാധികാരത്തിൻെറ മുന്നിൽ അവിടുന്നു തലകുനിക്കുന്നില്ല. ''ഉന്നതങ്ങളിൽ നിന്നു നല്കപ്പെട്ടില്ലായിരുന്നെങ്കിൽ എൻെറ മേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല എന്നാണ് യേശു ആ ഭരണാധികാരിയെ ഓർമ്മിപ്പിക്കുന്നത് (യോഹ. 19:10-11). ഉന്നതങ്ങളിലിരിക്കുന്ന ദൈവമാണു ഭൗതികാധികാരത്തിൻെറ ദാതാവ് എന്നാണല്ലോ യേശു വ്യക്തമാക്കുന്നത്.

രാഷ്ട്രീയമായ കുറ്റം ആരോപിച്ചുകൊണ്ടാണു റോമൻ ഭരണാധികാരികളും യഹൂദമേധാവികളും ചേർന്ന് യേശുവിനെ വധിച്ചത്. റോമിൻെറ ആധിപത്യത്തിനെതിരേ ഭൗതികമായ ഒരു സാമ്രാജ്യസ്ഥാപനമാണ് യേശുവിൻെറ ലക്ഷ്യമെന്ന് അവർ തെറ്റിദ്ധരിച്ചു. തൻെറ രാജ്യം ഐഹികമല്ലെന്ന യേശുവിൻെറ വിശദീകരണം ഉൾക്കൊള്ളാൻ അവർക്കു കഴിഞ്ഞില്ല. ഐഹികമായ രാഷ്ട്രതാത്പര്യങ്ങൾക്കും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും ഉപരിയായി മനുഷ്യൻെറ സമഗ്ര വിമോചനവും ദൈവരാജ്യത്തിൻെറ സ്ഥാപനവുമാണു യേശു ലക്ഷ്യമാക്കിയത്.

## സഭയും രാഷ്ട്രീയ സഹകരണവും

ചരിത്രത്തിലൂടെയുള്ള ക്രിസ്തുവിൻെറ തുടർച്ചയാണ് സഭ. പീലാത്തോസിൻെറ പ്രത്തോറിയത്തിൽ തെറ്റിദ്ധരിക്കപ്പെട്ട യേശുവിൻെറ അവസ്ഥ സഭയ്ക്കും പലപ്പോഴും ഉണ്ടാകുന്നതിൽ അദ്ഭുതപ്പെടാനില്ല. ഒരു പ്രത്യേക രാഷ്ട്രത്തോടോ രാഷ്ട്രീയ പ്രത്യയശാസ്ത്രത്തോടോ പ്രത്യേകമായ ആഭിമുഖ്യം സഭ പ്രകടിപ്പിക്കുന്നില്ല. സഭയ്ക്കും രാഷ്ട്രത്തിനും താന്താങ്ങളുടെ പ്രവർത്തനമണ്ഡലങ്ങളിൽ സ്വയം ശാസനാധികാരമുണ്ടെന്ന നിലപാടാണു സഭയുടേത്. അതേസമയം, ഭൗതികതലത്തിൽനിന്നു പൂർണ്ണമാ

യും വിട്ടുനില്ക്കുന്ന ഒരു ആദ്ധ്യാത്മികതലം മനുഷ്യന് ഇല്ലാത്തതിനാൽ രാഷ്ട്രത്തിൻെറ പ്രവർത്തനമണ്ഡലത്തിൽനിന്നു വിശ്വാസി വേറിട്ടു നില്ക്കാനും പാടില്ല.

ഒരു രാഷ്ട്രവ്യവസ്ഥയോടും ആശയസംഹിതയോടും പ്രത്യേകമായ ആഭിമുഖ്യം സഭയ്ക്കില്ലെന്നു പറഞ്ഞുവല്ലോ. എന്നാലും, വ്യക്തിസ്വാതന്ത്ര്യത്തിലും സാമൂഹികനീതിയിലും അധിഷ്ഠിതമായ ഭരണവ്യവസ്ഥകൾക്കു പിന്തുണ നല്കാൻ സഭ പ്രതിജ്ഞാബദ്ധയാണ്. ദൈവത്തിൻെറ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻെറ ദൈവദത്തമായ അന്തസ്സ് പരിപാലിക്കപ്പെടണമെന്നു സഭയ്ക്കു നിർബന്ധമുണ്ട്. അതുകൊണ്ട്, ഭൗതികമായ പ്രശ്നങ്ങളിൽ സഭയ്ക്കു പലപ്പോഴും ഇടപെടേണ്ടതായും സഭയുടെ നിലപാട് വിശദീകരിക്കേണ്ടതായും വരും. അടിമത്തത്തിനും അടിച്ചമർത്തലിനുമെതിരേയും ഏകാധിപത്യ ഭരണകൂടങ്ങൾക്കെതിരേയും ദൈവനിഷേധികളായ രാഷ്ട്രാധികാരികൾക്കെതിരേയും സഭ ശബ്ദം ഉയർത്തുന്നത് ക്രൈസ്തവമായ ധർമ്മത്തിൻെറ അടിസ്ഥാനത്തിലാണ്; കേവലം രാഷ്ട്രീയ പ്രേരിതമായല്ല. അതുകൊണ്ടാണ്, ഭൗതിക പ്രശ്നങ്ങളിലും മാർപാപ്പമാരുടെ ശബ്ദം ലോകം ആദരവോടെ ശ്രവിക്കുന്നത്.

സത്യത്തിനു സാക്ഷ്യം വഹിക്കാനെത്തിയ യേശുവിനെപ്പോലെ സഭയും പ്രവാചകദൗത്യമാണ് നിറവേറ്റുന്നത്. ഇസ്രായേലിലെ രാജാക്കൻമാരുടെ അധർമ്മങ്ങൾക്കെതിരേ സംസാരിച്ച് അവരുടെ മനഃസാക്ഷിയെ ഉണർത്തിക്കൊണ്ടിരുന്നതു പ്രവാചകൻമാരാണ്. നാബോത്ത് എന്ന സാധു കർഷകനെ വധിച്ച് അയാളുടെ മുന്തിരിത്തോട്ടം കൈവശപ്പെടുത്തിയ ആഹാബ് രാജാവിനെ വിമർശിച്ചത് ഏലിയാ പ്രവാചകനായിരുന്നു; ഊറിയ എന്ന പടയാളിയെ കൊലപ്പെടുത്തി അയാളുടെ ഭാര്യയെ സ്വന്തമാക്കിയ ദാവീദ് രാജാവിനെ കുറ്റപ്പെടുത്തിയത് നാഥാൻ എന്ന പ്രവാചകനും. ഇവരെപ്പോലെതന്നെ ജറെമിയ, ആമോസ് തുടങ്ങിയ മറ്റു പ്രവാചകൻമാരും ഉയർത്തിയ ശബ്ദം ദൈവത്തിൻെറ, ശിക്ഷാവിധിയെ ക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നു. അത് അവഗണിക്കപ്പെട്ടപ്പോൾ യൂദയായുടെ രാഷ്ട്രീയാസ്തിത്വം അസ്തമിച്ചു. യഹൂദർ അടിമകളും പ്രവാസികളും ആയിത്തീരുകയും ചെയ്തു. രാഷ്ട്രാധികാരികൾ വഴിതെറ്റുമ്പോൾ നാഥാൻ പ്രവാചകനെപ്പോ

ലെ വിരൽചൂണ്ടി "ആ മനുഷ്യൻ നീതന്നെ" എന്നു പറയുന്നതിനുള്ള ധാർമ്മികധീരതയും ദൗത്യബോധവും സഭ പ്രകടിപ്പിക്കേണ്ടതുണ്ട്. സഭ രാഷ്ട്രത്തിൻെറ മനഃസാക്ഷിയായിരിക്കണം. അവിടെ മതവും രാഷ്ട്രീയവും കൂടിക്കുഴയുന്നു എന്ന ആക്ഷേപത്തിന് അർത്ഥമില്ല. ഈ പ്രവാചക ദൗത്യം സഭയ്ക്കുമാത്രമല്ല, പൗരനെന്ന നിലയിൽ ഓരോ ക്രൈസ്തവനും ഉണ്ടെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. രാഷ്ട്രത്തിൽ തങ്ങൾക്കുള്ള പ്രത്യേകമായ ദൗത്യത്തെപ്പറ്റി ഓരോ ക്രൈസ്തവനും ബോധവാനായിരിക്കണമെന്ന് കൗൺസിൽ പറയുന്നു. അതേസമയം, ഭൗതിക പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളെ സംബന്ധിച്ച് ഉണ്ടാകാവുന്ന വിഭിന്നാഭിപ്രായങ്ങളെ അറിയാനും അംഗീകരിക്കാനും ആദരിക്കാനും സഭ പഠിപ്പിക്കുന്നുണ്ട്. ഏതെങ്കിലും രാഷ്ട്രീയ കക്ഷിയോടൊ പ്രസ്ഥാനത്തോടൊ സഭയ്ക്ക് ആഭിമുഖ്യമില്ലെന്നും, മൗലികമായ തത്ത്വങ്ങളിൽനിന്നു വ്യതിചലിക്കാതെ പൊതുനന്മയ്ക്കുവേണ്ടി വ്യത്യസ്ത ചേരികളിൽ ചേർന്നു പ്രവർത്തിക്കാനുള്ള ക്രൈസ്തവ പൗരൻെറ സ്വാതന്ത്ര്യത്തെ സഭ നിഷേധിക്കുന്നില്ലെന്നും വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ട് (സഭ ആധുനിക ലോകത്തിൽ 75).

## ക്രൈസ്തവ പൗരധർമ്മം.

രാഷ്ട്രീയ രംഗത്ത് ക്രൈസ്തവർ കൂടുതലായി കടന്നുവരുക എന്നതിൻെറ ആവശ്യകതയും കൗൺസിൽ എടുത്തുപറയുന്നുണ്ട്. "ദുഷ്കരമെങ്കിലും ഉദാത്തമായ രാഷ്ട്രതന്ത്രകല കൈകാര്യം ചെയ്യാൻ പ്രാപ്തരോ പ്രാപ്തി കൈവരിക്കാൻ യോഗ്യരോ ആയ പൗരന്മാർ അതിനായി ഒരുങ്ങണം. സ്വന്തതാത്പര്യങ്ങളും ഭൗതിക ലാഭങ്ങളും പരിഗണിക്കാതെതന്നെ രാഷ്ട്രതന്ത്രം അഭ്യസിക്കാൻ അവർ യത്നിക്കേണ്ടതാണ്. സ്വഭാവ ശുദ്ധിയോടും വിവേകത്തോടും കൂടി അനീതിയുടെ ലാഞ്ഛനയുള്ള ഏതൊരു സംരംഭത്തെയും, ഏകാധിപത്യത്തെയും, വ്യക്തികളോ രാഷ്ട്രീയ പാർട്ടികളോ കൈയടക്കിയിരിക്കുന്ന കുത്തക മേധാവിത്വത്തെയും, അസഹിഷ്ണുതാ പ്രവർത്തനങ്ങളെയും ചെറുക്കുകതന്നെ വേണം. ആത്മാർത്ഥതയോടും നീതിനിഷ്ഠയോടും കൂടി, രാഷ്ട്രീയ ജീവിതം ആവശ്യപ്പെടുന്ന സാഹോദര്യത്തോടും നിശ്ചയദാർഢ്യത്തോടും കൂടി, എല്ലാവരെയും സേവിക്കാൻ അവർ സ്വയം അർപ്പണം ചെയ്യേണ്ടതാണ്" (സഭ ആധുനിക ലോകത്തിൽ 75).

ഭാരതത്തിലെ രാഷ്ട്രീയ സാഹചര്യങ്ങളിൽ ഈ ആഹ്വാനത്തിനു പ്രത്യേകമായ പ്രാധാന്യവും പ്രസക്തിയുമുണ്ട്. ക്രൈസ്തവധർമ്മത്തിൻെറ അന്തസ്സത്ത ഉൾക്കൊള്ളുന്ന വ്യക്തികളെന്നനിലയിൽ, ക്രൈസ്തവ നേതാക്കൾക്കു ക്രിയാത്മകവും ഫലപ്രദവുമായി പ്രവർത്തിക്കാൻ കഴിയും. ഓരോ ക്രൈസ്തവനും തൻെറ പ്രവാചക ദൗത്യം പൂർത്തീകരിക്കുവാൻ രാഷ്ട്രീയ കാര്യങ്ങളിൽ പ്രവേശിക്കേണ്ടതുണ്ട്.

### ഉത്തരങ്ങൾ പഠിക്കുക

1. ആൻറിഗണി എന്ന നാടകത്തിലെ പ്രധാനാശയം എന്ത്?
2. വി. തോമസ് മൂറിൻെറ ജീവിതമാതൃക നല്കുന്ന പാഠമെന്ത്?
3. സ്റ്റേറ്റിൻെറ മുഖ്യ ധർമ്മങ്ങൾ ഏവ?
4. ഒരു പൗരൻെറ പ്രധാന ചുമതലകൾ ഏവ?
5. യേശുവിൻെറ പൗരജീവിതം എപ്രകാരമുള്ളതായിരുന്നു?
6. സഭയും രാഷ്ട്രീയ സമൂഹവും തമ്മിലുള്ള ബന്ധം എന്ത്? തൻെറ പ്രവാചക ദൗത്യം നിറവേറ്റാൻ ഇസ്രായേലിലെ പ്രവാചകന്മാരുടെ മാതൃക സഭയ്ക്ക് എത്രമാത്രം സ്വീകാര്യമാണ്?
7. ക്രൈസ്തവരുടെ പൗരധർമ്മത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ എന്ത് പഠിപ്പിക്കുന്നു?

### പ്രാവർത്തികമാക്കുക

1. രാഷ്ട്രക്ഷേമത്തിനായി കാത്തോലിക്കാ സഭ ചെയ്തു കൊണ്ടിരിക്കുന്ന വിവിധ പ്രവർത്തനങ്ങൾ ഏവയെന്നു കണ്ടെത്തുക.
2. പൊതു ജീവിതത്തിൽ കേരള ക്രൈസ്തവർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ കണ്ടുപിടിച്ച് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.

### ചർച്ച ചെയ്യുക

1. നമ്മുടെ നാട്ടിലെ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം രാഷ്ട്രനന്മയ്ക്ക് അനുഗുണമോ ഹാനികരമോയെന്ന് വിലയിരുത്തി കൂടുതൽ ഗുണകരമാക്കാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.

# 8

# അദ്ധ്വാനത്തിൻെറ സുവിശേഷം

വളരെ ചെറിയ ജീവികളായ തേനീച്ചകളുടെ നിരന്തരവും അത്യദ്ഭുതകരവുമായ പ്രയത്നത്തിൻെറ ഫലമാണ് നാം സന്തോഷപൂർവ്വം നുകരുന്ന തേൻ. അതുപോലെതന്നെ, മനുഷ്യരുടെ അദ്ധ്വാനത്തിൻെറ മധുരിമയും അനുഭവിച്ചറിയുന്നവരാണു നാം. മനുഷ്യൻെറ അദ്ധ്വാനമാണ് ഈ ഭൂമുഖത്തെ ഇത്രമാത്രം മനോഹരമാക്കിയെടുത്തത്. മലർവാടികളും മണിമന്ദിരങ്ങളും മരതകപ്പാടങ്ങളുമെല്ലാം മനുഷ്യൻെറ അദ്ധ്വാനഫലമാണല്ലോ. അദ്ധ്വാനമാവശ്യപ്പെടുന്ന പ്രവർത്തനങ്ങൾക്കു തൊഴിലുകൾ എന്നാണ് നാം പറഞ്ഞു വരുന്നത്. അനേകതരം കഴിവുകൾ നമുക്കുണ്ട്. ആ കഴിവുകൾ പ്രകാശിപ്പിക്കുന്നത് വിവിധതരം തൊഴിലുകൾ വഴിയാണ്.

വ്യക്തിക്കും സമൂഹത്തിനും വളരാനും പുരോഗതി കൈവരുത്താനും തൊഴിൽ അത്യന്താപേക്ഷിതമാണ്. നമ്മുടെ വിവിധങ്ങളായ ഭൗതികാവശ്യങ്ങൾ നേടുന്നതും മാനസിക വളർച്ച പ്രാപിക്കുന്നതും അദ്ധ്വാനം വഴിയാണ്. മനുഷ്യർ പരസ്പരം സ്നേഹബന്ധത്തിലും കൂട്ടായ്മയിലും വളരുന്നതിനു സഹകരണാടിസ്ഥാനത്തിലുള്ള തൊഴിൽ സഹായിക്കുന്നു.

എന്നാൽ, വ്യവസായവത്കൃതയുഗത്തിൽ തൊഴിൽ മനുഷ്യനെ വളർത്തുന്നതിനു പകരം പല വിധത്തിലും തളർത്തുകയാണ്. ചില പ്രദേശങ്ങളിൽ തൊഴിൽ രംഗത്തു നിലനില്ക്കുന്ന കടുത്ത ചൂഷണമാണ് അതിൻെറ കാരണം. തൊഴിൽ മണ്ഡലത്തിൽ പരസ്പരധാരണയും സ്നേഹവും വളർത്തുന്നതിനുപക

രം "മുതലാളി-തൊഴിലാളി വർഗ്ഗവിദ്വേഷം" വളരുകയാണിന്ന്. ഈ വൈരുദ്ധ്യത്തിനു കാരണം, ദൈവഹിതമനുസരിച്ച് തൊഴിൽ മേഖല എല്ലായിടത്തും സംവിധാനം ചെയ്യപ്പെട്ടിട്ടില്ല എന്നതാണ്. ഈ സാഹചര്യത്തിൽ തൊഴിലിൻെറ സ്വഭാവം, തൊഴിലാളിയുടെയും മുതലുടമയുടെയും കടമകളും അവകാശങ്ങളും തുടങ്ങിയ വിഷയങ്ങൾ ഗൗരവപൂർവ്വമായ ചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

## എന്താണു തൊഴിൽ

മനുഷ്യൻെറ ബുദ്ധിപരവും കായികവുമായ കഴിവുകൾ ഉപയോഗിച്ച് പ്രപഞ്ചവസ്തുക്കളെയും ശക്തികളെയും കൂടുതൽ സുന്ദരവും മനുഷ്യന് ഉപകാരപ്രദവുമാക്കുന്ന എല്ലാ പ്രവർത്തനങ്ങളും തൊഴിലാണ്. പരിസരശുചീകരണം, കൃഷി തുടങ്ങിയ ശാരീരികപ്രവൃത്തികളും ശാസ്ത്ര-സാഹിത്യഗവേഷണം പോലുള്ള ബുദ്ധിപരമായ പ്രവർത്തനങ്ങളും തൊഴിലുകൾ തന്നെയാണ്.



*സംസ്കാരത്തിൻെറ അടിത്തറ പാകുന്നവർ*

തൊഴിലിനെ സംബന്ധിച്ച് പല തെറ്റായ വീക്ഷണങ്ങളുണ്ടായിട്ടുണ്ട്. കായികാദ്ധ്വാനം ആവശ്യപ്പെടുന്ന തൊഴിലുകൾ പൊതുവേ മാന്യത കുറഞ്ഞതായി കണക്കാക്കപ്പെടുന്നു. അതൊരു വികലവീക്ഷണമാണ്. കായികാദ്ധ്വാനം ചെയ്യുന്നത് അടിമകളുടെ കടമയാണെന്നു പുരാതനകാലത്തു മിക്ക ജനതകളും വിശ്വസിച്ചിരുന്നു. തൊഴിലിൻെറ അടിസ്ഥാനത്തിലായിരുന്നല്ലോ സമൂഹത്തിൽ വ്യക്തികളുടെ സ്ഥാനം പ്രാചീന ഭാരതത്തിൽ നിശ്ചയിച്ചിരുന്നത്. ഇന്നും ഈ രീതി പൂർണ്ണമായി മാറിയിട്ടില്ല. ഏതു ജോലിയും അതിൽത്തന്നെ അന്തസ്സുറ്റതാണെന്ന ബോദ്ധ്യത്തിൻെറ അഭാവമാണു നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മയ്ക്കും സാമ്പത്തിക പിന്നോക്കാവസ്ഥയ്ക്കും മുഖ്യകാരണം.

## ക്രിസ്തീയ വീക്ഷണം

തൊഴിലിനെ സംബന്ധിച്ച് വളരെ ഉദാത്തമായ കാഴ്ചപ്പാടാണു ക്രൈസ്തവസഭയ്ക്കുള്ളത്. കേവലം ഉപജീവന മാർഗ്ഗമായിട്ടല്ല, ഉത്തമവും മഹത്തമവുമായ കർമ്മമായിട്ടാണ് സഭ തൊഴിലിനെ കാണുന്നത്.

## സൃഷ്ടികർമ്മത്തിലുള്ള പങ്കുചേരൽ

അനുസ്യൂതം തുടർന്നുകൊണ്ടിരിക്കുന്ന ദൈവത്തിൻെറ സൃഷ്ടികർമ്മത്തിലുള്ള മനുഷ്യൻെറ പങ്കുചേരലാണു തൊഴിൽ. പ്രപഞ്ചസൃഷ്ടിയുടെ മേൽ പരമാധികാരം നല്കപ്പെട്ട മനുഷ്യൻ തൻെറ ബൗദ്ധികവും കായികവുമായ അദ്ധ്വാനം വഴിയാണു പ്രപഞ്ചശക്തികളെ നിയന്ത്രിക്കുന്നതും അവയ്ക്കു പുതിയ രൂപഭാവങ്ങൾ നല്കുന്നതും.

## തൊഴിൽ ദൈവദത്തമായ കടമ

അദ്ധ്വാനിക്കുക മനുഷ്യൻെറ ദൈവദത്തമായ കടമയാണ്. പ്രപഞ്ചത്തെ കീഴടക്കാനും കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകലജീവജാലങ്ങളുടെയും മേൽ ആധിപത്യം പുലർത്താനും ദൈവം ആദിമാതാപിതാക്കൾക്കു നല്കിയ കല്പനയാണ് ഇതിന് അടിസ്ഥാനം. അദ്ധ്വാനത്തിലൂടെ ഈ ദൈവിക കല്പനയാണു നാം

അനുസരിക്കുന്നതും. നമുക്കുചെയ്യുവാനുള്ള ഏതു തൊഴിലും ദൈവകല്പനയുടെ ഭാഗമായിക്കാണണം. എങ്കിലേ അദ്ധ്വാനം അർത്ഥപൂർണ്ണമാകൂ.

## ദൈവാരാധനയുടെ ഭാഗം

തൊഴിൽ ദൈവദത്തമായ കടമയാണെന്നു കരുതി അദ്ധ്വാനിക്കുമ്പോൾ അതു ദൈവാരാധനയുടെ ഭാഗമായിത്തീരുന്നു. കായികാദ്ധ്വാനം വേണ്ട തൊഴിലുകൾക്കും പ്രാർത്ഥനയ്ക്കും തുല്യപ്രാധാന്യം കൊടുക്കുന്ന ജീവിതശൈലി മിക്ക ക്രൈസ്തവ സന്ന്യാസസമൂഹങ്ങളും സ്വീകരിക്കാൻ തയ്യാറായത് ഈ കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽത്തന്നെയാണ്.

## തൊഴിലിൻെറ ആവശ്യകത

B [ആദിമാതാപിതാക്കളോടു നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുവാൻ ദൈവം കല്പിച്ചു (ഉൽപ. 3:19). ആ കല്പന തൊഴിലിൻെറ ആവശ്യകതയെ വ്യക്തമാക്കുന്നു. അല



മഹാത്മാഗാന്ധി-തൊഴിലിൻെറ ഉദാത്തമാതൃക

സരായി, മറ്റുള്ളവരുടെ അദ്ധ്വാനഫലം അനുഭവിച്ചു ജീവിക്കുക ആക്ഷേപകരമാണ്. അദ്ധ്വാനിക്കാത്തവൻ ഭക്ഷിക്കാതിരിക്കട്ടെ (2 തെസ. 3:10) എന്ന് വി. പൗലോസ് അപ്പസ്തോലൻ പറയുന്നു.

ക്രിസ്തുവിൻെറ ദിവ്യപ്രബോധനങ്ങൾ ആത്മാംശമാക്കിയിരുന്ന രാഷ്ട്രപിതാവായ ഗാന്ധിജി അദ്ധ്വാനിച്ചു ജീവിക്കുവാൻ ഭാരതീയരെ ഉദ്ബോധിപ്പിച്ചു. നമ്മുടെ വിദ്യാഭ്യാസംതന്നെ തൊഴിലധിഷ്ഠിതമായിരിക്കണമെന്ന് ആവശ്യപ്പെടുകയും അതിനുള്ള ഒരു വിദ്യാഭ്യാസ പദ്ധതിക്കു രൂപം കൊടുക്കുകയും ചെയ്തയാളാണദ്ദേഹം.

## തൊഴിലിൻെറ സാമൂഹിക സ്വഭാവം

തൊഴിലിന് ഒരു സാമൂഹികമാനമുണ്ട്. സമൂഹജീവിയായ മനുഷ്യൻ കൂട്ടായ ശ്രമത്തിലൂടെയാണു ജീവിക്കാനാവശ്യമായതു കണ്ടെത്തുക. മറ്റുള്ളവരുമായി സഹകരിച്ചേ ഒരു വ്യക്തിക്കു ജോലി ചെയ്യാനാവൂ. തനിക്കുവേണ്ടി മാത്രമല്ല, മറ്റുള്ളവർക്കു വേണ്ടി ക്കൂടിയാണ് ഒരു വ്യക്തി തൊഴിൽ ചെയ്യുന്നത്. പലരുടെയും തൊഴിലിൻെറ ഫലമനുഭവിച്ചാണ് ഓരോ വ്യക്തിയും ജീവിക്കുന്നത്.

യേശുക്രിസ്തു ഒരു തൊഴിലാളിയായിരുന്നു. ക്രിസ്തുശിഷ്യന്മാർ കഠിനാദ്ധ്വാനം ചെയ്താണ് ജീവിച്ചത്. വി. പൗലോസ് എഫേസൂസുകാർക്ക് ഇപ്രകാരം എഴുതി:

''ഞാൻ ആരുടെയും വെള്ളിയോ സ്വർണ്ണമോ
വസ്ത്രങ്ങളോ മോഹിച്ചിട്ടില്ല.
എൻേറയും എന്നോടുകൂടെ ഉണ്ടായിരുന്നവരുടേയും
ആവശ്യങ്ങൾ നിർവ്വഹിക്കാൻ എൻെറ ഈ കൈകൾ
തന്നെയാണ് അദ്ധ്വാനിച്ചിട്ടുള്ളതെന്നു നിങ്ങൾക്കറിയാം.
ഇങ്ങനെ അദ്ധ്വാനിച്ചുകൊണ്ടു ബലഹീനരെ
സഹായിക്കണമെന്നു കാണിക്കാൻ
എല്ലാക്കാര്യങ്ങളിലും നിങ്ങൾക്കു ഞാൻ
മാതൃക നല്കിയിട്ടുണ്ട്.
സ്വീകരിക്കുന്നതിനേക്കാൾ കൊടുക്കുന്നതാണ്

ശ്രേയസ്കരം എന്നു പറഞ്ഞ കർത്താവായ യേശുവിൻെറ വാക്കുകൾ നിങ്ങളെ ഞാൻ അനുസ്മരിപ്പിക്കുന്നു''

(അപ്പ. 20:33-35).

## തൊഴിലിൻെറ വ്യക്തിഗത സ്വഭാവം

തൊഴിലിനു സാമൂഹികമായ മാനത്തിനു പുറമേ വ്യക്തിഗതമായമാനം കൂടിയുണ്ട്. മനുഷ്യാദ്ധ്വാനം വെറും കായിക ശക്തിയുടെ യാന്ത്രികപ്രവർത്തനമല്ല. മറിച്ച്, അതു മനുഷ്യൻെറ ആത്മപ്രകാശനം കൂടിയാണ്. ദൈവത്തിൻെറ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനാണ് അതിൻെറ പിന്നിലെ ശക്തി. മൃഗത്തെയും യന്ത്രത്തെയും ഉത്പാദനപ്രക്രിയയുടെ ഉപകരണങ്ങളാക്കുന്നതുപോലെ മനുഷ്യനെ ഒരു ഉപകരണമായി കണക്കാക്കാൻ പാടില്ല. കായിക ശക്തിയോടൊപ്പം വ്യക്തിയുടെ അന്തസ്സും അവകാശങ്ങളും തൊഴിലിൽ അന്തർലീനമായിരിക്കുന്നു.

## അവകാശങ്ങളും കടമകളും

തൊഴിലിൻെറ മുൻപറഞ്ഞ സവിശേഷതകളുടെ വെളിച്ചത്തിൽ തൊഴിലാളിയുടെ ബഹുവിധങ്ങളായ അവകാശങ്ങളെയും കടമകളെയും സംബന്ധിച്ചു ചിന്തിക്കേണ്ടതാണ്.

അദ്ധ്വാനിക്കുന്നവനു ന്യായമായ പ്രതിഫലം ലഭിക്കാൻ ദൈവദത്തമായ അവകാശമുണ്ട്. കൊയ്ത്തുകാർക്ക് അർഹമായ കൂലി നിഷേധിച്ച കൃഷിയുടമകളെ വി. യാക്കോബു ശ്ലീഹാ അതിനിശിതമായി വിമർശിക്കുന്നു:

''നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവുശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യങ്ങളുടെ കർത്താവിൻെറ കർണ്ണപുടങ്ങളിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലുപരായി ജീവിച്ചു. കൊലയുടെദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു'' (യാക്കോബ് 5:4-5).

അഗതിയായ തൊഴിലാളിയോടു തൊഴിലെടുപ്പിക്കുന്നവൻ

എങ്ങനെ വർത്തിക്കണമെന്നു നിയമാവർത്തന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്:

''അഗതിയും ദരിദ്രനുമായ കൂലിക്കാരനെ,അവൻ നിൻെറ സഹോദരനോ നിൻെറ നാട്ടിലെപട്ടണങ്ങളിലൊന്നിൽ വസിക്കുന്നപരദേശിയോ ആകട്ടെ, നീ പീഡിപ്പിക്കരുത്. അവൻെറ കൂലി അന്നന്നു സൂര്യനസ്തമിക്കുന്നതിനു മുൻപു കൊടുക്കണം. അവൻ ദരിദ്രനും കൂലിക്കായി കാത്തിരിക്കുന്നവനുമാണ്. അവൻ നിനക്കെതിരായി കർത്താവിനോടു നിലവിളിച്ചാൽ നീ കുറ്റക്കാരനായിത്തീരും'' (നിയമാ. 24:14-15).

മാന്യമായി ജീവിക്കാനാവശ്യമായ കൂലി ലഭിക്കാൻ തൊഴിലാളിക്ക് അവകാശമുണ്ട്. അത്തരം കൂലിയാണു ജീവനക്കൂലി. തൊഴിലാളിക്കു മാത്രമല്ല അവനെ ആശ്രയിച്ചു ജീവിക്കുന്നവർക്കും മാന്യമായി ജീവിക്കാനാവശ്യമായ സമ്പത്തു ലഭിക്കണം. അതിനാവശ്യമായ കൂലിയാണു കുടുംബവേതനം. ഇതു സ്വാഭാവിക നീതി ആവശ്യപ്പെടുന്ന കാര്യമാണ്.

കുടുംബവേതനമോ ജീവനക്കൂലിയോ നല്കാനുള്ള സാമ്പത്തിക കഴിവു തൊഴിലുടമയ്ക്ക് ഇല്ലാത്ത സാഹചര്യത്തിൽ ഈ ബാദ്ധ്യത രാഷ്ട്രത്തിൻേറതായിത്തീരുന്നു. പല വ്യവസായവത്കൃത രാജ്യങ്ങളിലും ഈ കർത്തവ്യം ഗവൺമെൻറുകൾതന്നെ നിർവ്വഹിക്കുന്നു. വൻകിട വ്യവസായികളിൽ നിന്നും മറ്റും കൂടുതൽ നികുതി പിരിച്ചു ചെറുകിട തൊഴിൽ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും ദരിദ്രരായവർക്കും ആവശ്യകമായ ചികിത്സ, വിദ്യാഭ്യാസം, വയോജന പെൻഷൻ, തൊഴിലില്ലായ്മ വേതനം തുടങ്ങിയവ നല്കുന്നത് ഈ തത്ത്വത്തിൻെറ വെളിച്ചത്തിലാണ്.

ഒരു വ്യക്തിയെന്ന നിലയിൽ തൊഴിലാളിക്കു വേറെയും പല അവകാശങ്ങളുണ്ട്. ആരോഗ്യം, പ്രായം, വർഗ്ഗം തുടങ്ങിയ പ്രത്യേകതകൾ പരിഗണിക്കപ്പെടുക, രോഗാവസ്ഥയിൽ ചികിത്സാ സൗകര്യവും, വിശ്രമാവസരവും ലഭിക്കുക, സ്ത്രീത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവർക്ക് ആവശ്യമായ പ്രത്യേക സൗകര്യങ്ങൾ ലഭിക്കുക, ദൈവാരാധനയ്ക്കും വിശ്രമത്തിനും വിനോദത്തിനും സമയവും സൗകര്യവും ലഭിക്കുക തുടങ്ങിയവ തൊഴിലാളികളുടെ അവകാശങ്ങളിൽപ്പെട്ടതാണ്. കുട്ടികളെ

തൊഴിൽ വിമുക്തരാക്കുകയെന്നതു നീതിയാവശ്യപ്പെടുന്ന കാര്യമാണ്. ശാസ്ത്ര സാങ്കേതിക രംഗത്തുള്ള അറിവും പരിശീലനവും മെച്ചപ്പെടുത്താനും സമൂഹത്തിൻെറ സാംസ്കാരിക പൈതൃകത്തിൽ ന്യായമായ പങ്കാളിത്തം കരസ്ഥമാക്കാനും തൊഴിലാളിക്ക് അവകാശമുണ്ട്. സംഘടിക്കുന്നതിനും തങ്ങളുടെ ന്യായമായ അവകാശങ്ങൾക്കായി വാദിക്കുന്നതിനും തൊഴിലാളികൾക്കു മൗലികമായ അവകാശമുണ്ട്. ആധുനിക മാർപാപ്പമാർ തൊഴിൽ സംഘടനകൾ രൂപീകരിക്കുന്നതിനു പ്രോത്സാഹനവും പ്രചോദനവും നല്കിയിട്ടുണ്ട്.

തൊഴിലാളികൾക്ക് അവകാശങ്ങൾ ഉള്ളതുപോലെതന്നെ കടമകളും ഉണ്ട്. അർപ്പണബോധത്തോടും വിശ്വസ്തതയോടും കൂടി തൊഴിൽ ചെയ്യുക, കൂട്ടായ പ്രവർത്തനത്തിലൂടെ പൊതുനന്മയ്ക്കുവേണ്ടി അദ്ധ്വാനിക്കുക, തൊഴിൽ സ്ഥാപനത്തിൻെറ ഉപകരണങ്ങളും മറ്റും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുക, ന്യായമായ നിയമങ്ങളും ചട്ടങ്ങളും പാലിക്കുക തുടങ്ങിയവയാണ് തൊഴിലാളിയുടെ കടമകൾ.

വ്യാവസായിക വിപ്ലവത്തിൻെറ കാലമായ പതിനെട്ടാം നൂറ്റാണ്ടിൽ തൊഴിലിൻെറ മുൻപറഞ്ഞ സവിശേഷതകൾ അംഗീകരിക്കപ്പെട്ടിരുന്നില്ല. മൂലധനത്തിനും മുതലുടമയ്ക്കും അമിത പ്രാധാന്യം ലഭിച്ച കാലഘട്ടമാണത്. തൊഴിലും തൊഴിലാളിയും രണ്ടാംതരം ഘടകങ്ങളായി അധഃപതിച്ചു. തൊഴിൽ വ്യവസ്ഥകൾ മുതലുടമയും തൊഴിലാളിയും തമ്മിൽനടക്കുന്ന വിലപേശലിൻെറ അടിസ്ഥാനത്തിൽ നിശ്ചയിക്കപ്പെടാൻ തുടങ്ങിയതുമുതൽ സ്വാഭാവികമായും മുതലുടമ അസംഘടിതരായ തൊഴിലാളികളെ ചൂഷണത്തിനു വിധേയരാക്കി. അങ്ങനെയാണു തൊഴിലാളി വിഭാഗം കടുത്ത ദാരിദ്ര്യത്തിനും കഷ്ടതകൾക്കും അടിപ്പെട്ടത്. ഭൗതിക പുരോഗതിക്കും സ്വാർത്ഥതാത്പര്യങ്ങൾക്കും അമിത പ്രാധാന്യം നല്കിയ മുതലാളിത്ത സാമ്പത്തിക വീക്ഷണമാണ് ഈ ദുരവസ്ഥയ്ക്കു വഴിയൊരുക്കിയ പ്രധാനകാരണങ്ങളിലൊന്ന്. തൊഴിലാളികളുടെ ദുരവസ്ഥയ്ക്കു പരിഹാരമായി മാർക്സു മുതലായവർ കമ്മ്യൂണിസ്റ്റു പ്രസ്ഥാനം തുടങ്ങി. പക്ഷേ, അത് അപര്യാപ്തവും അപകടകരവുമായിരുന്നുവെന്നു ചരിത്രം തെളിയിച്ചുകഴിഞ്ഞു.

## സഭയും തൊഴിലാളികളുടെ പ്രശ്നങ്ങളും

തൊഴിലാളികളുടെ ദുരവസ്ഥ പരിഹരിക്കുന്നതിനു സഭ തൻേറതായ പരിഹാരം നിർദ്ദേശിച്ചിട്ടുണ്ട്. പരസ്പര പൂരകങ്ങളായ രണ്ടുവിധ സമീപനങ്ങളാണു സഭയ്ക്കുള്ളത്.

അധാർമ്മികമായ തൊഴിൽ വ്യവസ്ഥകളുടെ പരിണതഫലമായി നിരാലംബരാകുന്നവർക്കു ഭക്ഷണം, വസ്ത്രം, പാർപ്പിടം, ചികിത്സ, തുടങ്ങിയവ നല്കി അവരുടെ കഷ്ടതകൾക്കു പരിഹാരം ഉണ്ടാക്കുകയാണ് ആദ്യത്തെരീതി. ഫ്രെഡറിക് ഓസ്സാനാമിൻെറ നേതൃത്വത്തിൽ രൂപം കൊണ്ടതും ഇന്നു ലോകവ്യാപകമായിത്തീർന്നിട്ടുള്ളതുമായ വിൻസൻറ് ഡി പോൾ സംഘടനയും കോൾപ്പിങ്ങ് എന്ന ജർമ്മൻ വൈദികൻ രൂപം കൊടുത്ത ''കോൾപ്പിങ്ങ് ഫാമിലി'' എന്ന പ്രസ്ഥാനവും ഈ ലക്ഷ്യം വച്ചു പ്രവർത്തിക്കുന്ന അനേകം സംഘടനകളുടെ ഉദാഹരണങ്ങളാണ്.

തൊഴിൽ മേഖലയെ ദൈവഹിതമനുസരിച്ചു നവീകരിക്കുന്നതിനാവശ്യമായ താത്ത്വികവും ദൈവശാസ്ത്രപരവുമായ മൂല്യങ്ങൾ ആവിഷ്കരിക്കാനുള്ള സഭയുടെ പരിശ്രമമാണു രണ്ടാമത്തെ സമീപനം. ഇതാണു തൊഴിൽ മേഖലയിലെ സഭയുടെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന.



ഫ്രെഡറിക് ഓസ്സാനാം
(1813-1853)



അഡോൾഫ് കോൾപ്പിങ്ങ്
(1813-1865)

തൊഴിലിൻെറ സവിശേഷതകൾ ആവിഷ്കരിച്ച് ഒരു താത്ത്വിക അടിത്തറ ഉറപ്പിക്കാനാണു സഭ ശ്രമം നടത്തിയിട്ടുള്ളത്. ഇതിൻെറ ഫലമായി തൊഴിലാളികളുടെ അടിസ്ഥാനാവകാശങ്ങൾ സംരക്ഷിക്കുന്നതിനു സഹായകമായ പല വ്യവസ്ഥിതികളും നിലവിൽ വന്നിട്ടുണ്ട്. തൊഴിൽ, ഉത്പാദന പ്രക്രിയയുടെ പ്രഥമ നിമിത്തകാരണമാണെന്നും ആത്യന്തികമായി അതിൻെറ ലക്ഷ്യം തൊഴിലാളിയുടെ സർവ്വതോമുഖമായ നന്മയാണെന്നുമുള്ള സഭയുടെ പ്രബോധനം തൊഴിൽ മേഖലയിൽ ദൂരവ്യാപകമായ പരിവർത്തനങ്ങൾ സൃഷ്ടിക്കുമെന്നു നമുക്കു ന്യായമായും പ്രതീക്ഷിക്കാം.

**ഉത്തരങ്ങൾ പഠിക്കുക**

1. തൊഴിൽ എന്നാലെന്ത്? തൊഴിലിനെ സംബന്ധിച്ചുള്ള തെറ്റായ വീക്ഷണങ്ങളേവ?
2. തൊഴിലിനെ സംബന്ധിച്ചുള്ള ക്രൈസ്തവ വീക്ഷണമെന്ത്?
3. തൊഴിലിൻെറ ആവശ്യകത വ്യക്തമാക്കുക.
4. തൊഴിലാളിയുടെ ന്യായമായ അവകാശങ്ങൾ ഏവയെന്നു സംഗ്രഹിച്ചെഴുതുക.
5. തൊഴിലാളികളുടെ ദുരവസ്ഥ പരിഹരിക്കുന്നതിന് എന്ത് പരിഹാരമാർഗ്ഗമാണു സഭ നിർദ്ദേശിക്കുന്നത്?
6. കൂലിയെ സംബന്ധിച്ചുള്ള ബൈബിൾ പ്രബോധനമെന്ത്?

**പ്രാവർത്തികമാക്കുക**

1. തൊഴിലിനെക്കുറിച്ചുള്ള ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ ചാക്രിക ലേഖനം വായിക്കുക.

**ചർച്ചചെയ്യുക**

1. തൊഴിലാളികളുടെ ക്ഷേമത്തിന്നായി സഭ ചെയ്യുന്ന സേവനങ്ങളും രാഷ്ട്രീയ പാർട്ടികൾ ചെയ്യുന്ന സേവനങ്ങളും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ.
2. തൊഴിലാളികൾക്കായി നടത്തപ്പെടുന്ന ഒരു ബോധവത്കരണ സെമിനാറിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ ചർച്ചചെയ്തു കണ്ടെത്തുക.

# 9

# ക്രൈസ്തവ മൂല്യങ്ങളും സമ്പർക്കമാധ്യമങ്ങളും

സാമൂഹികസമ്പർക്കമാധ്യമങ്ങളുടെ ഒരു മാസ്മര ലോകത്താണ് ഇന്നു നമ്മുടെ ജീവിതം. മനസ്സിലുള്ള പുതിയ പുതിയ ആശയങ്ങളും ലോകത്തെമ്പാടും നടക്കുന്ന നവംനവങ്ങളായ വാർത്തകളും, വേഗത്തിലും എളുപ്പത്തിലും വ്യക്തമായും ആകർഷകമായും മനുഷ്യസമൂഹത്തിലെത്തിക്കാനുള്ള ബദ്ധപ്പാടിലും വ്യഗ്രതയിലുമാണ് ഇന്നു സമ്പർക്ക മാധ്യമലോകം.

നമ്മുടെ മുൻപിലുള്ള വ്യക്തിയോടൊ സമൂഹത്തോടൊ ബന്ധപ്പെടുന്നതിനുള്ള സാധാരണ മാധ്യമം ഭാഷണമാണ്. നേരിട്ടു കാണുകയോ പരിചയപ്പെടുകയോ ചെയ്യാത്ത ചിന്തകന്മാരും, സാഹിത്യകാരന്മാരും ശാസ്ത്രജ്ഞന്മാരും സാമൂഹികപരിഷ്കർത്താക്കളും ആശയം പങ്കുവയ്ക്കുന്നത് അച്ചടിച്ച പുസ്തകങ്ങൾ വഴിയാണ്. ഭാഷയുടെ ദൃശ്യരൂപത്തിൻെറ സമസ്ത സാദ്ധ്യതകളും പരമാവധി പ്രയോജനപ്പെടുത്തിവരുകയാണ് ഇന്ന് മുദ്രണകല. കളർ ചിത്രങ്ങളും മാപ്പുകളും ചാർട്ടുകളും സജീവചിത്രങ്ങളും ചേർത്ത് ആകർഷകമായി സംവിധാനം ചെയ്ത് ഓഫ്സെറ്റു പ്രസ്സുകളിലാണ് ഇന്നു പത്രമാസികകൾ അച്ചടിക്കുന്നതു്. പോസ്റ്ററുകൾ, കാർട്ടൂൺ ചിത്രങ്ങൾ തുടങ്ങിയവയും സമൂഹത്തെ സ്വാധീനിക്കുന്ന മാധ്യമങ്ങളാണ്.

മാധ്യമങ്ങളുടെ വികാസത്തോടെ മനുഷ്യൻെറ സമ്പത്തു ഏറി വരുകയാണ്. പത്രങ്ങളും വാരികകളും നാം ജീവിക്കുന്ന ഈ ലോകത്തെപ്പറ്റിയുള്ള സ്ഥിതിവിവരങ്ങൾ സമാഹരിച്ചു കഴിയുന്നത്ര വേഗം നമ്മുടെ കൺമുമ്പിലെത്തിക്കുന്നു.

മാനവ ചരിത്രത്തിൽ ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കിയിട്ടുള്ള പ്രസ്ഥാനങ്ങളുടെയും സംഭവങ്ങളുടെയും വിപ്ലവങ്ങളുടെയും സ്രോതസ്സ് ആശയങ്ങളാണല്ലോ. ലോകത്തിന്റെ ഗതിവിഗതികളെയും മനുഷ്യന്റെ പെരുമാറ്റ സംഹിതകളെയും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ആശയങ്ങൾ അതിവേഗം ലോകത്തങ്ങോളമിങ്ങോളമുള്ള മനുഷ്യർക്ക് എത്തിച്ചുകൊടുക്കുന്നതു മിക്കപ്പോഴും ഗ്രന്ഥങ്ങൾ വഴിയാണ്. എത്രയെല്ലാം അത്യാധുനിക ആശയ മാധ്യമങ്ങൾ ഉണ്ടായാലും പുസ്തകങ്ങളുടെ പ്രാധാന്യം കുറഞ്ഞു പോവുകയില്ല.

ഭാഷയുടെ ശ്രാവ്യരൂപത്തിന്റെ എല്ലാവിധ സാധ്യതകളെയും ചൂഷണം ചെയ്യുന്ന സാമൂഹികസമ്പർക്ക മാധ്യമമാണു റേഡിയോ. ഭാഷയുടെ ദൃശ്യവും ശ്രാവ്യവുമായ രൂപങ്ങളുടെ സമജ്ഞസ സമ്മേളനമായ ടെലിവിഷനാണു സാമൂഹികസമ്പർക്ക മാധ്യമങ്ങളുടെ മുന്നണിയിൽ ഇന്നു നില്ക്കുന്നത്. ചലച്ചിത്രത്തെയും ഇക്കൂട്ടത്തിൽപ്പെടുത്താം. ടെലിവിഷന്റെ പ്രചുര പ്രചാരത്തോടുകൂടി ചലച്ചിത്രത്തിന്റെ പ്രാധാന്യം മങ്ങിത്തുടങ്ങിയിരിക്കുന്നു. ആവർത്തിച്ചു കണ്ടും കേട്ടും പഠിക്കേണ്ട കാര്യങ്ങൾ കാന്തിക ടേപ്പിലും (Magnetic Tape), വീഡിയോയിലും രേഖപ്പെടുത്തിയെടുത്ത് പഠനോപകരണമായി പരിഷ്കൃത രാജ്യങ്ങളിൽ ഇപ്പോൾ ഉപയോഗിച്ചു വരുന്നുണ്ട്. ഇന്ത്യയിലും ഇതിനു പ്രചാരം ലഭിച്ചുകൊണ്ടിരിക്കുന്നു.




*മാധ്യമങ്ങളുടെ മാസ്മരലോകം*

സ്ഥിതിവിവരകണക്കുകളുടെയും വിജ്ഞാന രത്നങ്ങളുടെയും വൻശേഖരങ്ങളിൽ നിന്നു നമുക്കാവശ്യമായ വിവരം ഞൊടിയിടക്കുള്ളിൽ തിരഞ്ഞെടുത്തു തരുന്ന കമ്പ്യൂട്ടർ, ബഹുജന മാധ്യമങ്ങളിലേക്കു കടന്നുവന്നു സ്ഥാനമുറപ്പിച്ചിരിക്കുന്നു. അനേകായിരം മൈലുകൾക്കപ്പുറത്തുള്ള വിജ്ഞാനശേഖര കേന്ദ്രങ്ങളെ വലുതും ചെറുതുമായ ഒട്ടേറെ കമ്പ്യൂട്ടറുകൾ ഉൾപ്പെടുന്ന ഒരു ശൃംഖലയോടു ബന്ധിച്ചിരിക്കുന്നു. ആവശ്യക്കാർ നിശ്ചിത ബട്ടനുകൾ അമർത്തുകയേ വേണ്ടൂ. നിമിഷത്തിനുള്ളിൽ അവർക്കു വേണ്ട വിവരം ലഭിക്കുകയായി. മനുഷ്യവംശത്തിന് ഇതഃപര്യന്തമുണ്ടായിട്ടുള്ള എല്ലാ നേട്ടങ്ങളെയും കൈപ്പിടിയിലൊതുക്കുവാൻ കമ്പ്യൂട്ടറിനു കഴിയും.

സാമൂഹ്യസമ്പർക്ക മാധ്യമങ്ങളുടെ പ്രസക്തി അത്ഭുതപൂർവ്വമായി വർദ്ധിച്ചിരിക്കുന്ന ഈ കാലയളവിൽ അവയോടു ക്രൈസ്തവരായ നാം എങ്ങനെ പ്രതികരിക്കണമെന്നും നമ്മുടെ വിശ്വാസ ജീവിതത്തിൽ അവയെ എങ്ങനെ വിനിയോഗിക്കണമെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു.

## മാധ്യമങ്ങളുടെ മാസ്മരശക്തി

ഇന്നത്തെ മനുഷ്യനെ സമ്പർക്ക മാധ്യമങ്ങൾ ഒട്ടേറെ സ്വാധീനിക്കുന്നുണ്ട് എന്ന കാര്യം തീർച്ചയാണ്. എന്തു വാങ്ങണം, എന്തു കഴിക്കണം, എന്തു ധരിക്കണം എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ചു കല്പന നല്കുന്നവയായിത്തീർന്നിരിക്കുന്നു ഇന്നത്തെ മാധ്യമങ്ങളിൽക്കൂടി വരുന്ന പരസ്യങ്ങൾ. യുവതീയുവാക്കളെ ആകർഷിക്കാൻ എന്തെല്ലാം തന്ത്രങ്ങളാണു പരസ്യക്കമ്പനികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്! സാധാരണ മനുഷ്യസങ്കല്പത്തിൽ എത്താത്ത ഭാവനാവിലാസം പരസ്യക്കമ്പനികളുടെ വിചിത്ര പരസ്യങ്ങളിൽ കാണാം. തങ്ങളുടെ ഉത്പന്നം വാങ്ങാൻ പ്രേക്ഷകരിൽ മോഹം ഉണർത്തുകയാണു പരസ്യക്കാരുടെ ലക്ഷ്യം. അതിനായി എന്തുതന്ത്രം പ്രയോഗിക്കാനും അവർ തയ്യാറാണ്. ഉത്പന്നങ്ങളുടെ മേന്മ കൊട്ടിഘോഷിക്കുന്നതോടൊപ്പം അവ ഉപയോഗിച്ച സൗന്ദര്യധാമങ്ങളെ പ്രദർശിപ്പിക്കാനും ഇവർക്കു മടിയില്ല.

പരസ്യക്കമ്പനിക്കാർ പ്രദർശിപ്പിക്കുന്ന ആർഭാടവസ്തുക്കൾ

വാങ്ങാൻ കഴിവില്ലാത്ത ദരിദ്രജനലക്ഷങ്ങളിൽ കടുത്ത നിരാശ വളർത്താനും ഈ പരസ്യങ്ങൾ പലപ്പോഴും കാരണമാകുന്നു. പ്രസ്തുത സാധനങ്ങൾ സ്വന്തമാക്കാനുള്ള അതിരുകവിഞ്ഞ ആഗ്രഹം അവരെ മോഷ്ടാക്കളോ വഞ്ചകരോ ആക്കിത്തീർത്തെന്നു വരാം. അതുപോലെതന്നെ, ഒരു ഉപഭോക്തൃ സംസ്കാരം നമ്മുടെയിടയിൽ വളർത്തിയെടുക്കാനും പരസ്യങ്ങൾ കാരണമായിത്തീരുന്നു. സാധനങ്ങൾ വാങ്ങാൻ ക്യൂ നിൽക്കുന്നവരുടെ കൺമുമ്പിലൂടെ കടന്നുപോകുന്ന പരസ്യങ്ങൾ അവരുടെ തീരുമാനത്തെ സ്വാധീനിക്കാതിരിക്കില്ല. ഇല്ലാത്ത ആവശ്യം ഉണ്ടാക്കിയെടുത്ത് ആ സാധനങ്ങൾ സ്വന്തമാക്കാൻ അവർ പരിശ്രമിക്കും.

അതിരുകവിഞ്ഞ അനുകരണഭ്രമം നമ്മിൽ ഉളവാക്കാൻ പരസ്യങ്ങൾക്കുള്ള കഴിവു വളരെ വലുതാണ്. സിനിമയിലും ടെലിവിഷനിലും പ്രത്യക്ഷപ്പെടുന്ന താരങ്ങളുടെ വേഷവിധാനരീതികൾ, അവർ അണിയുന്ന ആടയാഭരണങ്ങൾ എന്നിവ ജനഹൃദയങ്ങളെ ഹഠാദാകർഷിക്കുന്നു. വെള്ളിത്തിരയിലെ ഇഷ്ടതാരങ്ങളെ അനുകരിക്കുക ജീവിത പ്രമാണമാക്കിയിരിക്കുന്ന വ്യക്തികളും ഇന്നു കുറവല്ല. ജീവിത വീക്ഷണത്തെയും ധാർമ്മികതയെയും ഇതു പ്രതികൂലമായി ബാധിക്കുന്നുണ്ട്.

ആശയ മാധ്യമങ്ങൾക്കു മതവിശ്വാസത്തെ പ്രോജ്ജ്വലിപ്പിക്കാനും കഴിവുണ്ട്. പത്രമാസികകളിലൂടെ വരുന്ന പരസ്യങ്ങളും സാഹിത്യകൃതികളും മതവികാരത്തെ വ്രണപ്പെടുത്തുന്നവയായിത്തീരാറുമുണ്ട്.

## സമ്പർക്ക മാധ്യമങ്ങളുടെ ലക്ഷ്യങ്ങൾ

സമ്പർക്ക മാധ്യമങ്ങൾക്കു മൂന്നു പ്രധാനലക്ഷ്യങ്ങളുണ്ട്. അറിവു നല്കുക; പഠിപ്പിക്കുക; വിനോദം പ്രദാനം ചെയ്യുക.

അറിവു നല്കുക:- ചുറ്റുപാടുമുള്ള ലോകത്തു നടക്കുന്ന വിവരങ്ങൾ അപ്പപ്പോൾ നല്കാൻ ഇന്നു മാധ്യമങ്ങൾക്കു കഴിയും. സ്വന്തം രാജ്യത്തു സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മണ്ഡലങ്ങളിൽ ഉണ്ടാകുന്ന ചെറിയ ചലനങ്ങൾ പോലും മനസ്സിലാക്കാൻ കഴിയുന്നതോടൊപ്പം മറ്റു രാഷ്ട്രങ്ങളിൽ ഈ തലത്തിലുണ്ടാകുന്ന മുന്നേറ്റങ്ങളും പാളിച്ചകളും കണ്ടുപിടിക്കാനും മാധ്യമങ്ങൾ അവസരം നല്കുന്നു. ജീവിതശൈലിയിലും മനോ

ഭാവത്തിലും മാറ്റത്തിൻെറ വിത്തുവിതയ്ക്കാൻ കഴിയുന്നു. അനേകംപേരെ ഒരേസമയത്ത് എത്തിപ്പിടിക്കുന്ന മാധ്യമങ്ങൾ അഭിപ്രായ രൂപീകരണത്തിനു കളമൊരുക്കുന്നു.

സത്യസന്ധവും വസ്തുനിഷ്ഠവുമായ അറിവു ശേഖരിക്കുന്നതിലും അവതരിപ്പിക്കുന്നതിലും മാധ്യമ വിദഗ്ധർ പരാജയപ്പെടുമ്പോഴാണ് ഈ തലത്തിൽ വ്യതിചലനം സംഭവിക്കുക. മുൻവിധി കൂടാതെ, സ്ഥാപിതതാത്പര്യമില്ലാതെ, വാർത്തകൾ, ശ്രോതാക്കളിലെത്തിക്കുമ്പോഴാണ് ഇവയ്ക്കു പിന്നിൽ പ്രവർത്തിയ്ക്കുന്നവർ ആശയ വിനിമയത്തിൻെറ ധാർമ്മികത കാത്തുസൂക്ഷിക്കുന്നത്.

പഠിപ്പിക്കുക:–അധ്യാപകനു പകരം നില്ക്കാൻ മാധ്യമങ്ങൾക്കു കഴിയുകയില്ലെങ്കിലും വിദ്യാലയങ്ങളിൽനിന്നു നേടിയ അറിവു വികസിപ്പിക്കാനും വളർത്താനും ഇവയ്ക്കു കഴിയുന്നു. അനുദിനം ശാസ്ത്ര സാങ്കേതിക രംഗങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന വളർച്ചയെക്കുറിച്ച് ഇന്നത്തെ മനുഷ്യൻ അറിവുള്ളവനായിരിക്കണം. എങ്കിലേ ഈ നേട്ടങ്ങൾ അവൻെറ പണിപ്പുരയിൽ അവൻെറ സഹായത്തിനുതകുകയുള്ളു.

വിനോദം പ്രദാനം ചെയ്യുക:–മാധ്യമങ്ങളുടെ അപ്രധാനമല്ലാത്തൊരു ധർമ്മമാണു വിനോദം പ്രദാനം ചെയ്യുകയെന്നത്. തിരക്കിട്ട ജീവിതത്തിൽ ആയാസരഹിതമായ ഇടവേളകൾകൊണ്ടു മനസ്സിൻെറ പിരിമുറക്കം കുറയ്ക്കാൻ ഇവയ്ക്കു കഴിയുന്നു.

സ്വപ്നങ്ങളുടെ ഫാക്ടറിയായ സിനിമയും മിനിസ്ക്രീനും ഒരു വിനോദോപാധിയായി മാത്രം പലപ്പോഴും ഉപയോഗിച്ചതുവഴി ഈ മാധ്യമങ്ങൾ വിനോദത്തിനുവേണ്ടി മാത്രമുള്ളതാണെന്ന ധാരണ സാധാരണജനങ്ങളിലുണ്ടായിട്ടുണ്ട്. ഇതിനു പ്രധാനമായും ഉത്തരവാദികൾ മാധ്യമ സംവിധായകർ തന്നെ.

## സമ്പർക്ക മാധ്യമങ്ങളുടെ മേന്മ

ഉദാത്തമായ ചിന്തയിലേക്കും ജീവിത വീക്ഷണങ്ങളിലേക്കും മനുഷ്യ മനസ്സിനെ നയിക്കാൻ ഈ മാധ്യമങ്ങൾക്കു സാധിക്കുമെന്നതും തർക്കമറ്റ വസ്തുതയാണ്. നിരാശയുടെ ആഴക്കടലിലേക്കു താണു പോകുന്നവരെ പ്രത്യാശയിലേക്കു ന

യിക്കാനും ജീവിതം പച്ചപിടിപ്പിക്കാനും സോദ്ദേശ്യചിത്രങ്ങൾക്കും നാടകങ്ങൾക്കും അതുപോലെയുള്ള മറ്റുകലാരൂപങ്ങൾക്കും സാധിക്കുന്നുണ്ട്. വിപണിയിലെത്തുന്ന പുതിയ പുതിയ സാധനങ്ങൾ പരസ്യങ്ങളിലൂടെ ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുന്നതിനും ഒരു ഭാവാത്മകവശമുണ്ട്. കൂടുതൽ അറിവു നേടാനും മെച്ചപ്പെട്ടവയിലേക്കു കുതിയ്ക്കാനും മനുഷ്യമനസ്സിനുള്ള ആഗ്രഹത്തെയാണ് ഈ മാധ്യമം സാക്ഷാത്കരിക്കുന്നത്.

യഥാർത്ഥ ലക്ഷ്യങ്ങളിൽ നിന്നു മാധ്യമങ്ങൾ വ്യതിചലിക്കുമ്പോഴാണു മനുഷ്യവികസനത്തിനും നന്മയിലേക്കുള്ള വളർച്ചയ്ക്കും അവ തടസ്സമായിത്തീരുന്നത്.

## മാധ്യമങ്ങളെ എങ്ങനെ വീക്ഷിക്കണം

മാധ്യമങ്ങൾക്കുള്ള പ്രാധാന്യമെന്തെന്നു നാം കണ്ടല്ലോ. എല്ലാ മാധ്യമങ്ങളും പകർന്നു നല്കുന്ന ആശയങ്ങൾ സ്വീകാര്യമാകണമെന്നില്ല. മനുഷ്യമനസ്സിനെ സംസ്കരിച്ചെടുക്കാനും ഭാവനയെ ഉദാത്തീകരിക്കാനും ഉതകുന്ന നല്ല ആശയങ്ങൾ അവ പകരുന്നുണ്ട്. അതേസമയം മനുഷ്യമനസ്സിനെ മലീമസമാക്കുന്ന ദുഷിച്ച ആശയങ്ങളും മാധ്യമങ്ങൾ പ്രചരിപ്പിക്കും. കച്ചവടലക്ഷ്യത്തോടെ സിനിമാ നിർമ്മാണരംഗത്തും പ്രസിദ്ധീകരണരംഗത്തും പ്രവർത്തിക്കുന്നവരിൽ നിന്ന് എല്ലായ്പ്പോഴും നന്മ പ്രതീക്ഷിക്കാനാവില്ല. അശ്ലീല പ്രസിദ്ധീകരണങ്ങളും അശ്ലീല സിനിമകളും, കുട്ടികളെയും, യുവാക്കളെയും വഴിതെറ്റിക്കുമെന്നതിൽ സംശയമില്ല. അക്രമവാസനയിൽ വളരാനും മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിപ്പെടാനും ഇത്തരം പ്രസിദ്ധീകരണങ്ങളും സിനിമകളും കാരണമാകും. ജീവിതം അർത്ഥശൂന്യമാണെന്ന ചിന്ത വളർത്തുകയും നിരാശയിലേക്കും ആത്മഹത്യയിലേക്കും നയിക്കുകയും ചെയ്യുക എന്ന അപകടം അവയിൽ ഒളിഞ്ഞിരിക്കുന്നു.

ഏതാണു നല്ലതെന്നും ഏതാണു ചീത്തയെന്നും തിരിച്ചറിയാനുള്ള കഴിവു ദൃശ്യശ്രാവ്യമാധ്യമ സംസ്കാരത്തിൽ ജീവിക്കുന്ന വ്യക്തിക്ക് ഒഴിച്ചുകൂടാനാവാത്തതാണ്. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഈ തിരഞ്ഞെടുപ്പിൽ പ്രധാന മാനദണ്ഡമായി നിലകൊള്ളേണ്ടത് ക്രൈസ്തവ മൂല്യങ്ങളാണ്. മാധ്യമ

ങ്ങളെ ശരിയായി ഉപയോഗിക്കാൻ ഇവ കൈകാര്യം ചെയ്യുന്നവർ ധാർമ്മിക തത്ത്വങ്ങൾ ശരിക്കറിഞ്ഞിരിക്കേണ്ടതാണ് എന്നു വത്തിക്കാൻ കൗൺസിൽ ഓർമ്മിപ്പിക്കുന്നു. എന്തു കാണണം എന്തു കേൾക്കണം എന്തു വായിക്കണം എന്ന കാര്യത്തിൽ കുട്ടികൾക്കു വ്യക്തമായ അവബോധം ഉണ്ടായിരിക്കണം. കുടുംബത്തിൽ നിന്നുതന്നെ ഈ അവബോധത്തിന്റെ അടിസ്ഥാനം കിട്ടേണ്ടിയിരിക്കുന്നു.

ദൃശ്യശ്രാവ്യ സംസ്കാരത്തിൽ ജീവിക്കുന്ന നമ്മെ നേരിടുന്ന മറ്റൊരു വലിയ വിപത്താണു മാധ്യമങ്ങളുടെ അടിമകളായിത്തീരുക എന്നത്. ടെലിവിഷൻപോലുള്ള മാധ്യമങ്ങൾ നമ്മുടെ വിലപ്പെട്ട സമയം വളരെയധികം അപഹരിക്കുന്നുണ്ട്. ടെലിവിഷനിലൂടെ വരുന്ന പരിപാടികൾ എത്ര പ്രയോജന പ്രദങ്ങളാണെങ്കിലും പഠനം, ജോലി,പ്രാർത്ഥന മുതലായവ മറന്നു ടെലിവിഷന്റെ മുമ്പിലിരിക്കുന്നതു ശരിയല്ല. ടെലിവിഷൻ കാണാനുള്ള സമയത്തിനു വിവേചനബുദ്ധിയോടെ ഒരു പരിധി കല്പിക്കേണ്ടതുണ്ട്. വീഡിയോയുടെ ഉപയോഗത്തിലും ഈ നിയന്ത്രണം ആവശ്യമാണ്. ധാർമ്മിക മൂല്യങ്ങളെ അവഗണിക്കുന്ന പരിപാടികൾ വീഡിയോയിലൂടെ ആസ്വദിക്കുന്നതു തിന്മയാണ്. അതേസമയം നല്ല പരിപാടികളാണെങ്കിലും ആവശ്യത്തിലധികം സമയം അതിനുവേണ്ടി മാറ്റിവയ്ക്കുന്നതു ശരിയല്ല.

## മാധ്യമങ്ങളോടുള്ള പ്രതികരണം

നല്ല ആശയങ്ങൾ പ്രദാനം ചെയ്യുന്ന മാധ്യമങ്ങളെ നമ്മൾ സ്വാഗതം ചെയ്യണം. അതേസമയം ദുഷിച്ച ആശയങ്ങൾ പ്രചരിപ്പിക്കുന്ന മാധ്യമങ്ങളെ തള്ളിപ്പറയാനുള്ള ധൈര്യം പ്രദർശിപ്പിക്കുകയും വേണം. സമൂഹത്തിന്റെ പൊതുപ്രവണതയ്ക്കെതിരേ നീങ്ങാനുള്ള കരുത്തുണ്ടെങ്കിലേ ഇതു വിജയിക്കൂ. ധാർമ്മിക ശോഷണത്തിനു ,കളമൊരുക്കുന്ന മാധ്യമങ്ങൾക്കെതിരേ ശബ്ദമുയർത്താനുള്ള ബാദ്ധ്യത ക്രൈസ്തവനുണ്ട്. തങ്ങളുടെ ആത്മനാശനത്തിന് ഇടവരുത്തിയേക്കാവുന്ന അഥവാ അതിനു സന്ദർഭം നല്കുന്ന എല്ലാറ്റിനെയും ക്രൈസ്തവർ വർജ്ജിക്കേണ്ടതാണ് എന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ അനുസ്മരിപ്പിക്കുന്നു (മാധ്യമങ്ങൾ ൭). മനസ്സിനെ മലീമസമാക്കുന്ന പത്രമാസികകളും സിനിമകളും വർജ്ജിക്കുകയും വർജ്ജിക്കുവാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുകയും ചെയ്യണം. മാധ്യമാവബോധ സെമി

നാറുകളിലൂടെയും ചർച്ചകളിലൂടെയും ഈ ആശയപ്രചാരണം നടത്തേണ്ടതാണ്. മനുഷ്യകുലത്തിൻെറ നന്മയും ലോകത്തെ ക്കുറിച്ചുള്ള ദൈവികപദ്ധതിയുടെ പൂർത്തീകരണവും ലക്ഷ്യമാക്കി പുത്തൻ കണ്ടുപിടിത്തങ്ങളും സാങ്കേതികവിദ്യകളും സൃഷ്ടിപരമായി ഉപയോഗിക്കുക എന്നതു ദൈവജനത്തിൻെറ കടമയാണ്.

അരങ്ങിലും വെള്ളിത്തിരയിലും കടലാസ്സിലും കാണുന്നവയെ വിമർശനബുദ്ധിയോടെ വീക്ഷിക്കാനും വിലയിരുത്താനും കഴിയുമ്പോൾ മാത്രമേ മാധ്യമങ്ങളുടെ തെറ്റായ സ്വാധീനത്തിൽ നിന്നു മോചനം നേടാനാകൂ! സാഹിത്യക്യാമ്പുകൾ, നാടക പഠനക്കളരി, ചലച്ചിത്രാസ്വാദന കോഴ്സ് മുതലായവ ഈ തലത്തിൽ അനുഭോക്താക്കളെ പരിശീലിപ്പിക്കാൻ പറ്റിയ വേദികളാണ്. കലാപരമായ മേന്മയുള്ളതും അതേസമയം ധാർമ്മികതയും മാനുഷികമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതുമായ മാധ്യമങ്ങളെ തിരിച്ചറിയാൻ ഇത്തരം പഠന വേദികൾ സഹായിക്കും.

## മാധ്യമങ്ങളും വചനപ്രഘോഷണവും.

ദൃശ്യശ്രാവ്യ സംസ്കാരത്തിൽ ജീവിക്കുന്ന നമുക്കു ദൈവവചനവും ഈ മാദ്ധ്യമത്തിലൂടെ എത്തിക്കുവാനുള്ള ബാദ്ധ്യതയുണ്ട്. സുവിശേഷ പ്രഘോഷണം എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ പോൾ ആറാമൻ മാർപാപ്പ പഠിപ്പിക്കുന്നതിങ്ങനെയാണ്: "വിശ്വാസത്തിൻെറ ആദ്യപ്രഘോഷണവും അതിൻെറ ആഴപ്പെടുത്തലും വിനിമയ മാധ്യമങ്ങൾ·കൂടാതെ സാദ്ധ്യമല്ല... മനുഷ്യപ്രയത്നം അനുദിനം കൂടുതൽ പൂർണ്ണമാക്കുന്ന ശക്തമായ ഈ മാധ്യമങ്ങൾ ഉപയോഗിച്ചില്ലെങ്കിൽ സഭ കർത്താവിൻെറ മുൻപിൽ കുറ്റക്കാരിയായി നില്ക്കേണ്ടി വരും. താൻ പരിരക്ഷിക്കേണ്ട ആ സന്ദേശം സഭ പുരമുകളിൽ നിന്നു (മത്താ. 10:27; ലൂക്കാ 12:3) പ്രസംഗിക്കുന്നത് അവയിലൂടെയാണ്" (സുവിശേഷ പ്രഘോഷണം-45).

പത്രമാസികകൾ, റേഡിയോ, ടെലിവിഷൻ, സിനിമ എന്നീ സമ്പർക്ക മാധ്യമങ്ങളെ വചനപ്രഘോഷണ മാധ്യമങ്ങളായി ഉപയോഗിക്കാൻ നാം പരമാവധി പരിശ്രമിക്കണം. ക്രൈസ്തവമൂല്യങ്ങളുൾക്കൊള്ളുന്ന സാഹിത്യകൃതികൾക്ക് വേണ്ടത്ര പ്രോത്സാഹനം നല്കുക ഇതിനാവശ്യമാണ്. സുവിശേഷാദർശങ്ങ

ളുൾക്കൊള്ളുന്ന സാഹിത്യസൃഷ്ടികളും നാടകങ്ങളും സിനിമകളും പ്രചരിപ്പിക്കുവാൻ ക്രൈസ്തവർ മുന്നോട്ടു വരേണ്ടതുണ്ട്. റേഡിയോ സ്റ്റേഷനുകളും ടെലിവിഷൻ കേന്ദ്രങ്ങളും സ്വതന്ത്രമായി വിനിയോഗിക്കാൻ കഴിയുകയില്ല. എങ്കിലും, നമുക്ക് ഈ രംഗത്ത് ഒന്നും ചെയ്യാനാവില്ലെന്നു പറഞ്ഞു നിസ്സംഗതയോടെ മാറിനില്ക്കേണ്ടതില്ല. നമ്മുടെ കലാകാരന്മാർ ഈ രംഗത്തേക്ക് കടന്നു വരേണ്ടതാണ്.

## ഉത്തരങ്ങൾ പഠിക്കുക

1. പ്രധാനപ്പെട്ട സമ്പർക്കമാധ്യമങ്ങൾ ഏവ? അവയുടെ പ്രസക്തിയെന്ത്?
2. ഇന്നത്തെ മനുഷ്യനെ സമ്പർക്കമാധ്യമങ്ങൾ എത്രമാത്രം സ്വാധീനിക്കുന്നുവെന്ന് ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കുക.
3. സമ്പർക്കമാധ്യമങ്ങളുടെ പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ ഏവ?
4. സമ്പർക്കമാധ്യമങ്ങൾ കൊണ്ടുള്ള പ്രയോജനങ്ങൾ ഏവ?
5. മാധ്യമങ്ങളോടുള്ള പ്രതികരണം എപ്രകാരമായിരിക്കണം?
6. വചന പ്രഘോഷണത്തിൽ മാധ്യമങ്ങൾ എപ്രകാരം പ്രയോജനപ്പെടുത്താം?

## പ്രാവർത്തികമാക്കുക

1. മദ്യപാനം, മയക്കുമരുന്നിൻെറ ഉപയോഗം ഇവയുടെ ദോഷഫലങ്ങൾ മനസ്സിലാക്കിത്തരുന്ന ചിത്രങ്ങളും കലാകൃതികളും ശേഖരിക്കുക.
2. ക്രൈസ്തവാദർശങ്ങൾ ഉൾക്കൊള്ളുന്ന ലഘുസാഹിത്യകൃതികൾ നിർമ്മിക്കുക.
3. സമ്പർക്ക മാധ്യമങ്ങളുടെ ദുരുപയോഗം കണ്ടെത്തി പ്രതികരിക്കാൻ ഒരു സമിതി രൂപവത്കരിക്കുക.

## ചർച്ച ചെയ്യുക

1. ടെലിവിഷൻ, വീഡിയോ എന്നിവയുടെ ഉപയോഗം എങ്ങനെ വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നുവെന്ന് ചർച്ചചെയ്യുക.
2. കത്തോലിക്കാ പത്രവാരികകൾ പ്രചരിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചർച്ചചെയ്ത് കണ്ടെത്തുക.

10

# കലയും ക്രിസ്തീയതയും

'ദൈവത്തിൻെറ കുപ്പായം' എന്ന പേരിൽ കാരൂരിൻെറ ഒരു ചെറുകഥയുണ്ട്. കടത്തുവഞ്ചി തുഴഞ്ഞ് ഉപജീവനം നടത്തിയിരുന്ന കുട്ടപ്പൻ എന്നു പേരായ ഒരു ബാലനാണ് അതിലെ നായകൻ. പലപ്പോഴും പകലന്തിയോളം വഞ്ചിയുമായി ചുറ്റിക്കറങ്ങിയാലും ഒരു നേരത്തെ ആഹാരം സമ്പാദിക്കാനുള്ള വകപോലും അവനു കിട്ടിയിരുന്നില്ല. പ്രായമായ അമ്മയെ സംരക്ഷിക്കുക എന്ന ചുമതലയും അവൻേറതായിരുന്നു.

ഒരു ദിവസം വൈകുന്നേരം ആരോ എടുക്കാൻ മറന്നുപോയ ഒരു കടലാസ്സുപൊതി വഞ്ചിയിലിരിക്കുന്നതായി അവൻ കണ്ടു. അവൻ അതുമായി വീട്ടിലെത്തി. നല്ലൊരു ഉടുപ്പും നിക്കറും. ഉടുക്കുവാൻ നല്ലൊരു മുണ്ടുപോലുമില്ലാതിരുന്ന അവനു സന്തോഷമായി. പക്ഷേ, അതുപയോഗിക്കുവാൻ അവൻെറ അമ്മ അനുവദിച്ചില്ല. ''അതുചെകുത്താൻെറ കുപ്പായമാണ്'', അവൾ അവനെ ഓർമ്മിപ്പിച്ചു, ''ദൈവം തരുന്നതിപ്രകാരമായിരിക്കില്ല.'' അത് തിരികെ വഞ്ചിയിൽത്തന്നെ കൊണ്ടുവയ്ക്കാൻ അവൻ നിർബന്ധിതനായി. ആരോ മറന്നിട്ടുപോയ ആ പൊതിക്കെട്ടു സ്വന്തമാക്കാൻ ആഗ്രഹിച്ച സ്നേഹിതനു നല്കുവാനും ആ ബാലൻ തയ്യാറായില്ല. ഉടമസ്ഥൻ വന്നു കൊണ്ടുപോയി എന്ന ഉപായം അമ്മയോടു പറയാൻ നിർബന്ധിച്ച സ്നേഹിതനോട് അവൻ പറഞ്ഞു: ''അമ്മയോടു ഞാൻ നേരു പറഞ്ഞില്ലെങ്കിൽ പിന്നാരാണു നേരു പറയുക; കള്ളം പറയാൻ എനിക്കു വയ്യ.''

അടുത്ത ദിവസം വഞ്ചിയിൽ കയറിയ ഒരു മനുഷ്യൻ

പൊതികെട്ടു തിരിച്ചറിഞ്ഞു. കുട്ടപ്പൻെറ സത്യസന്ധതയിൽ ആകൃഷ്ടനായ ആ യാത്രക്കാരൻ അവനോടൊന്നിച്ചു വീട്ടിലെത്തുകയും കടലാസ്സുപൊതി അവനു സമ്മാനിക്കുകയും ചെയ്തു. സമ്മാനം വാങ്ങാൻ മടിച്ച അവനോട് അമ്മ പറഞ്ഞു: ''മോനതു വാങ്ങിക്കൊള്ളുക, ഇപ്പോഴതു ദൈവത്തിൻെറ കുപ്പായമാണ്.''

ഈ കഥ വായിക്കുന്ന കുട്ടി താനറിയാതെ തന്നെ നാലും ഏഴും, എട്ടും, ഒൻപതും ദൈവപ്രമാണങ്ങൾ തൻെറ ആത്മാംശമാക്കുന്നു. പ്രമാണങ്ങൾ അതേപടി കേൾക്കുന്നതിനേക്കാൾ ഇമ്പകരമായിത്തീരുന്നു അതു പ്രായോഗിക ജീവിതത്തിലേക്കു പകർത്തപ്പെട്ടപ്പോൾ. ചെറുകഥ എന്ന സാഹിത്യമാധ്യമത്തിലൂടെയാണല്ലോ ഇതു സംഭവിച്ചത്. മാതാപിതാക്കളെ അനുസരിക്കാനും, കള്ളസാക്ഷി പറയാതിരിക്കാനും, സത്യം പറയാനും, അന്യൻെറ വസ്തുക്കൾ മോഹിക്കാതിരിക്കാനുമൊക്കെ ഈ കൊച്ചുകഥ ബാലമനസ്സുകളെ പ്രേരിപ്പിക്കുന്നു.

കലയുടെ മാസ്മരശക്തിയിലേക്കാണീ സത്യം വിരൽ ചൂണ്ടുന്നത്. മനുഷ്യരെ ഹഠാദാകർഷിക്കുന്ന കലകളെക്കുറിച്ചുള്ള സാമാന്യജ്ഞാനം കലാസ്വാദനത്തിനു മാത്രമല്ല, ക്രൈസ്തവ മൂല്യങ്ങൾ പ്രകാശിപ്പിക്കുന്നതിനും നമ്മെ സഹായിക്കും.

## കല എന്നാൽ എന്ത്?

കല അനിർവചനീയമാണെന്നു ചിലർ പറയുന്നു. പുരാതന കാലം മുതൽ തന്നെ കലയുടെ അർത്ഥം കണ്ടെത്താനുള്ള പരിശ്രമങ്ങൾ നടന്നിട്ടുണ്ട്. കലയെ സംബന്ധിച്ചുള്ള വിവിധ വീക്ഷണങ്ങളനുസരിച്ചു വിവിധ നിർവചനങ്ങൾ ഉണ്ടായിട്ടുമുണ്ട്. ആർസ് (Ars) എന്ന ലത്തീൻ പദത്തിൽ നിന്നാണ് ആർട്ട് (Art) എന്ന ഇംഗ്ലീഷ് പദത്തിൻെറ ഉദ്ഭവം. അതിൻെറ തർജ്ജുമയായിട്ടാണു കല എന്ന പദം മലയാളത്തിൽ ഉപയോഗിക്കുക. നൈപുണ്യം, കഴിവ് എന്നൊക്കെയാണീ പദത്തിൻെറ അർത്ഥം. വിശാലമായ അർത്ഥത്തിൽ കല ഒരു സവിശേഷ വൈദഗ്ദ്ധ്യത്തെ സൂചിപ്പിക്കുന്നു. വിശ്വസാഹിത്യകാരനായ ടോൾസ്റ്റോയിയുടെ അഭിപ്രായത്തിൽ മനുഷ്യനും മനുഷ്യനും തമ്മിൽ സമ്പർക്കം നടത്താനുള്ള മാർഗ്ഗമാണു കല. ഭാഷയാണല്ലോ തമ്മിൽത്തമ്മിലുള്ള സമ്പർക്കത്തിൻെറ മുഖ്യ ഉപാധി. ഒരുവൻെറ ഉള്ളിലുള്ള ആശയ

ങ്ങളെ അഥവാ ചിന്തകളെ മറ്റുള്ളവരിലേക്കു പകരാൻ ഭാഷ പ്രയോജനപ്പെടുന്നു. എന്നാൽ, കലയിലൂടെ വിചാര വികാരങ്ങളെ രസപ്രദമായി അഭിസംക്രമിപ്പിക്കുന്നു. ഈ അർത്ഥത്തിൽ വികാര വിചാരങ്ങളുടെ അഥവാ മാനസികാവസ്ഥയുടെ അഭിസംക്രമണമാണു കല. കലയുടെ രസാംശം അതിൻെറ സംവിധാന ഭംഗിയിലാണു നിലകൊള്ളുന്നത്.

കലയെന്ന പദത്തിൻെറ അർത്ഥം അത്ര വ്യക്തമല്ലെങ്കിലും കലാകൃതിയെന്നോ കലാസൃഷ്ടിയെന്നോ പറഞ്ഞാൽ എന്തെന്ന് സാധാരണജനങ്ങൾക്കുപോലും അറിയാം. ''കല എന്തെന്ന് ഓരോരുത്തനും അറിയാവുന്നതു തന്നെ കല'' (Art is what everyone knows it is) എന്നു കലാചിന്തകനായ ബനഡിക്റ്റോ ക്രോച്ചേ പറയുന്നു. തൻെറ ജീവിതാനുഭവമാണ് ഓരോ കലാകാരനും ആവിഷ്കരിക്കുക. പ്രകൃതിയെയും ജീവിതത്തെയും അവൻ കലാസൃഷ്ടിയിൽ അനുകരിക്കുന്നു.

കലയുടെ ലക്ഷ്യത്തെ മുൻനിർത്തി, സോപയോഗകലകൾ എന്നും സുകുമാര കലകൾ അഥവാ സുന്ദരകലകൾ എന്നും കലകൾ രണ്ടായി തിരിക്കപ്പെട്ടിരിക്കുന്നു. പ്രായോഗികഫലം ലക്ഷ്യമാക്കിക്കൊണ്ടുള്ള സാങ്കേതികവിദ്യകൾ, വ്യാവസായികോത്പന്നങ്ങൾ എന്നിവ സോപയോഗകലകളിൽപ്പെടുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഭൗതികമായ ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുകയാണു സോപയോഗകലകളുടെ പ്രധാന ലക്ഷ്യം. പ്രാചീനകാലത്തെ കരകൗശല വസ്തുക്കൾ സോപയോഗകലയ ക്ക് ഉദാഹരണങ്ങളാണ്. സുകുമാരകലകളുടെ പ്രഥമലക്ഷ്യം മനസ്സിനെ ആഹ്ലാദിപ്പിക്കുകയാണ്. ദൃശ്യമെന്നും ശ്രാവ്യമെന്നും അവയെ രണ്ടായി തിരിച്ചിട്ടുണ്ട്. സാഹിത്യം, സംഗീതം, തുടങ്ങിയവ ആദ്യത്തെ വിഭാഗത്തിലും ചിത്രം, പ്രതിമ, നൃത്തം തുടങ്ങിയവ രണ്ടാമത്തെ വിഭാഗത്തിലുംപെടുന്നു.

## സാഹിത്യകല

എന്താണു സാഹിത്യമെന്നു കൃത്യമായി പറയുക എളുപ്പമല്ല. 'രേഖപ്പെടുത്തിവെച്ച ഉത്തമ ചിന്തകളാണു സാഹിത്യ''മെന്ന് എമേഴ്സനും ''അനുവാചകന് ആഹ്ലാദപ്രദമാകുംവണ്ണം ക്രമപ്പെടുത്തിയ ധിഷണാശാലികളുടെ ലിഖിത വിചാരാനുഭൂതികളാ

ണു സാഹിത്യ''മെന്നു സ്റ്റോക് ഫോർഡ് ബ്രൂക്കും സാഹിത്യ ത്തെ നിർവചിച്ചിട്ടുണ്ട്. കലാതത്ത്വങ്ങൾ അനുസരിക്കുകകൊ ണ്ടു വിശിഷ്ടമായിത്തീരുന്ന ഭാഷാപ്രയോഗമാണു സാഹിത്യം. ജീവിതത്തിൻെറ യഥാർത്ഥ വ്യാഖ്യാനവും പ്രകാശനവുമാണ് ഉത്തമസാഹിത്യം. മനുഷ്യമനസ്സിൽ ഉദയം ചെയ്യുന്ന വികാരവി ചാരങ്ങളാണു സാഹിത്യസൃഷ്ടിക്കുള്ള അസംസ്കൃത വസ്തു. അർത്ഥയുക്തമായ പദങ്ങൾകൊണ്ട് അവയ്ക്കു കമനീയ രൂപഭാ വങ്ങൾ നല്കുമ്പോൾ അവ സാഹിത്യമായിത്തീരുന്നു. തൻെറ വികാരവിചാരങ്ങൾ പ്രകടിപ്പിക്കാൻ ഏറ്റവും ഉത്തമമായ ഭാഷ തിരഞ്ഞെടുക്കുകയെന്നത് സാഹിത്യകാരൻെറ ധർമ്മമാണ്. അ നുവാചകരുടെ വികാരങ്ങളെ സ്പർശിക്കാൻ കഴിവുള്ളതും സാ ഹിത്യകാരൻെറ വ്യക്തിസത്തയെ പ്രകാശിപ്പിക്കുന്നതുമായിരി ക്കണം സാഹിത്യം. കൂടാതെ അതു ശാശ്വതമൂല്യമുള്ളതുമായിരി ക്കണം. എങ്കിലേ അത് ഉത്തമ സാഹിത്യമാകുകയുള്ളു.

സാഹിത്യത്തിന് ഗദ്യം പദ്യം എന്നിങ്ങനെ രണ്ടു ശാഖകൾ ഉണ്ട്. ചെറുകഥ, നാടകം, നോവൽ തുടങ്ങിയവ ഗദ്യസാഹിത്യ ത്തിലും കവിത, ഖണ്ഡകാവ്യം, മഹാകാവ്യം തുടങ്ങിയവ പദ്യ സാഹിത്യത്തിലും പെടുന്നു.

## സാഹിത്യേതരകലകൾ

സാഹിത്യം പോലെ തന്നെ ഉത്കൃഷ്ടമായ മറ്റൊരു കലാരൂപ മാണു സംഗീതം. ഏറ്റവും അനുകരണാത്മകമായ കലയാണിത്. നാദമാധുരി അതിൻെറ ഒരവശ്യഘടകമാണ്. ജീവിതയാഥാർ ത്ഥ്യങ്ങളിൽ നിന്ന് അനുഭവങ്ങൾ ഉൾക്കൊണ്ട് അവയെ മികവുറ്റ രീതിയിൽ ആവിഷ്കരിക്കാനുള്ള മറ്റൊരു കലാമാധ്യമമാണു ചി ത്രകല. ധ്വന്യാത്മകങ്ങളും വിപ്ലവാശയങ്ങൾ സന്ദേശങ്ങൾ തുട ങ്ങിയവ ഉൾക്കൊള്ളുന്നവയുമായ ചിത്രങ്ങൾ ഇന്നു സുലഭമാണ്. കാർട്ടൂൺ ചിത്രങ്ങളും ഇന്നു സർവ്വസാധാരണമാണല്ലോ.

കൊത്തുപണി, പ്രതിമാനിർമ്മാണകല, ആലയനിർമ്മാണക ല, നാട്യകല, തുടങ്ങിയ കലാരൂപങ്ങളും സാഹിത്യേതര കലാവി ഭാഗത്തിൽപ്പെടുന്നു. മനുഷ്യൻെറ നിസർഗ്ഗസിദ്ധമായ സൗന്ദര്യ ബോധത്തെ ഉണർത്തുന്ന കലയാണു കൊത്തുപണി. കല്ലിൽ രൂപങ്ങൾ കൊത്തി അവകൊണ്ടുതന്നെ പണിതുയർത്തിയ ക്ഷേ ത്രങ്ങൾ കൊത്തുപണി എന്ന കലാരൂപത്തിന് ഉദാഹരണങ്ങളാ



*മാർഗ്ഗംകളി-ഒരു ക്രൈസ്തവ കലാരൂപം*

ണ്. ക്രൈസ്തവ ദേവാലയങ്ങളിലെ ബലിപീഠവും കൽക്കുരിശുമൊക്കെ കൊത്തുപണി ചെയ്തു മനോഹരമാക്കാറുണ്ട്. പ്രതിമാനിർമ്മാണവും സുപ്രധാനമായ ഒരു കലയാണ്. പ്രതിമ അതു പ്രതിനിധാനം ചെയ്യുന്ന വ്യക്തിയുടെ സാമീപ്യം നമ്മിൽ ജനിപ്പിക്കുന്നു. ആലയനിർമ്മാണകലയുടെ ഉത്തമോദാഹരണങ്ങളാണു പുരാതനവും ആധുനാതനവുമായ ക്ഷേത്രങ്ങൾ, ദേവാലയങ്ങൾ എന്നിവ.

ആട്ടം, പാട്ട്, കൊട്ട് ഇവ മൂന്നും ചേർന്ന കലയാണു നാട്യം. കൂത്ത്, ആട്ടം,തുള്ളൽ, കഥകളി എന്നീ നാട്യകലകളിലൂടെയാണു ഹൈന്ദവർ പുരാണേതിഹാസങ്ങളുമായി പരിചയപ്പെടുന്നത്. നാട്യകലയെ വേദതുല്യമായിട്ടാണു പുരാതന ഭാരതീയർ കരുതിയിരുന്നത്. കേരളത്തിലെ ക്രിസ്ത്യാനികളുടെയിടയിൽ പ്രചരിച്ചിരുന്ന രണ്ടു നാട്യകലാരൂപങ്ങളാണു മാർഗ്ഗംകളിയും ചവിട്ടുനാടകവും.

മാർഗ്ഗം കളിപ്പാട്ടിൻെറ ഇതിവൃത്തം മാർത്തോമ്മായുടെ സു

വിശേഷപ്രചാരണാർത്ഥമുള്ള ഭാരതപര്യടനമാണ്. സുറിയാനി സംഗീതവും കർണ്ണാടക സംഗീതവും തമ്മിലിണക്കിക്കൊണ്ടുള്ള ഒരു സംഗീത ശൈലിയാണു മാർഗ്ഗംകളിയുടേത്. ആദ്യ കാലങ്ങളിൽ പുരുഷന്മാർ



ചവിട്ടുനാടകം-മറ്റൊരു ക്രൈസ്തവ കലാരൂപം

മാത്രം നടത്തിയിരുന്ന ഈ നൃത്തം ഇന്നു സ്ത്രീകൾ സ്വന്തമാക്കിയിരിക്കുകയാണ്. നിശ്ചിതവേഷവിധാനങ്ങൾ മാർഗ്ഗംകളിക്കു നിർബന്ധമാണ്. ക്രൈസ്തവ സമൂഹത്തിലെ ക്നാനായ ക്രിസ്ത്യാനികൾക്കിടയിൽ പ്രചുരപ്രചാരം നേടിയിട്ടുള്ള ഈ കലാരൂപം 1984 മുതൽ സംസ്ഥാന യുവജനോത്സവത്തിൽ ഒരു മത്സര ഇനമായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികളുടെയിടയിൽ മുളച്ചുവളർന്ന ഒരു കലാരൂപമാണു ചവിട്ടുനാടകം. ക്ഷേത്രകലയായ കൂടിയാട്ടത്തിൻെറ ഒരു പരിഷ്ക്കരിച്ച പതിപ്പാണത്. നൃത്തനാടക രീതിയിൽ ക്രിസ്തീയ ചരിത്രസംഭവങ്ങൾ ആവിഷ്കരിക്കയാണ് അതിൻെറ ലക്ഷ്യം. വീരരസപ്രധാനമാണത്. അതിൽ നടന്മാർ തന്നെ ആടുകയും പാടുകയും അഭിനയിക്കുകയും ചെയ്യുന്നു. ചെണ്ട, ഇലത്താളം തുടങ്ങിയ സംഗീതോപകരണങ്ങൾ പശ്ചാത്തലഗാനങ്ങൾക്കുപയോഗിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്ന തരത്തിലുള്ള വേഷഭൂഷാദികൾ ചവിട്ടുനാടകത്തിൻെറ പ്രത്യേകതകളാണ്.

## രണ്ടു വീക്ഷണങ്ങൾ

അനുഭവങ്ങളുടെ പ്രകാശനമാണു കല എന്ന് സൂചിപ്പിച്ചുവല്ലോ; അതിനാൽത്തന്നെ കല ജീവിതത്തോടു ബന്ധപ്പെട്ടതാണ്. മെച്ചപ്പെട്ടൊരു ജീവിതം നയിക്കാൻ ആസ്വാദകരെ സഹായിക്കുകയാണു കലയുടെ പരമമായ ലക്ഷ്യം. കാരണം കലാസൃഷ്ടികളുടെ ഗുണഭോക്താവും കേന്ദ്രബിന്ദുവും മനുഷ്യനാണ്. മനുഷ്യൻെറ ശാരീരികവും മാനസികവും ആദ്ധ്യാത്മികവുമായ വളർച്ച ഉന്നംവച്ചുകൊണ്ടുള്ളതാണ് ഉത്തമ കലാസൃഷ്ടികൾ. കല മനുഷ്യനെ വളരെയേറെ സ്വാധീനിക്കുന്നുവെന്നു നിസ്സംശയം പറയാം. മനുഷ്യനിലെ മഹത്വാംശങ്ങളെ വളർത്തുവാൻ കലകൾ ഉപകരിക്കും. ധാർമ്മികമായി അധഃപതിച്ചവരെപ്പോലും സ്വാധീനിച്ചു നേർവഴിയിലേക്കു തിരിക്കാൻ ഉത്തമകലകൾക്കു കഴിയും. നല്ല കലകൾ നന്മയെ പരിപോഷിപ്പിക്കാനും ജീവിതത്തിലെ വേദനകളും വ്യഗ്രതകളും ശമിപ്പിക്കാനും സഹായിക്കുന്നു.

സാന്മാർഗ്ഗികതയുടെയും സത്യത്തിൻെറയും മൂല്യങ്ങൾ അവതരിപ്പിക്കുകയെന്ന കർത്തവ്യം കലയ്ക്കുണ്ട്. മനുഷ്യജീവിതത്തെ കൂടുതൽ വസ്തുനിഷ്ഠമായി വീക്ഷിക്കുന്നതിനുള്ള ഉപാധിയുമാണു കല. അതിനാൽ മനുഷ്യമനസ്സിനെ ഭൗതികതലത്തിൽ നിന്ന് ഒരാദർശലോകത്തിലേക്കുയർത്തുവാൻ ഉദാത്തമായ കലയ്ക്കു സാധിക്കും. ഒരു കാലഘട്ടത്തിൻെറ സാമൂഹികവും, സാംസ്കാരികവും മതപരവുമായ അഭിലാഷങ്ങളും താത്പര്യങ്ങളുമൊക്കെ കലാസൃഷ്ടികളിൽ പ്രതിഫലിച്ചെന്നു വരാം. നിലവിലുള്ള വ്യവസ്ഥിതിയെ അനുകൂലിച്ചോ

എതിർത്തോ കലാകാരൻ കലാസൃഷ്ടികൾ നടത്തുന്നു. തൻെറ സമൂഹത്തിൻെറ സാമൂഹിക, സാന്മാർഗ്ഗിക, മതാത്മക വ്യവസ്ഥിതികളോടു താദാത്മ്യപ്പെട്ട് കലാകാരൻെറ ഭാവന പ്രവർത്തിക്കുമ്പോൾ അവൻ ആ സമൂഹത്തിൻെറ പ്രതീകമായിത്തീരുന്നു. കലകൾ അതാതു കാലഘട്ടത്തിൻെറ അഭിപ്രായഗതികളെയും വികാരങ്ങളെയും വാസനകളെയും തത്ത്വശാസ്ത്രത്തെയും മതവിശ്വാസത്തെയും പ്രതിഫലിപ്പിക്കും.

കല കലയ്ക്കുവേണ്ടി മാത്രമാണെന്നു ചിലർ ശഠിക്കുന്നു. കേവലം രസാനുഭവമാണു കലയുടെ ലക്ഷ്യമെന്ന് ഇക്കൂട്ടർ കരുതുന്നു. അതിനു വേണ്ടി ഏതുതരത്തിലും കലാസൃഷ്ടികൾ നടത്തുവാനും ഇവർക്കു മടിയില്ല. കലയിൽ തിന്മയുടെ ചിത്രീകരണമില്ലെങ്കിൽ അവ അനാകർഷകമാകുമെന്ന് ഇവർ ചിന്തിക്കുന്നു. ശരിയായ കാഴ്ചപ്പാടല്ലിത്. ധാർമ്മികതയെ വളർത്തുക എന്ന ലക്ഷ്യമുള്ള കലയിൽ തിന്മയെ പരാമർശിക്കുകപോലുമരുതെന്നല്ല ഇതിനർത്ഥം. നന്മയുടെ മഹത്വം ഉയർത്തിക്കാട്ടുവാൻ ചിലപ്പോൾ തിന്മയുടെ ചിത്രീകരണം ആവശ്യമായെന്നു വരാം. കലയുടെയും സാഹിത്യത്തിൻെറയും ആത്യന്തികലക്ഷ്യം നന്മയുടെ ആവിഷ്കരണമായിരിക്കണം. അവ മനുഷ്യനെ നന്മയിലേക്കു നയിക്കുകയും വേണം.

## കലയുടെ സ്വാധീനശക്തി

കലയുടെ വശ്യശക്തി വലുതാണ്. ഏതൊരാളുടെ ജീവിതത്തിലും ചില സ്വർഗ്ഗീയ നിമിഷങ്ങൾ പകരാൻ കലയ്ക്കു ശക്തിയുണ്ട്; ധാർമ്മികതയെ താങ്ങിനിർത്തുവാൻ കലയ്ക്കു സാധിക്കും. അടിമത്തത്തിൽനിന്നും സ്വേച്ഛാധിപതികളുടെ കരാളഹസ്തങ്ങളിൽനിന്നും സമൂഹത്തെ രക്ഷിക്കാനുതകുന്ന ധാർമ്മികശക്തിയായി കലാസൃഷ്ടികൾ തീരാറുണ്ട്. സമുദായത്തിലെ അനാചാരങ്ങൾക്കെതിരേ പടപൊരുതുവാൻ സാഹിത്യകാരൻെറ തൂലികയ്ക്കു ശക്തിയുണ്ട്.

ഉത്തമ കലയുടെ അഭാവത്തിൽ മനുഷ്യൻ കൂടുതൽ പ്രാകൃതനായിപ്പോകുന്നുവെന്നു ടോൾസ്റ്റോയി ചൂണ്ടിക്കാണിക്കുന്നുണ്ട്. മോശമായ കലാസൃഷ്ടികൾ മനുഷ്യരെ, പ്രത്യേകിച്ചും ലോലഹൃദയരെ, അധാർമ്മികതയിലേക്കും നൈരാശ്യത്തിലേക്കും അരാജകത്വത്തിലേക്കും നയിക്കുന്നു. മനുഷ്യമഹത്വത്തെ

ക്കുറിച്ചുള്ള ബോധം ഇല്ലാതാക്കുവാനും, ധാർമ്മികമൂല്യങ്ങൾക്കും ഉന്നതാദർശങ്ങൾക്കും അനുസൃതമായി ജീവിക്കാനുള്ള പ്രേരണ കെടുത്തിക്കളയുവാനും അത്തരം കൃതികൾ വഴിയൊരുക്കുന്നു. മനുഷ്യരുടെ അധമവികാരങ്ങളെ ഇളക്കിവിടുന്ന ഇത്തരം കലാസൃഷ്ടികളെ കലയെന്നു വിളിക്കരുതെന്നാണു ദാർശനികനായ പ്ലേറ്റോവിൻെറ അഭിപ്രായം. പൈങ്കിളി വാരികകളും 'മഞ്ഞ' സാഹിത്യവും തരംതാണ സിനിമകളും സമുദായത്തിൻെറ ധാർമ്മികാധഃപതനത്തിനു കളമൊരുക്കുകയാണ്. യുവജനങ്ങളിൽ പ്രത്യേകിച്ചു നിരാശതാബോധവും ആത്മഹത്യാവാസനയും വളർത്തുന്ന ഇത്തരം കൃതികൾക്കെതിരേ സമൂഹം ധർമ്മയുദ്ധം നടത്തേണ്ടതാണ്. അത് ഇന്നിൻെറ ഒരടിയന്തിരാവശ്യമാണുതാനും.

## കലയും മതവും

പ്രാചീന കാലങ്ങളിൽ കലയും മതവും അഭേദ്യമായി ബന്ധപ്പെട്ടിരുന്നുവെന്നു ചരിത്രം സാക്ഷിക്കുന്നു. ഭാരതീയ കലകളെല്ലാം തന്നെ മതാനുഷ്ഠാനങ്ങളുമായി സഗാഢം ബന്ധപ്പെട്ടാണിരിക്കുന്നത്. കലകൾ പലതും പൊട്ടിമുളച്ചതും വളർന്നു വികസിച്ചതും മതങ്ങളുടെ തണലിലാണ്. പല മതങ്ങളുടെയും ആചാരാനുഷ്ഠാനങ്ങൾ കലാരൂപങ്ങളിലൂടെയാണ് പ്രകാശിപ്പിക്കുന്നത്. പൗരാണിക ഭാരതത്തിൻെറ മതാത്മക കൃതികൾ എല്ലാം തന്നെ പേരുകേട്ട സാഹിത്യകൃതികളാണല്ലോ. രാമായണവും മഹാഭാരതവും അതിന് ഉദാഹരണങ്ങളാണ്. ക്രൈസ്തവരുടെ വേദഗ്രന്ഥമായ ബൈബിൾ ഉത്തമമായൊരു സാഹിത്യകൃതിയുമാണ്. ക്രൈസ്തവദർശനത്തിൻെറയും ക്രൈസ്തവാദർശത്തിൻെറയും സ്രോതസ്സാണ് ബൈബിൾ. പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയും മിക്ക ഗ്രന്ഥങ്ങളും കിടയറ്റ സാഹിത്യകൃതികൾ തന്നെയാണ്. ബൈബിളിൽ നിന്ന്, ഇതിവൃത്തം സ്വീകരിച്ച് എഴുതപ്പെട്ടിട്ടുള്ള സാഹിത്യകൃതികൾ അനവധിയാണ്. 'ശ്രീയേശുവിജയം', 'വേദവിഹാരം', തുടങ്ങിയ മഹാകാവ്യങ്ങൾ, മഹാകവി വള്ളത്തോളിൻെറ 'മഗ്ദലനമറിയം' ശ്രീ കൈനിക്കരയുടെ 'കാൽവരിയിലെ കല്പപാദപം' തുടങ്ങിയവ മലയാള ഭാഷയിലുള്ള അത്തരം കൃതികൾക്കുദാഹരണങ്ങളാണ്.

## ക്രൈസ്തവ വീക്ഷണം

കലയെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണമെന്ത്? വിശ്വാസികൾക്ക് സാഹിത്യവും കലയുമൊക്കെ നിഷിദ്ധമാണെന്ന പ്യൂരിട്ടൻ ചിന്താഗതിക്ക് ഇന്ന് ഒട്ടും പ്രസക്തിയില്ല. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ വഴി ഈ രംഗങ്ങളിൽ സഭയ്ക്കുള്ള താത്പര്യം പ്രകടമാക്കപ്പെട്ടിട്ടുണ്ട്. എല്ലാ നല്ല കലാരൂപങ്ങളെയും സഭ അംഗീകരിക്കുന്നു. അവയിൽ നിന്നു സവിശേഷമായവയെ ദൈവാരാധനയ്ക്കായി സ്വീകരിക്കുകയും ചെയ്യുന്നു. ലോകത്തെയും മനുഷ്യനെയും നന്നായി പഠിച്ചറിയു



പിയെത്താ-മൈക്കിൾ ആഞ്ചലോയുടെ അനശ്വര കലാസൃഷ്ടി

വാനും മനുഷ്യൻെറ അനുദിന ജീവിത പ്രശ്നങ്ങൾക്കു പരിഹാരം നിർദ്ദേശിക്കാനുമൊക്കെ കലകളും സാഹിത്യകൃതികളും പ്രയോജനപ്പെടുമെന്നതാണു കൗൺസിലിൻെറ അഭിപ്രായം.

''സാഹിത്യവും കലകളും അവയുടെതായ രീതിയിൽ, സഭാജീവിതത്തിൽ വളരെ പ്രാധാന്യമുള്ളവയാണ്. കാരണം, തങ്ങളെത്തന്നെയും ലോകത്തെയും അറിയാനും പരിപൂർണ്ണമാക്കാനുമുള്ള ഉദ്യമത്തിൽ ഇവയെ കൈകാര്യം ചെയ്യുന്നവർ മനുഷ്യൻെറ യഥാർത്ഥ സ്വഭാവവും പ്രശ്നങ്ങളും അനുഭൂതികളും പഠിച്ചറിയുവാൻ ശ്രമിക്കുന്നു. ചരിത്രത്തിലും പ്രപഞ്ചത്തിലുമുള്ള മനുഷ്യൻെറ സ്ഥാനം വെളിപ്പെടുത്താനും, അവൻെറ ദുരിതങ്ങളും സന്തോഷങ്ങളും ആവശ്യങ്ങളും കഴിവുകളും പ്രകാശിപ്പിക്കാനും, കുറെക്കൂടി മെച്ചപ്പെട്ട ഒരു മനുഷ്യജീവിതത്തെ വരച്ചുകാണിക്കാനുമുള്ള പരിശ്രമത്തിൽ അവർ ഏർപ്പെട്ടിരിക്കുന്നു. അങ്ങനെ വിവിധ സ്ഥലകാലങ്ങളനുസരിച്ചു ബഹുവിധ കലാരൂപങ്ങളിൽ പ്രകടിതമാകുന്ന ജീവിതത്തെ അവർക്ക് ഉന്നമിപ്പിക്കാൻ കഴിയും'' (സഭ ആധുനികലോകത്തിൽ 62)

ദൈവത്തെക്കുറിച്ച് അറിവ് പ്രദാനം ചെയ്യാനും സുവിശേഷതത്ത്വങ്ങൾ വിശദീകരിക്കാനും ഉത്തമകലകൾ പ്രേരകമാകാറുണ്ട്. ''മനുഷ്യമനസ്സിനെ ഭക്തിപൂർവ്വം ദൈവത്തിങ്കലേക്കു തിരിക്കാൻ ഏറ്റം കൂടുതൽ സഹായകമെന്ന നിലയിൽ ദൈവത്തിനും അവിടുത്തെ ഉപരി സ്തുതി മഹത്വത്തിനുമായി കലകൾ സമർപ്പിതങ്ങളാണു'' (ആരാധനക്രമം 122).

തിരുസഭ എക്കാലവും സുകുമാരകലകളുടെ ഒരു സഖിയായിരുന്നു. കലാകാരന്മാരെയും സാഹിത്യകാരന്മാരെയും അവൾ നിർലോഭം പ്രോൽസാഹിപ്പിച്ചു പോന്നതിൻെറ തെളിവുകളാണു റോമിലെ പ്രഖ്യാതമായ സെൻറ് പീറ്റേഴ്സ് ബസ്ലിക്കയും അതിനകത്തും അതിനോടനുബന്ധിച്ചുമുള്ള മാർബിൾ പ്രതിമകൾ, പെയിൻറിംഗുകൾ തുടങ്ങിയവയും. മാർപാപ്പമാരും ക്രൈസ്തചക്രവർത്തിമാരും കലോപാസകരായിരുന്നു. വിശ്വകലാകാരന്മാരായ മൈക്കൽ ആഞ്ചലോ, ലിയനാർദോ ദവിഞ്ചി തുടങ്ങിയവർ സഭാധികാരികളുടെ തണലിൽ വളർന്നവരാണ്.

ഏതെങ്കിലും ഒരു പ്രത്യേക കലാരീതിയെ സഭ സ്വന്തമായി സ്വീകരിച്ചിട്ടില്ല. നല്ലതും മികച്ചതുമായ എല്ലാറ്റിനെയും സഭ അംഗീകരിക്കുന്നു. ദൈവമഹത്വവും മനുഷ്യനന്മയുമായിരിക്കണം കലകളുടെ ലക്ഷ്യമെന്ന കാര്യത്തിൽ സഭയ്ക്കു സംശയമില്ല. വിശുദ്ധ കലകളെ പോഷിപ്പിക്കാൻ ഓരോ രൂപതയിലും ഓരോ പ്രത്യേക കമ്മീഷൻ തന്നെ പ്രവർത്തി ക്കുന്നതു നന്നായിരിക്കുമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തു പറയുന്നുണ്ട് (ആരാധനക്രമം 46).

മറ്റേതു കലയേക്കാളും കൂടുതൽ സഭയിൽ വിലമതിക്കപ്പെടുന്ന കലയാണു സംഗീതം. കാരണം അതു ദൈവാരാധനയുടെ ഒരു സുപ്രധാന ഭാഗമാണ്. ദൈവാരാധനയിൽ സജീവമായി പങ്കെടുക്കാൻ ഭക്തിദ്യോതകങ്ങളായ ഗാനങ്ങൾ സഹായകമാകുന്നു. ''ഒരു പ്രാവശ്യം പാടുന്നവൻ രണ്ടു പ്രാവശ്യം പ്രാർത്ഥിക്കുന്നു'' എന്ന് വി.അഗസ്തിനോസ് പറയുന്നുണ്ടല്ലോ. വിശുദ്ധ ഗ്രന്ഥത്തിൽ ത്തന്നെ ദിവ്യസ്തുതിഗീതത്തെ വളരെ പ്രശംസിച്ചു പറഞ്ഞിട്ടുണ്ട് (എഫേ. 5:19; കൊളോ. 3:16).

സംഗീത രചയിതാക്കളെയും ഗായകരെയും പ്രോത്സാഹിപ്പിക്കുക വഴി സംഗീതമെന്ന കലയെ പ്രോത്സാഹിപ്പിക്കുകയാണു സഭ ചെയ്യുന്നത്.

ദൈവാലയങ്ങളും പ്രാർത്ഥനാഭവനങ്ങളും നിർമ്മിക്കുമ്പോൾ വെറും ആഡംബരത്തിനെന്നതിനെക്കാൾ ദൈവമഹത്വത്തിനുപകരിക്കുന്ന വിധത്തിൽ അവയ്ക്കു രൂപകല്പന നല്കേണ്ടതാണ്. ദൈവാരാധനയ്ക്കായി സമൂഹം ഒന്നിക്കുന്ന ദൈവാലയങ്ങൾ ശില്പകലയുടെ ഔന്നത്യത്തെ വിളിച്ചറിയിക്കുന്നവയാണ്. കേരളത്തിലെ പൗരാണിക ദൈവാലയങ്ങൾ എല്ലാം തന്നെ പൗരസ്ത്യ പാശ്ചാത്യ ശില്പകലകളുടെ നിദർശനങ്ങളാണ്. അവയെ അമൂല്യനിധികളെന്നപോലെ സൂക്ഷിക്കേണ്ടതുമാണ്.

ക്രൈസ്തവ കലാരൂപങ്ങളായ മാർഗ്ഗംകളി, ചവിട്ടുനാടകം, തുടങ്ങിയവയെപ്പറ്റി മുൻപ് പരാമർശിച്ചിരുന്നല്ലോ. ക്രിസ്തീയ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാൻ ഈ കലാരൂപങ്ങൾ വളരെ സഹായകമാണ്.

നല്ല കലകളെ പ്രോത്സാഹിപ്പിക്കുക മാത്രമല്ല സഭയുടെ ധർമ്മം. ദുഷിച്ച കലാസൃഷ്ടികൾക്കെതിരേ പ്രതികരിക്കാനും സഭയ്ക്കു കടമയുണ്ട്. സദാചാരമൂല്യങ്ങളെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള സാഹിത്യകൃതികൾ, ചലച്ചിത്രങ്ങൾ തുടങ്ങിയവ മനുഷ്യമനസ്സിനെ തിന്മയിലേക്കു നയിക്കും. അത്തരത്തിലുള്ള കലാസൃഷ്ടികളെ കർക്കശമായ നിയന്ത്രണത്തിനു വിധേയമാക്കേണ്ടതുണ്ട്. ഗ്രന്ഥങ്ങൾ, ചലച്ചിത്രങ്ങൾ മുതലായവ പ്രകാശിപ്പിക്കുകയോ പ്രദർശിപ്പിക്കുകയോ ചെയ്യുന്നതിനു മുൻപായി അവയിലെ സാന്മാർഗ്ഗിക മൂല്യങ്ങളെ വിലയിരുത്താറുണ്ട്. നിലവിലുള്ള നിയമങ്ങളെയോ സാന്മാർഗ്ഗികമൂല്യങ്ങളെയോ ലംഘിക്കുന്നുണ്ടോ എന്നറിയാൻ നടത്തുന്ന ഈ പരിശോധനയ്ക്ക് 'സെൻസർഷിപ്പ്' എന്നു പറയുന്നു. ഇത്തരം നിയമങ്ങൾ എല്ലാ രാജ്യങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. സമൂഹത്തിൻെറ മനഃസാക്ഷിയായി വർത്തിക്കേണ്ട സഭ അധാർമ്മികതക്കെതിരേ പടപൊരുതാൻ കടപ്പെട്ടവളാണ്; കലാസാഹിത്യ മാധ്യമങ്ങളിൽക്കൂടിയെത്തുന്ന തിന്മയുടെ ശക്തികളെ ചെറുത്തു തോല്പിക്കാനും നന്മയുടെ പാതയിലേക്കു ജനങ്ങളെ നയിക്കാനും സഭാംഗങ്ങൾക്കു കടമയുണ്ട്.

### ഉത്തരങ്ങൾ പഠിക്കുക

1. കല എന്നാലെന്ത്? കലയുടെ പ്രധാന വിഭാഗങ്ങൾ ഏവ?
2. ജീവിതത്തിൻെറ വ്യാഖ്യാനമാണു സാഹിത്യമെന്നു പറയുന്നത് എന്തുകൊണ്ട്?
3. മാർഗ്ഗംകളി, ചവിട്ടുനാടകം എന്നിവയുടെ ഇതിവൃത്തമെന്ത്? പ്രാധാന്യമെന്ത്?
4. മനുഷ്യൻെറ സമഗ്രമായ വളർച്ചയാണു കലയുടെ ലക്ഷ്യം. തെളിയിക്കുക.
5. കലാസൃഷ്ടികൾ മനുഷ്യജീവിതത്തിൽ ചെലുത്തുന്ന സ്വാധീനമെന്ത്?
6. കലയെക്കുറിച്ചുള്ള ക്രൈസ്തവ വീക്ഷണമെന്ത്?

### പ്രാവർത്തികമാക്കുക

1. അശ്ലീല സാഹിത്യം തടയുന്നതിനും ഉത്തമസാഹിത്യം പ്രച

രിപ്പിക്കുന്നതിനുമുള്ള ചില പ്രായോഗിക മാർഗ്ഗങ്ങൾ കണ്ടെത്തുക.

2. ക്ലാസ്സിൽ രണ്ട് ഗ്രൂപ്പുകളായി തിരിഞ്ഞ് ''കല, കലയ്ക്കുവേണ്ടി'', ''കല ജീവിതത്തിനു വേണ്ടി'' എന്നീ അഭിപ്രായങ്ങളെ മുൻനിർത്തി ഒരു സംവാദം നടത്തുക.

3. കലാവാസനയുള്ള യുവതീയുവാക്കളെ പ്രോൽസാഹിപ്പിക്കാൻ ഒരു പ്രായോഗിക പദ്ധതി തയ്യാറാക്കുക.

11

# സഭയും ലോകമതങ്ങളും

1986 ഒക്ടോബർ ഇരുപത്തി ഏഴ് ലോകചരിത്രത്തിലെ സുപ്രധാനമായ ഒരു ദിവസമാണ്. ലോകത്തിലെ വിവിധ മത നേതാക്കൾ ഒത്തു ചേർന്നു ലോകസമാധാനത്തിനായി പ്രാർത്ഥി ച്ചുവെന്നതാണ് ആ ദിവസത്തിൻെറ പ്രത്യേകത. ഇറ്റലിയിലെ അസ്സീസി പട്ടണത്തിൽവച്ച് നടത്തിയ ഈ പ്രാർത്ഥനായജ്ഞ ത്തിനു കത്തോലിക്കാ സഭയുടെ പരമാദ്ധ്യക്ഷനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ തന്നെ നേതൃത്വം നൽകി. ക്രൈസ്ത വമതം, ഹിന്ദുമതം, ബുദ്ധമതം, യഹൂദമതം, ജൈനമതം, ഷിൻേറാമതം, സിക്കുമതം, സൊരവാഷ്ട്രിയൻ മതം തുടങ്ങിയ




*ലോകമതനേതാക്കളുടെ അസ്സീസി സമ്മേളനം(1986)*

മതങ്ങളുടെ പ്രതിനിധികളായി 160 പേർ അതിൽ സംബന്ധിക്കുകയുണ്ടായി. ഓരോരുത്തരും താന്താങ്ങളുടെ പ്രാർത്ഥനകൾ ഇതരമതസ്ഥരുടെ സാന്നിധ്യത്തിൽ നടത്തുകയായിരുന്നു അവിടെ. ജോൺ പോൾ മാർപാപ്പ തന്നെ ഈ പ്രാർത്ഥനാ പരിപാടിക്കു മുൻകൈയെടുക്കുക വഴി അതു ക്രൈസ്തവസഭയും ഇതരലോകമതങ്ങളും തമ്മിലുള്ള ബന്ധം ഒന്നുകൂടി മെച്ചപ്പെടുത്തുന്നതിനുള്ള പുതിയ പാത തുറന്നു.

ഇന്നു ലോകത്തിലുള്ള ഏതാണ്ട് 580 കോടി ജനങ്ങൾ വിവിധ മതങ്ങളിൽ വിശ്വസിക്കുന്നവരാണ്. വിശ്വാസസംഹിതകൾ, പ്രാർത്ഥനാരീതികൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ മതങ്ങൾ തമ്മിൽ വ്യത്യാസമുണ്ട്. വിശ്വാസങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും മതം മനുഷ്യനെ ഭിന്നിപ്പിക്കുന്ന ഘടകമല്ല. ഹിന്ദുമതം, ബുദ്ധമതം, സിക്കുമതം, ജൈനമതം എന്നിവയുടെ ജന്മഭൂമിയായ ഭാരതത്തിൽ ക്രൈസ്തവർ കേവലം ന്യൂനപക്ഷമാണ്. ഇതരമതവിശ്വാസികളുമായി ഇടപഴകി ജീവിക്കുന്ന ക്രൈസ്തവർ മറ്റു മതങ്ങളെക്കുറിച്ചു സാമാന്യജ്ഞാനമുള്ളവരായിരിക്കണമെന്ന കാര്യത്തിൽ തർക്കമില്ല.

## മതത്തിൻെറ അടിസ്ഥാനം

മനുഷ്യൻ തന്നിൽത്തന്നെ പൂർണ്ണനല്ല. ഈ ലോകത്തിൽ ഒരു മനുഷ്യനും പൂർണ്ണമായി തൃപ്തനുമല്ല. അവൻെറ ആഗ്രഹങ്ങളും കഴിവുകളും പൂർണ്ണമായി തൃപ്തിപ്പെടുത്താൻ അവനു സാധിക്കുന്നില്ല. തൻെറ അപൂർണ്ണതക്കു പരിഹാരം കാണാൻ അവൻ ആഗ്രഹിക്കുന്നു. അതിനുള്ള പരിശ്രമം അവനെ ഈശ്വരാന്വേഷിയാക്കുന്നു. ചരിത്രാതീതകാലം മുതൽ ആരംഭിച്ച അന്വേഷണത്വരയിൽനിന്നു രൂപം കൊണ്ടിട്ടുള്ളതാണ് ലോകമതങ്ങൾ. പുരാതന ഭാരതത്തിലെ മഹർഷിമാരുടെ ഈശ്വരാന്വേഷണത്തിൻെറ ഫലമാണ് ഹിന്ദുമതം. പ്രാചീന പേർഷ്യയിലെ മിസ്റ്റിക്കുകൾ രൂപപ്പെടുത്തിയതാണ് സൊരവാസ്ട്രിയൻ മതം. ശ്രീബുദ്ധൻെറ ഈശ്വരാനുഭവം ബുദ്ധമതത്തിനും മുഹമ്മദ്നബിയുടെ ഈശ്വരാനുഭവം ഇസ്ലാം മതത്തിനും ആരംഭം കുറിച്ചു. ഇസ്രയേലിൻെറ മതാനുഭവമാണ് ക്രിസ്തുമതത്തിൻെറ ചരിത്രപശ്ചാത്തലം.

## ഒരേ ലക്ഷ്യം വിവിധ മാർഗ്ഗങ്ങൾ

ബന്ധം എന്നർത്ഥം വരുന്ന റെലീജിയോ (religio) എന്ന ലത്തീൻ പദത്തിൽനിന്നാണ് റെലീജിയൺ (religion) എന്ന ഇംഗ്ലീഷ് പദത്തിന്റെ ഉദ്ഭവം. ആ വാക്കിന്റെ തർജ്ജുമയായിട്ടാണ് മതം എന്ന വാക്കു നാം ഉപയോഗിക്കുന്നത്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുകയെന്നത് എല്ലാ മതങ്ങളുടെയും പൊതു സ്വഭാവമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും ആ ബന്ധത്തിൽനിന്ന് മനുഷ്യനിൽ വന്നു ചേരുന്ന കടമകളുമാണു മതമെന്നു പറയാം. ദൈവ-മനുഷ്യ ഐക്യത്തിന്റെ സംഗമവേദിയാണു മതം. ദൈവാന്വേഷിയായ മനുഷ്യൻ ആത്മീയമായി വളർച്ച പ്രാപിക്കുന്നതു മതത്തിലൂടെയാണ്. ഈശ്വരനെ പ്രാപിക്കാൻ സഹായിച്ചു കൊണ്ടാണു മതം മനുഷ്യജീവിതത്തിന് അർത്ഥം പകരുന്നത്. മതങ്ങളെല്ലാം ഈശ്വരനെ പ്രാപിക്കാനുള്ള മാർഗ്ഗം ഉപദേശിച്ചുതരുന്നു. അതായത്, മതങ്ങളുടെയെല്ലാം ലക്ഷ്യം ഒന്നു തന്നെ - ഈശ്വരസാക്ഷാത്കാരം. സ്വർഗ്ഗം, സായുജ്യം, മുക്തി, നിർവ്വാണം എന്നിങ്ങനെ വിവിധ പേരുകൾ ഈ ലക്ഷ്യത്തെ സൂചിപ്പിക്കാൻ മതങ്ങൾ ഉപയോഗിക്കുന്നു.

ലക്ഷ്യം ഒന്നുതന്നെയെങ്കിലും അതു പ്രാപിക്കാനുള്ള മാർഗ്ഗത്തെയും അതിന്റെ സ്വഭാവത്തെയും സംബന്ധിച്ച് മതങ്ങൾ തമ്മിൽ അഭിപ്രായ ഐക്യമില്ല. അതായത്, ഓരോ മതവും ഈശ്വരാനുഭവത്തിനു നൽകുന്ന ഭാഷ്യം വ്യത്യസ്തമാണ്. വ്യത്യസ്ത മാർഗ്ഗങ്ങളിലൂടെയാണു വിവിധമതങ്ങൾ തങ്ങളുടെ അനുയായികളെ ഈശ്വരാനുഭവത്തിലേക്കു നയിക്കുന്നത്. വൈവിധ്യമാർന്ന പ്രബോധനങ്ങൾ, തന്മൂലം, ഓരോ മതത്തിലും ഉണ്ടാകുന്നു.

എല്ലാ മതങ്ങൾക്കും പൊതുവായ ചില ധർമ്മങ്ങൾ ഉണ്ട്– ദൈവവിശ്വാസം, ദൈവോന്മുഖമായ ആത്മസമർപ്പണം, അതിൽനിന്നുദ്ഭവിക്കുന്ന വ്യക്തിബന്ധങ്ങൾ, സാമൂഹിക ക്രമീകരണങ്ങൾ എന്നിവ. ഈ ഭൂമുഖത്തിലെ എല്ലാ ജനങ്ങളുടെയും പ്രഭവസ്ഥാനവും ആത്യന്തിക ലക്ഷ്യവും ദൈവം തന്നെ. ഈ ദൈവാനുഭവത്തിനായി പരിശ്രമിക്കുന്ന മനുഷ്യൻ നിരവധിയാ

യ വിഷമപ്രശ്നങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്നു. അതിനെ സംബന്ധിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ സൂചിപ്പിക്കുന്നത് ഇപ്രകാരമാണ്: "പൂർവ്വകാലങ്ങളിലെപ്പോലെ ഇന്നും മനുഷ്യഹൃദയത്തെ അത്യന്തം ഇളക്കിമറിക്കുന്ന നിഗൂഢ രഹസ്യങ്ങളുണ്ട്. എന്താണീ മനുഷ്യൻ? ജീവിതത്തിൻെറ അർത്ഥമെന്ത്? ദുഃഖങ്ങൾ എവിടെനിന്നുദ്ഭവിക്കുന്നു? അവയുടെ ലക്ഷ്യമെന്ത്? യഥാർത്ഥമായ ആനന്ദത്തിലേക്കു നയിക്കുന്ന മാർഗ്ഗം ഏത്? മരണം, വിധി, മരണാനന്തര പ്രതിഫലം എന്നിവ കൊണ്ട് എന്താണു വിവക്ഷിക്കുന്നത്? നമ്മുടെ അസ്തിത്വത്തെത്തന്നെ ആവരണം ചെയ്തിരിക്കുന്ന അന്തിമവും അവാച്യവുമായ രഹസ്യമെന്ത്? നാം എവിടെ നിന്നു വരുന്നു? എവിടേക്കു പോകുന്നു? മനുഷ്യജീവിതത്തെ വീർപ്പുമുട്ടിക്കുന്ന ഇത്തരം വിഷമപ്രശ്നങ്ങൾക്കെല്ലാം വിശദീകരണം തേടി മനുഷ്യൻ വിവിധ മതങ്ങളെ അഭയം ഗമിക്കുന്നു" (അക്രൈസ്തവ മതങ്ങൾ 1).

## ലോകമതങ്ങൾ

ലോകജനസംഖ്യയിൽ ബഹുഭൂരിപക്ഷവും ഈശ്വരവിശ്വാസികളും മതാനുയായികളുമാണ്. അംഗസംഖ്യയിൽ ഒന്നാമത്തേതു ക്രൈസ്തവമതമാണ്. പുരാതനമതങ്ങളായ ക്രൈസ്തവമതം, ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാംമതം, യഹൂദമതം, എന്നിവ ലോകമതങ്ങളായിട്ടറിയപ്പെടുന്നു. ഭാരതത്തിലെ പ്രധാനപ്പെട്ട അക്രൈസ്തവമതങ്ങളെപ്പറ്റി സാമാന്യജ്ഞാനമുണ്ടായിരിക്കുക ഒരാവശ്യമാണ്. ആ മതങ്ങളിൽ വിശ്വസിക്കുന്നവരുമായി സഹവർത്തിത്വത്തിൽ കഴിയാൻ അതു സഹായകമാകും.

## ഹിന്ദുമതം

അതിപ്രാചീനകാലം തൊട്ടു വിവിധ ജനതകളിൽ ഒരു പരാശക്തിയെപ്പറ്റിയുള്ള ബോധം ഉണ്ടായിരുന്നതായി കാണാം. പ്രകൃതിയിലെ പ്രതിഭാസങ്ങളുടെയും മനുഷ്യജീവിതത്തിലെ ഗതിവിഗതികളുടെയും നിയന്താവ് ആ പരാശക്തിയാണെന്ന് അവർ വിശ്വസിച്ചു. ആ പരാശക്തിയെ ദൈവമെന്നും പരമപിതാവെന്നും അവർ വിളിച്ചു. ഈ ദൈവാവബോധം മതജീവിതത്തിനു തുടക്കമിട്ടു. ജീവിത പ്രശ്നങ്ങൾക്കു പ്രത്യുത്തരം കണ്ടെത്താൻ സാംസ്കാരിക വികാസം സിദ്ധിച്ചിട്ടുള്ള എല്ലാ മതങ്ങളും പരി

ശ്രമിച്ചു. ഇപ്രകാരം പരിശ്രമിച്ചിട്ടുള്ള ക്രൈസ്തവേതര മതങ്ങളിൽ പ്രധാനപ്പെട്ടവയാണു ഹിന്ദുമതവും ബുദ്ധമതവും.

ഭാരതത്തിലെ ഏകദേശം എൺപത്തിരണ്ടു ശതമാനം ജനങ്ങളും ഹൈന്ദവ മതാനുയായികളാണ്. അസാധാരണമായ പല സവിശേഷതകളും അതിനുണ്ട്. മറ്റു മതങ്ങൾക്കുള്ളതുപോലെ ഹിന്ദു മതത്തിന് ഒരു സ്ഥാപകനില്ല. അത് എപ്പോൾ എങ്ങനെ ആരംഭിച്ചുവെന്നു ഖണ്ഡിതമായി പറയാനാവില്ല. ''സനാതന ധർമ്മം'' അതായത്, നിത്യമായ ധർമ്മം എന്നത്രെ ഹിന്ദുക്കൾ തങ്ങളുടെ മതത്തെ വിശേഷിപ്പിക്കുന്നത്.

വൈവിധ്യമാർന്നതാണു ഹിന്ദുമത തത്ത്വങ്ങൾ. പരസ്പരം വിരുദ്ധങ്ങളായ വിശ്വാസാചാരങ്ങൾ അതിലുണ്ട്. ഏക ദൈവ വിശ്വാസവും ബഹുദേവതാവിശ്വാസവും അതിൽ കാണാം. ജീവാത്മാവും (മനുഷ്യൻ) പരമാത്മാവും (ദൈവം) ഒന്നാണെന്നും, അതല്ല, രണ്ടും രണ്ടാണെന്നും ചിന്തിക്കുന്ന തത്ത്വചിന്തകർ ഹൈന്ദവർക്കിടയിലുണ്ട്. മഹത്തായ ദാർശനിക സിദ്ധാന്തങ്ങൾക്കൊപ്പം ചില അന്ധവിശ്വാസങ്ങളും ഹിന്ദുമതത്തിൽ കാണാവുന്നതാണ്.

സൃഷ്ടിസ്ഥിതിസംഹാരമൂർത്തിയായ ഈശ്വരനെയാണ് ഹൈന്ദവമതം അവതരിപ്പിക്കുന്നത്. ഈശ്വരൻ ത്രിമൂർത്തിയാണ്, അഥവാ ദൈവത്തിനു മൂന്നു ഭാവങ്ങൾ ഉണ്ട്. സ്രഷ്ടാവെന്ന നിലയിൽ ബ്രഹ്മാവെന്നും രക്ഷിതാവെന്ന നിലയിൽ വിഷ്ണുവെന്നും സംഹർത്താവെന്ന നിലയിൽ ശിവനെന്നും ഈശ്വരനെ സംബോധന ചെയ്യുന്നു. ത്രിമൂർത്തിയായ ഈശ്വരനെ ധ്യാനിച്ച് ആത്മസാക്ഷാത്കാരം നേടാനുള്ള മാർഗ്ഗമാണു ഹിന്ദുമതം. ഈശ്വരധ്യാനത്തിന് സഹായിക്കുന്ന ധാരാളം മഹാഗ്രന്ഥങ്ങൾ ഹിന്ദുമതത്തിലുണ്ട്. അവയെ പൊതുവേ ശ്രുതി എന്നും സ്മൃതി എന്നും തരം തിരിക്കാം. ശ്രുതി എന്നതിനു കേൾവിയാലുള്ളത്, കേൾക്കപ്പെട്ടത് എന്നും, സ്മൃതി എന്നതിനു ഓർമ്മയിലുള്ളത് എന്നുമാണർത്ഥം. ഈശ്വരദത്തമായ സത്യങ്ങൾ ഉൾക്കൊള്ളുന്ന വേദങ്ങൾ ശ്രുതിവിഭാഗത്തിൽപ്പെട്ടതാണ്. ഋക്, യജുസ്, സാമം, അഥർവ്വം എന്നിങ്ങനെ വേദങ്ങൾ നാലായി തിരിക്കപ്പെട്ടിരിക്കുന്നു. വേദങ്ങൾക്ക് ഓരോന്നിനും നാലുഭാഗങ്ങൾ വീതമുണ്ട്. അവ മന്ത്രങ്ങൾ അഥവാ സംഹിതകൾ, ബ്രാ

ഹ്മണങ്ങൾ, ആരണ്യകങ്ങൾ, ഉപനിഷത്തുകൾ എന്നിവയാണ്.

വേദാംഗങ്ങൾ അഥവാ ശാസ്ത്രങ്ങൾ, ധർമ്മശാസ്ത്രം, ഇതിഹാസങ്ങൾ, പുരാണങ്ങൾ, ആഗമങ്ങൾ, ദർശനങ്ങൾ എന്നിവയാണു സ്മൃതി വിഭാഗത്തിൽപ്പെട്ട ഗ്രന്ഥങ്ങൾ. വേദാംഗങ്ങൾ ആറു ശാസ്ത്രവിഷയങ്ങൾ പ്രതിപാദിക്കുന്നു. ധർമ്മശാസ്ത്രത്തിനു മനുസ്മൃതി എന്നും പറയാറുണ്ട്. വിവിധ കാലഘട്ടങ്ങളിൽ രൂപപ്പെട്ട സദാചാരങ്ങളാണ് അവയിലുള്ളത്. വേദങ്ങളിലും വേദാംഗങ്ങളിലുമുള്ള സുപ്രധാന തത്ത്വങ്ങൾ വിശദീകരിക്കുന്ന കഥകൾ, ഉപകഥകൾ എന്നിവയാണ് പുരാണങ്ങൾ എന്ന പേരിലറിയപ്പെടുന്നത്. ചില പ്രധാന ചരിത്രനായകന്മാരുടെ ജീവിതകഥകൾ ക്രോഡീകരിച്ചെഴുതപ്പെട്ടവയാണ് ഇതിഹാസങ്ങൾ. മഹാഭാരതവും രാമായണവുമാണു മുഖ്യ ഇതിഹാസകൃതികൾ. മഹാഭാരതത്തിലെ ഭീഷ്മപർവ്വം 25 മുതൽ 42 വരെയുള്ള പതിനെട്ട് അധ്യായങ്ങളാണു ഭഗവദ്ഗീതയെന്നറിയപ്പെടുന്നത്. ശ്രീകൃഷ്ണനും അർജ്ജുനനും തമ്മിലുള്ള സംഭാഷണമാണു ഭഗവദ്ഗീതയുടെ ഉള്ളടക്കം. മോക്ഷപ്രാപ്തിക്കുള്ള നാല് മാർഗ്ഗങ്ങൾ ഗീത ഉപദേശിക്കുന്നു. കർമ്മമാർഗ്ഗം, യോഗമാർഗ്ഗം, ജ്ഞാനമാർഗ്ഗം, ഭക്തിമാർഗ്ഗം എന്നിവയാണ് ആ മാർഗ്ഗങ്ങൾ. പ്രതിഫലം ആഗ്രഹിക്കാതെയുള്ള കർമ്മാനുഷ്ഠാനങ്ങൾ വഴി മോക്ഷം പ്രാപിക്കാമെന്നു കർമ്മമാർഗ്ഗത്തിൽ നിർദ്ദേശിക്കുന്നു. ''ഫലത്തിൽ ആസക്തി കൂടാതെ ചെയ്യേണ്ട കാര്യങ്ങൾ എപ്പോഴും ചെയ്യുക'' (ഗീത 3:19); ''കർമ്മഫലത്തെ ഒരിക്കലും ആഗ്രഹിക്കരുത്. കർമ്മം ചെയ്യാതിരിക്കുന്നതിലും താൽപര്യമുണ്ടാകരുത്'' (ഗീത 2:47). പ്രതിഫലം ആഗ്രഹിക്കാതെയുള്ള കർമ്മത്തെ നിഷ്കാമ കർമ്മമെന്നാണ് ഗീത വിശേഷിപ്പിക്കുന്നത്. സമൂഹത്തിൽ ഓരോരുത്തനും അവനവന്റെ സ്ഥാനമനുസരിച്ച് അനുഷ്ഠിക്കേണ്ട ധർമ്മങ്ങളുണ്ട്. ഇവയെ സ്വധർമ്മം എന്നു പറയും. സ്വധർമ്മാനുഷ്ഠാനമാണു പ്രതിഫലേച്ഛ കൂടാതെ അനുഷ്ഠിക്കേണ്ട കർമ്മം എന്നതു കൊണ്ടർത്ഥമാക്കുന്നത്. ചുരുക്കത്തിൽ, കർമ്മത്യാഗമല്ല കർമ്മഫലത്യാഗമാണു കർമ്മമാർഗ്ഗം ആവശ്യപ്പെടുന്നത്.

ചിത്തവൃത്തിനിരോധവും ഇന്ദ്രിയനിഗ്രഹവും നടത്തി ഈശ്വരനെ ധ്യാനിക്കുന്നതാണു യോഗമാർഗ്ഗം. ഇതിലൂടെ യോഗി മനസ്സിനെയും ശരീരത്തെയും ഈശ്വരന് അഭിമുഖമാക്കുന്നു.

ഇന്ദ്രിയങ്ങളെ ജയിക്കുന്ന യോഗി ഈശ്വരനിൽ വസിച്ചു ശാന്തിയും നിർവ്വാണവും പ്രാപിക്കും. മോക്ഷപ്രാപ്തിക്കായി ഗീത നിർദ്ദേശിക്കുന്ന ജ്ഞാനം പ്രകൃതിയെയും ഈശ്വരനെയും അറിയുന്നതു കൂടാതെ സ്വയം അറിയുന്നതുമാണ്. ''നീ സകല പാപികളിലും വച്ച് ഏറ്റവും വലിയ പാപിയാണെങ്കിൽപ്പോലും ജ്ഞാനമാകുന്ന നൗകയിൽ കയറി സർവ്വപാപമാകുന്ന സമുദ്രത്തെ കടന്നുപോകും. ജ്വലിച്ചു കൊണ്ടിരിക്കുന്ന അഗ്നി, വിറകുകളെ എങ്ങനെ ഭസ്മമാക്കുന്നുവോ അങ്ങനെ ജ്ഞാനമാകുന്ന അഗ്നി എല്ലാ കർമ്മങ്ങളേയും ഭസ്മമാക്കുന്നു'' (ഗീത 4:36). ഈശ്വരനിൽ ആശ്രയം വച്ചു ജീവിതം അവനിൽ അർപ്പിക്കുന്നതാണു ഭക്തി. ഈശ്വരനിൽ ശരണം പ്രാപിക്കുന്ന ഭക്തനെ അവിടുന്നു പരമമായ ശാന്തിയിലേക്കു നടത്തുന്നു. ''സകല ധർമ്മങ്ങളും പരിത്യജിച്ച് എന്നെത്തന്നെ ശരണം പ്രാപിക്കുക. സകല പാപങ്ങളിൽനിന്നും ഞാൻ നിന്നെ മോചിപ്പിക്കും, നീ വ്യസനിക്കേണ്ട'' (ഗീത 18:66). ഭിന്നങ്ങളായ ഈ മാർഗ്ഗങ്ങളിൽ എല്ലാ മാർഗ്ഗങ്ങളും എല്ലാവർക്കും ചേർന്നതല്ല. ഓരോരുത്തനും തനിക്ക് അനുയോജ്യമായ മാർഗ്ഗം പിൻതുടരാവുന്നതാണ്.

ജീവിതത്തിനു നാലു ലക്ഷ്യങ്ങൾ ഉള്ളതായും ഹിന്ദുമതം പഠിപ്പിക്കുന്നു. ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിവയാണു പ്രസ്തുത ലക്ഷ്യങ്ങൾ. ഇവയെ പുരുഷാർത്ഥങ്ങൾ എന്നു വിളിക്കുന്നു. മതപരവും ആദ്ധ്യാത്മികവുമായ അറിവും സദാചാരനിഷ്ഠയുമാണു ധർമ്മം. സന്മാർഗ്ഗത്തിലും അദ്ധ്വാനത്തിലും കൂടി നേടുന്ന സമ്പത്തുക്കളാണ് അർത്ഥം. എല്ലാവിധ സുഖാനുഭവങ്ങളെയും കാമം എന്നതു കൊണ്ടർത്ഥമാക്കുന്നു. മോക്ഷം എന്നത് ഈ ലോക വാസനകളിൽനിന്നു വിമുക്തനായി ഈശ്വരനിലുള്ള ലയനമാണ്.

താപസജീവിതവും ഈശ്വരനിലുള്ള അഗാധമായ പ്രത്യാശയോടെ നടത്തുന്ന ധ്യാനവും ഹിന്ദുമതത്തിൻെറ സവിശേഷതകളാണ്. ഇതരമതങ്ങളിലെ നല്ലവശങ്ങൾ പലതും ഉൾക്കൊള്ളാനും ഹിന്ദുമതം ശ്രമിക്കുന്നുണ്ട്. നൂറ്റാണ്ടുകളായി ഭാരതത്തിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും നിലനിൽക്കുന്ന മതമൈത്രി ഹിന്ദുമതത്തിൻെറ ഈ വിശാലമനോഭാവത്തിൻെറ മകുടോദാഹരണമാണ്.

## ബുദ്ധമതം

ബുദ്ധമതം ജന്മമെടുത്തു വളർന്നതു ഭാരതത്തിലാണെങ്കിലും ഇന്ന് ജപ്പാൻ, ശ്രീലങ്ക, ചൈന, ബർമ്മ തുടങ്ങിയ വിദേശ രാജ്യങ്ങളിലാണ് അതു നിലനിൽക്കുന്നത്. കോസല രാജാവിന്റെ പുത്രനായി കപിലവസ്തുവിൽ ജനിച്ച (ബി.സി. 567 നും 487 നും മദ്ധ്യേ) സിദ്ധാർത്ഥൻ എന്ന രാജകുമാരനാണു ബുദ്ധമതത്തിന്റെ ആരംഭകൻ. തന്റെ ചുറ്റും കാണാനിടയായ ദുഃഖദുരിതങ്ങൾ കണ്ടു മനസ്സലിഞ്ഞ രാജകുമാരൻ കൊട്ടാരം വിട്ടിറങ്ങി. ഈശ്വരധ്യാനത്തിൽ നിമഗ്നനായ സിദ്ധാർത്ഥൻ ''ബുദ്ധനാ''യിത്തീർന്നുകൊണ്ട് ഒരു പുതിയ മതത്തിനു രൂപം കൊടുത്തു. ആര്യസത്യങ്ങൾ എന്നറിയപ്പെടുന്ന നാലു തത്ത്വങ്ങളിൽ ബുദ്ധമത സിദ്ധാന്തങ്ങൾ സംഗ്രഹിക്കാം. ഒന്നാമത്തെ ആര്യസത്യം ദുഃഖത്തിന്റെ സാർവ്വത്രികതയെക്കുറിച്ചാണ്. ''സബ്ബേ സംഖാരദുഖാ'' അതായത്, സങ്കരവസ്തുക്കൾ എല്ലാം ദുഃഖമാണ്. ജനനം, വാർദ്ധക്യം, രോഗം, മരണം, ഇഷ്ടപ്പെടാത്തവയുമായുള്ള ബന്ധം, ഇഷ്ടപ്പെടുന്നവയിൽ നിന്നുള്ള വേർപാട് എന്നിവയെല്ലാം ദുഃഖമത്രെ. മാറ്റത്തിനു വിധേയമായതെല്ലാം ദുഃഖമാണ്. ചുരുക്കത്തിൽ ജീവിതം തന്നെ ദുഃഖമാണ്.

ദുഃഖത്തിന്റെ കാരണങ്ങളെക്കുറിച്ചുള്ളതാണു രണ്ടാമത്തെ ആര്യസത്യം. എല്ലാ ദുഃഖങ്ങൾക്കും കാരണം ആഗ്രഹങ്ങൾ അഥവാ തൃഷ്ണകളാണ്. മനുഷ്യന് ആറു തരത്തിലുള്ള തൃഷ്ണകളുണ്ട്: രൂപതൃഷ്ണ, ശബ്ദതൃഷ്ണ, ഗന്ധതൃഷ്ണ, രസതൃഷ്ണ, സ്പർശതൃഷ്ണ, മാനസിക ധർമ്മങ്ങളുടെ തൃഷ്ണ. ആഗ്രഹങ്ങൾ ഇല്ലാതാക്കിയാൽ മാത്രമേ ആനന്ദം അനുഭവപ്പെടുകയുള്ളു എന്നതാണു മൂന്നാമത്തെ ആര്യസത്യം. തൃഷ്ണകൾ നിരോധിക്കാനുള്ള മാർഗ്ഗങ്ങൾ നാലാമത്തെ ആര്യസത്യത്തിൽ നിർദ്ദേശിച്ചിരിക്കുന്നു. അഷ്ടാംഗമാർഗ്ഗമാണു ബുദ്ധൻ ഇതിനു നിർദ്ദേശിക്കുന്നത്.

സമ്യഗ്ദൃഷ്ടി, സമ്യക്സങ്കല്പം, സമ്യഗ്വാക്യം, സമ്യക് കർമ്മം, സമ്യഗ്ആജീവം, സമ്യഗ്വ്യായാമം, സമ്യക്സ്മൃതി, സമ്യക്സമാധി ഇവയാണ് ദുഃഖം അകറ്റാനുള്ള എട്ടുമാർഗ്ഗങ്ങൾ.

ആര്യസത്യങ്ങളെക്കുറിച്ചുള്ള യഥാർത്ഥ ജ്ഞാനമാകുന്നു സ

മൃഗ്ദൃഷ്ടി അഥവാ നല്ല വീക്ഷണം. സമ്യക്സങ്കല്പം അഥവാ നല്ല മനഃസ്ഥിതി ഭോഗസുഖങ്ങൾ ത്യജിക്കലും സമസൃഷ്ടങ്ങളുടെ നന്മയ്ക്കായുള്ള ആഗ്രഹവുമാണ്. മനുഷ്യ ശ്രേയസ്സിനുതകുന്ന രീതിയിൽ മാത്രം സംസാരിക്കുന്നതാണു സമൃഗ്വാക്ക്. സത്യസന്ധവും കരുണാമയവുമായിരിക്കണം വാക്കുകൾ. സത്പ്രവൃത്തിയാണു സമ്യക്കർമ്മം. സാന്മാർഗ്ഗിക ജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളേയും അതുൾക്കൊള്ളുന്നു. പഞ്ചശീലങ്ങൾ എന്നറിയപ്പെടുന്ന പ്രമാണങ്ങളാണ് ജീവിതവ്യാപാരങ്ങളുടെയെല്ലാം മാനദണ്ഡമായിരിക്കേണ്ടത്. ഹിംസ, മോഷണം, ഭോഗാസക്തി, കള്ളംപറയൽ, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം എന്നിവയിൽ നിന്ന് ഒഴിഞ്ഞിരിക്കുകയെന്നതാണ് പഞ്ചശീലതത്ത്വങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. ദുർവിചാരങ്ങൾ മനസ്സിൽ കടക്കാതെ നിശ്ചയ ദാർഢ്യത്തോടുകൂടി സത്യാന്വേഷണം നടത്തലാണു സമൃഗ്വ്യായാമം. സത്യസന്ധമായ രീതിയിൽ തൊഴിൽചെയ്തു ജീവിക്കലാണ് സമൃഗ്ആജീവം. മനസ്സിനെ ഏകാഗ്രമാക്കി ധ്യാനിക്കുന്നതാണ് സമ്യക് സമാധി. സമ്യക്സ്മൃതി മനോനിയന്ത്രണമാകുന്നു. മനസ്സിനെ നിരീക്ഷണ വിധേയമാക്കി ഇന്ദ്രിയബന്ധങ്ങളിൽനിന്ന് എങ്ങനെ മോചനം പ്രാപിക്കാമെന്ന ചിന്തയാണിത്. അഷ്ടാംഗമാർഗ്ഗത്തിലൂടെ പ്രാപിക്കുന്ന ലക്ഷ്യത്തിനു നിർവ്വാണം അഥവാ മോക്ഷം എന്നു പറയുന്നു.

വിശ്വാസം, ജീവിതരീതികൾ എന്നിവയിലുള്ള വ്യത്യാസത്തിൻെറ അടിസ്ഥാനത്തിൽ ഹീനയാനം, മഹായാനം എന്നിങ്ങനെ ബുദ്ധമതത്തിൽ രണ്ടു വിഭാഗങ്ങളുണ്ട്. ബുദ്ധനുശേഷം ഏതാണ്ടു പന്ത്രണ്ടു നൂറ്റാണ്ടുകളോളം ഭാരതത്തിൽ ബുദ്ധമതം ശക്തിയാർജ്ജിച്ചിരുന്നു. ബുദ്ധമതം നമ്മുടെ സംസ്കാരത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ക്രിസ്തുമതത്തിൻെറ ആരംഭകാലഘട്ടത്തിൽ കേരളത്തിൽ നിലവിലിരുന്ന മതമെന്ന നിലയിൽ ഇവിടുത്തെ ക്രൈസ്തവ സംസ്കാരത്തിലും ഗണനീയമായ സ്വാധീനം അതു ചെലുത്തിയിട്ടുണ്ട്. ബുദ്ധസന്യാസിമാരുടെ സമൂഹജീവിതക്രമവും മിഷൻ പ്രവർത്തനചാതുരിയും എടുത്തു പറയേണ്ട സവിശേഷതകളാണ്. ബുദ്ധഭിക്ഷുക്കളുടെ സമൂഹം ''സംഘം'' എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ബുദ്ധഭിക്ഷുക്കൾ അനുസരിക്കേണ്ട പത്തു പ്രമാണങ്ങൾ ബുദ്ധൻ തന്നെ നിർദ്ദേശിച്ചിരുന്നു:

ജന്തുഹിംസ ഒഴിവാക്കുക, മോഷ്ടിക്കാതിരിക്കുക, ബ്രഹ്മചര്യഭംഗം ഒഴിവാക്കുക, കള്ളം പറയാതിരിക്കുക, ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കാതിരിക്കുക, മിതമായി മാത്രം ഭക്ഷിക്കുകയും ഉച്ചകഴിഞ്ഞു ഭക്ഷിക്കാതിരിക്കുകയും ചെയ്യുക, നൃത്തം സംഗീതം നാടകം ആദിയായവയിൽ നിന്നു മാറിനിൽക്കുക, ആഭരണങ്ങളും സുഗന്ധപദാർത്ഥങ്ങളും വർജ്ജിക്കുക, ഉയർന്നതും വീതി കൂടിയതുമായ ശയ്യോപകരണങ്ങൾ ഒഴിവാക്കുക, സ്വർണ്ണം വെള്ളി എന്നിവ സ്വീകരിക്കാതിരിക്കുക എന്നിവയാണ് ആ പ്രമാണങ്ങൾ.

സംഘത്തിൽ പ്രവേശിക്കുന്നവർ തല മുണ്ഡനം ചെയ്യുകയും മഞ്ഞവസ്ത്രം ധരിക്കയും ചെയ്യേണ്ടിയിരുന്നു. ഭിക്ഷാപാത്രം സ്വീകരിക്കുക, ദിനംതോറും ധ്യാനം പരിശീലിക്കുക എന്നിവയും സംഘാംഗങ്ങൾ പാലിക്കേണ്ട നിയമങ്ങളായിരുന്നു. ''ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി'' (ഞാൻ ബുദ്ധനെ ശരണമാക്കുന്നു, ധർമ്മത്തെ ശരണമാക്കുന്നു, സംഘത്തെ ശരണമാക്കുന്നു) എന്ന ശരണത്രയം ഏറ്റു പറയാനും സംഘാംഗങ്ങൾ കടപ്പെട്ടിരുന്നു.

ഏ.ഡി. പതിമ്മൂന്നാം നൂറ്റാണ്ടിനു ശേഷം ഭാരതത്തിൽ ബുദ്ധമതം ക്ഷയിച്ചു. ബുദ്ധൻെറ ഉപദേശങ്ങൾ സാധാരണ ജനങ്ങളിൽ എത്തിക്കുന്ന കാര്യത്തിൽ ഭിക്ഷുക്കൾ ശ്രദ്ധിക്കാതിരുന്നതും സന്ന്യാസജീവിതത്തിനു അമിതപ്രാധാന്യം കല്പിച്ചതും, ബുദ്ധമതാനുയായികൾ ഹൈന്ദവാചാരരീതികൾ സ്വീകരിക്കാൻ ഇടയായതും ബുദ്ധമതത്തിൻെറ പതനത്തിനു വഴിതെളിച്ചു. ഏ.ഡി. ആയിരത്തിനു ശേഷമുണ്ടായ മുഹമ്മദീയ ആക്രമണങ്ങളും ബുദ്ധമതത്തിൻെറ അധഃപതനത്തിനു കാരണമായി. പതിമ്മൂന്നാം നൂറ്റാണ്ടിനു ശേഷം പേരിനു മാത്രം ചെറിയ സമൂഹമായി നിലനിന്നിരുന്ന ബുദ്ധമതത്തിന് 1981-ലെ കാനേഷുമാരി കണക്കനുസരിച്ച് 4719796 അനുയായികളുണ്ട്.

## ഇസ്ലാം മതം

ഹിന്ദുമതവും ബുദ്ധമതവും പോലെ തന്നെ ലോകത്തിലെ പ്രമുഖമായ ഒരു മതമാണ് ഇസ്ലാം. ലോകജനസംഖ്യയിൽ രണ്ടാമത്തെ സ്ഥാനമാണ് ഇസ്ലാം മതത്തിനുള്ളത്. ഇൻഡ്യൻ ഉപഭൂഖണ്ഡത്തിൽ പാക്കിസ്ഥാനും ബംഗ്ലാദേശും മുസ്ലിം രാഷ്ട്രങ്ങ

ളാണ്. എന്നാൽ അവിടങ്ങളിൽ ഉള്ളതിലധികം മുസ്ലിമുകൾ ഭാരതത്തിലുണ്ട്. ജനസംഖ്യയനുസരിച്ച് ഭാരതത്തിലെ ഏറ്റവും പ്രബലമായ മതന്യൂനപക്ഷമാണ് ഇസ്ലാം.

ഏ.ഡി. ഏഴാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിൽ മക്ക എന്ന പട്ടണത്തിൽ (സൗദി അറേബ്യയിൽ) ഹീരാ മലയിൽ ഒരു ഗുഹയിൽ പ്രാർത്ഥനാനിരതനായിരുന്ന മുഹമ്മദ് നബിക്കുണ്ടായ ദൈവിക വെളിപാടുകളാണ് ഇസ്ലാം മതത്തിൻെറ കാതൽ വിഗ്രഹാരധനയിൽ കഴിഞ്ഞിരുന്ന ഒരു ജനതയെ ഏകദൈവവിശ്വാസത്തിലേക്കു നയിക്കാൻ മുഹമ്മദിനു സാധിച്ചു. അവരിൽ ദൈവചിന്തയും ധർമ്മബോധവും കൈവരുത്തുന്നതിനായി തനിക്കു ലഭിച്ച ദൈവിക വെളിപാടുകൾ സംഗ്രഹിച്ച് ജനങ്ങളെ പഠിപ്പിക്കാൻ മുഹമ്മദ് തയ്യാറായി. ഈ ദൈവിക വെളിപാടുകൾ രേഖപ്പെടുത്തിയിരിക്കുന്ന ഗ്രന്ഥമാണു ഖുറാൻ. ഖുറാനിൽ ദൈവത്തിൻെറ തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നുവെന്നു മുസ്ലിങ്ങൾ വിശ്വസിക്കുന്നു.

ഇസ്ലാം മതത്തിൻെറ അടിസ്ഥാന തത്ത്വങ്ങളാണു ദൈവ



മതമൈത്രിയുടെ പ്രതീകം

ത്തിൻെറ ഏകത്വവും മുഹമ്മദിൻെറ പ്രവാചകത്വവും. ''അല്ലാഹു വല്ലാതെ മറ്റൊരു ദൈവമില്ല, മുഹമ്മദ് അവൻെറ പ്രവാചകനാണ്.'' ഈ വിശ്വാസം ഏറ്റുപറയുന്നവനാണ് യഥാർത്ഥമുസ്ലിം. ദൈവം സ്വയംസ്ഥിതനും, സർവ്വശക്തനും, സർവ്വത്തിൻെറയും സ്രഷ്ടാവും, കരുണാസമ്പന്നനും ദയാലുവുമാണ്. ഖുറാൻെറ പഠനമനുസരിച്ച് ദൈവം മനുഷ്യരോടു നിരന്തരം സംഭാഷണത്തിലേർപ്പെടുന്നവനാണ്. കാലാകാലങ്ങളിൽ പ്രവാചകന്മാരിലൂടെ സംസാരിച്ച ദൈവം ഇന്നു പ്രകൃതിയിൽ കാണുന്ന ചെറുതും വലുതുമായ നിരവധി അദ്ഭുതങ്ങളിലൂടെ മനുഷ്യവംശത്തോടു സംസാരിക്കുന്നു (ഖുറാൻ 42:28).

പ്രധാനമായും അഞ്ച് മതധർമ്മങ്ങൾ അനുഷ്ഠിക്കാൻ ഇസ്ലാം മതാനുയായികൾ കടപ്പെട്ടിരിക്കുന്നു. ഇസ്ലാമിൻെറ ''പഞ്ചസ്തൂപങ്ങൾ'' എന്നാണിവ അറിയപ്പെടുന്നത്. അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ല, മുഹമ്മദ് ദൈവത്തിൻെറ പ്രവാചകനാണ് എന്ന വിശ്വാസപ്രമാണത്തിൻെറ ഏറ്റുപറച്ചിലാണ് ഒന്നാമത്തെ ധർമ്മം. നിർദ്ദിഷ്ട പ്രാർത്ഥനകൾ ചൊല്ലുകയാണു രണ്ടാമത്തെ ധർമ്മം. മെക്കയിലേക്കു തിരിഞ്ഞാണു പ്രാർത്ഥന നടത്തേണ്ടത്. വെള്ളിയാഴ്ചത്തെ മദ്ധ്യാഹ്നപ്രാർത്ഥന വളരെ പ്രധാനമാണ്. പ്രായപൂർത്തിയായവരെല്ലാം റംസാൻമാസം മുഴുവൻ നോമ്പാചരിക്കണം എന്നതാണു മൂന്നാമത്തെ ധർമ്മം. നിർബന്ധിത ദാനമാണു സക്കാത്ത്. ഇതാണു നാലാമത്തെ ധർമ്മം. മെക്കയിലേക്കു നടത്തുന്ന തീർത്ഥയാത്രയാണു ഹജ്ജ്. കഴിവുള്ള എല്ലാവരും ജീവിതത്തിലൊരിക്കലെങ്കിലും ഹജ്ജ് നടത്തണമെന്നതാണ് അഞ്ചാമത്തെ ധർമ്മം.

ക്രൈസ്തവരുടെ വിശുദ്ധഗ്രന്ഥമായ ബൈബിളിൽ പ്രതിപാദിക്കുന്ന പല സംഭവങ്ങളും ഖുറാനിലും രേഖപ്പെടുത്തിയിട്ടുണ്ട്. നോഹ, അബ്രഹാം, മോസസ്, ദാവീദ് തുടങ്ങിയ പ്രവാചകന്മാരെപ്പറ്റി പ്രതിപാദിക്കുന്ന ഖുറാൻ യേശുക്രിസ്തുവിനെയും ഒരു പ്രവാചകനായിട്ടാണ് കണക്കാക്കുന്നത്. കന്യകാമറിയത്തെപ്പറ്റിയും ഖുറാനിൽ പ്രതിപാദിക്കുന്നുണ്ട്.

## മനുഷ്യനെ തേടുന്ന ദൈവം

ദൈവത്തെ തേടി മനുഷ്യൻ നടത്തിയ അന്വേഷണത്തിൻെറ ഫലമാണു മതങ്ങൾ എന്നു സൂചിപ്പിച്ചല്ലോ. ക്രിസ്തുമതത്തിലും

ഈ ദൈവാന്വേഷണ സ്വഭാവം വ്യക്തമാണ്. ഇസ്രായേൽ ജന ത്തിൻെറ മതമായ യഹൂദമതമാണു ക്രിസ്തുമതത്തിൻെറ പശ്ചാത്തലം. ഇസ്രായേൽ ജനം ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനമായിരുന്നു. തങ്ങൾ ദൈവജനമാണെന്നും യഹോവ തങ്ങളെ സവിശേഷമായി തിരഞ്ഞെടുക്കുകയും തങ്ങളുമായി ഉടമ്പടി സ്ഥാപിക്കുകയും ചെയ്തുവെന്നുമുള്ള ഉറച്ചബോധ്യം അവർക്കുണ്ടായിരുന്നു.

''നിങ്ങളുടെ ദൈവമായ കർത്താവിനു നിങ്ങൾ ഒരു വിശുദ്ധജനമാണ്; നിങ്ങളുടെ ദൈവമായ കർത്താവ്, ഈ ഭൂമുഖത്തുള്ള എല്ലാ ജനങ്ങളിൽനിന്നും, തനിക്കു സ്വന്തമായൊരു ജനമാകുന്നതിനുവേണ്ടി നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു'' (നിയമാവർത്തനം 7:6).

വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന രക്ഷകനെ സ്വീകരിക്കാൻ പ്രവാചകന്മാരിലൂടെ ദൈവം തൻെറ ജനത്തെ ഒരുക്കിയിരുന്നു. അബ്രാഹത്തെ വിളിച്ചതോടെ ചരിത്രത്തിലെ ദൈവത്തിൻെറ ഈ രക്ഷാകരമായ ഇടപെടൽ വ്യക്തമായി. പഴയ നിയമത്തിൻെറയും പ്രവാചകന്മാരുടെ പ്രബോധനങ്ങളുടെയും പൂർത്തീകരണമായിട്ടാണു ക്രിസ്തു ലോകത്തിലേക്കു വന്നത്. ക്രിസ്തുവിലൂടെ ദൈവം മനുഷ്യനെ സന്ദർശിച്ചു. ഈ ദൈവ-മനുഷ്യസമാഗമമാണു ക്രിസ്തു മതത്തിൻെറ അടിസ്ഥാനം. ക്രിസ്തുവിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തി. അങ്ങനെ ദൈവത്തിൻെറ സ്നേഹം ലോകത്തിന് അനുഭവവേദ്യമായി.

''അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു തൻെറ ഏകജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ.3:16).

പുതിയ നിയമത്തിലെ ദൈവജനമാണ് സഭ. ക്രൈസ്തവർ മാത്രമാണു ദൈവജനമെന്ന് ഇതുകൊണ്ടർത്ഥമാകുന്നില്ല. ക്രിസ്തുവിൻെറ രക്ഷാകരമായ മരണം ലോകത്തിനു മുഴുവൻ വേണ്ടിയായിരുന്നു: ''ലോകമെങ്ങും ചിതറിക്കിടക്കുന്ന ദൈവമക്കളെ ഒന്നിച്ചുകൂട്ടുന്നതിന്'' (യോഹ 11:52; മത്താ. 20:28; ലൂക്കാ 22:19-20; റോമ. 8:32) അവിടന്നു തന്നെത്തന്നെ കുരിശിൽ അർപ്പിച്ചു. യേശു മനുഷ്യവംശത്തിൻെറ മുഴുവൻ രക്ഷക

നാണ്. ''എല്ലാ ജനപദങ്ങളിലും അവിടുത്തെ ഭയപ്പെടുകയും ശരിയായതു പ്രവർത്തിക്കുകയും ചെയ്യുന്നവൻ അവിടുത്തേക്കു സ്വീകാര്യനാണ്'' (നട.10:34-36; റോമ. 2:11). ഇസ്രായേലിൻെറ കാത്തിരിപ്പിൻെറയും മതാനുഭവത്തിൻെറയും പൂർത്തീകരണമാണു ക്രിസ്തു. ക്രിസ്തുവിലൂടെ കൈവന്ന ദൈവാനുഭവം സ്വീകരിച്ചവരുടെ കൂട്ടായ്മയാണു ക്രൈസ്തവസഭ. ചരിത്രത്തിലുള്ള ക്രിസ്തുവിൻെറ തുടർച്ചയായിട്ടാണു ക്രൈസ്തവസഭ നിലകൊള്ളുന്നത്.

## ക്രിസ്തുമതത്തിൻെറ തനിമ

ക്രൈസ്തവസഭയും ഇതര ലോകമതങ്ങളുമായുള്ള സമാധാനപരമായ ബന്ധത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട്. ക്രിസ്തുമതത്തിൻെറ സവിശേഷതകൾ വ്യക്തമായിട്ടറിയാതെ ഇതരമതങ്ങളുമായി ശരിയായ വിധത്തിൽ സംവാദം നടത്താനാവില്ല. യേശുക്രിസ്തുവാണു ക്രിസ്തുമതത്തിൻെറയും ക്രൈസ്തവസഭയുടെയും അടിസ്ഥാനം. ക്രൈസ്തവർക്കു ദൈവാനുഭവത്തിൻെറയും രക്ഷയുടെയും ഏകമാർഗ്ഗവും മാതൃകയും ''വഴിയും സത്യവും ജീവനു'' (യോഹ 14:6) മായ യേശു ക്രിസ്തുവാണ്. ക്രിസ്തുവിനെ ഏകരക്ഷകനായി (നട 4:12) അംഗീകരിച്ച് ഏറ്റുപറയുന്നവരാണു ക്രിസ്ത്യാനികൾ. ക്രിസ്തുമതത്തിൻെറ ദൗത്യവും സന്ദേശവും ക്രിസ്തുവിൻേറതു തന്നെ. സഭയുടെ വ്യക്തിത്വം ക്രിസ്തുവിൻെറ വ്യക്തിത്വത്തിൽ ഒന്നുചേർന്നു നിൽക്കുന്നു. യേശുക്രിസ്തുവിൻെറ വ്യക്തിത്വത്തിൻെറ തനിമയാണ് ക്രിസ്തുമതത്തെ ഇതരമതങ്ങളിൽനിന്നു വേർതിരിക്കുന്ന മുഖ്യഘടകം.

## ക്രൈസ്തവ സമീപനം

ഇതര ലോകമതങ്ങളോടുള്ള ക്രൈസ്തവ സമീപനമെന്തായിരിക്കണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ വ്യക്തമാക്കിയിട്ടുണ്ട്. മറ്റു മതങ്ങളിൽ കാണുന്ന ആദ്ധ്യാത്മികവും സാംസ്കാരികവുമായ മൂല്യങ്ങൾ കത്തോലിക്കസഭ ആദരിച്ചംഗീകരിക്കുന്നു. 'അക്രൈസ്തവ മതങ്ങൾ' എന്ന പേരിൽ രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ചിരിക്കുന്ന പ്രഖ്യാപനത്തിൻെറ വെളിച്ചത്തിൽ ലോകമതങ്ങളോടു നമുക്കുണ്ടായിരി

ക്കേണ്ട സമീപനം എന്തായിരിക്കണമെന്നു ചിന്തിക്കാം.

ലോകമതങ്ങളിൽ സത്യവും വിശുദ്ധവുമായ പലതുമുണ്ടെന്നു കൗൺസിൽ തറപ്പിച്ചു പറയുന്നു: ''ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്കരിക്കുന്നില്ല'' (അക്രൈസ്തവ മതങ്ങൾ 2). കാരണം, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന ''സത്യത്തിൻെറ രശ്മി'' അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ടെന്നു സഭ വിശ്വസിക്കുന്നു. എല്ലാ മതങ്ങളിലും ദൈവത്തിൻെറ പ്രവർത്തനം ദൃശ്യമാണ്. ലോകാരംഭം മുതൽ ദൈവാത്മാവു ജനപദങ്ങളിൽ പ്രവർത്തനനിരതനായിരുന്നു. ദൈവത്തിൻെറ വചനം സ്വീകരിക്കാൻ ഈ ദൈവാത്മാവു ജനപദങ്ങളെ സജ്ജമാക്കിക്കൊണ്ടിരിക്കുന്നു. ''ദൈവവചനത്തിൻെറ വിത്ത്'' എല്ലാ ജനപദങ്ങളിലും വിതയ്ക്കപ്പെട്ടതായിട്ടു സഭ കണക്കാക്കുന്നു. ദൈവത്തിൻെറ രക്ഷാകര സാന്നിദ്ധ്യവും പ്രവർത്തനവും എല്ലാ മതങ്ങളിലും ഉണ്ടെന്നാണ് ഇതിൻെറ അർത്ഥം. ഇപ്രകാരം സത്യത്തിൻെറ അംശവും ദൈവത്തിൻെറ സാന്നിദ്ധ്യവുമുള്ളതിനാൽ പ്രസ്തുത മതങ്ങളിൽ വിശ്വസിക്കുന്നവർക്ക് അവ രക്ഷയുടെ അടയാളങ്ങൾ തന്നെയാണ്.

തൻെറ വചനത്താൽ ലോകത്തെ സൃഷ്ടിക്കയും പരിപാലിക്കയും ചെയ്യുന്ന ദൈവം ഈ ലോകത്തിലും ലോകത്തിലെ എല്ലാ ജനപദങ്ങളിലും സന്നിഹിതനാണ്. ജനപദങ്ങളുടെ ഇടയിലുള്ള ദൈവത്തിൻെറ ഈ ''രഹസ്യ സാന്നിധ്യ''ത്തെ ക്രൈസ്തവസഭ ആദരിച്ചംഗീകരിക്കുന്നു (പ്രേഷിതപ്രവർത്തനം 9). അവരുടെ ദേശീയവും മതപരവുമായ പാരമ്പര്യങ്ങളിൽ ദൈവവചനത്തിൻെറ വിത്തുകൾ മറഞ്ഞുകിടക്കുന്നു. (പ്രേഷിതപ്രവർത്തനം 11,15). ഇപ്രകാരം ജനതകൾക്കിടയിൽ സന്നിഹിതനായിരിക്കുന്ന ദൈവം രക്ഷയുടെ വഴികൾ അവർക്കു തുറന്നു കൊടുക്കാതിരിക്കില്ല. (തിരുസഭ 16). ഇതര മതങ്ങളിൽ താപസപരവും ധ്യാനപരവുമായ ധാരാളം പാരമ്പര്യങ്ങൾ ഉണ്ടെന്ന വസ്തുതയും സഭ അംഗീകരിക്കുന്നു (പ്രേഷിത പ്രവർത്തനം 18). ദൈവം എല്ലാവരുടേയും പിതാവാണ്. തൻെറ രക്ഷാകരപദ്ധതിയിൽനിന്ന് അവിടുന്ന് ആരെയും മാറ്റി നിർത്തുന്നില്ല. എല്ലാവരെയും ഉൾക്കൊള്ളുന്നതാണു ദൈവത്തിൻെറ രക്ഷാകര സ്നേഹം. ഈ സർവ്വലോകസ്പർശിയായ സ്നേഹം ലോകത്തിനു

മനസ്സിലാക്കിക്കൊടുക്കുവാനാണു യേശു സഭ സ്ഥാപിച്ചത്: ''ദൈവസ്നേഹം എല്ലാവർക്കും കാണിച്ചുകൊടുക്കുവാനും എല്ലാ ജനപദങ്ങൾക്കും അതു പകർന്നുകൊടുക്കുവാനും'' (പ്രേഷിത പ്രവർത്തനം 10) ക്രിസ്തു തൻെറ സഭയെ പ്രേഷിതയാക്കുകയും ചെയ്തു.

സർവ്വമനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിൻെറ രശ്മി ഇതരമതങ്ങളിലും ദർശിക്കുക വഴിയായി ക്രിസ്തുവിലൂടെ സഭയ്ക്കു ലഭിച്ചിരിക്കുന്ന സത്യത്തിൻെറ പൂർണ്ണമായ പ്രകാശം ഇതരമതങ്ങളിലേക്കും വ്യാപിച്ചു നിൽക്കുന്നുവെന്ന യാഥാർത്ഥ്യത്തെ സഭ അംഗീകരിക്കുകയാണ്. മറ്റു മതങ്ങളിലെ സത്യത്തെ അംഗീകരിക്കുമ്പോൾ സഭ അവളുടെതന്നെ സത്യത്തെ അംഗീകരിക്കുകയാണ്. അതുകൊണ്ട്, ഇതരമതങ്ങളിൽ ദൃശ്യമാകുന്ന ആദ്ധ്യാത്മികവും ധാർമ്മികവുമായ നന്മകളും സാമൂഹിക സാംസ്കാരിക മൂല്യങ്ങളും അംഗീകരിച്ചു പരിരക്ഷിക്കണമെന്നും അഭിവൃദ്ധമാക്കണമെന്നും സഭ ആഗ്രഹിക്കുന്നു.

''ഈ മതങ്ങളിൽ കാണുന്ന സത്യവും വിശുദ്ധവുമായ ഒന്നും കത്തോലിക്കാ തിരുസഭ തിരസ്ക്കരിക്കുന്നില്ല. മറ്റു മതങ്ങളിലെ പ്രവർത്തനരീതികളും ജീവിതമുറകളും, പ്രമാണങ്ങളും, സിദ്ധാന്തങ്ങളും തിരുസഭ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവയിൽ നിന്നു പലതുകൊണ്ടും വ്യത്യസ്തങ്ങളാണ്. എങ്കിലും തിരുസഭ അവയെയെല്ലാം ആത്മാർത്ഥമായ ബഹുമാനത്തോടുകൂടിയാണു നിരീക്ഷിക്കുന്നത്'' (അക്രൈസ്തവ മതങ്ങൾ 2).

എന്നിരുന്നാലും ഇതരമതങ്ങൾക്കു ക്രൈസ്തവ സഭയോടു തുല്യതയുണ്ടെന്നു നാം കരുതുന്നില്ല. ''സത്യദൈവത്തിലേക്കുള്ള കൈചൂണ്ടിയായോ സുവിശേഷ സ്വീകരണത്തിനുള്ള ഒരുക്കമായോ'' (പ്രേഷിത പ്രവർത്തനം 3) അവയെ കണക്കാക്കുന്നതായിരിക്കും ശരി. ക്രിസ്തുവിൻെറ പൂർണ്ണമായ സാന്നിധ്യവും സഹവാസവും സഭയിൽ മാത്രമാണുള്ളത്. ലോകത്തെ മുഴുവൻ സുവിശേഷവത്കരിക്കുകയാണ് സഭയുടെ ദൗത്യം. ഇതര മതങ്ങളിലെ ദൈവാനുഭവത്തെ ''വ്യക്തവും ശുദ്ധവു''മാക്കുകയാണ് സഭയുടെ ധർമ്മം. ഇതര മതവിശ്വാസികളെ മതപരിവർത്തനത്തിനു നിർബന്ധിക്കുക എന്നതു സഭയുടെ പ്രേഷിത പ്രവർത്തനത്തിൻെറ ലക്ഷ്യമല്ല. മുമ്പു സൂചിപ്പിച്ചതുപോലെ ലോകത്തെമുഴു

വൻ സുവിശേഷവത്കരിക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനത്തിൻെറ കാതൽ. ക്രിസ്തുവാകുന്ന വചനത്തിൻെറ പ്രഘോഷണത്തിലൂടെ ഇതര മതസ്ഥരേയും ദൈവാനുഭവത്തിലേക്കു നയിക്കുക, മാനവകുലത്തിൻെറ സർവ്വതോമുഖമായ പുരോഗതിക്കുതകുന്ന വിധത്തിൽ സാമൂഹിക -രാഷ്ട്രീയ- സാമ്പത്തിക രംഗങ്ങളിൽ പ്രവർത്തിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും സജ്ജമാക്കുക എന്നിവയായിരിക്കണം പ്രേഷിത പ്രവർത്തനങ്ങളുടെ ലക്ഷ്യം.

## മാനവകുലത്തിൻെറ ക്രിസ്ത്വനുഭവം

ക്രിസ്തുമതത്തിൻെറ മാത്രം പൈതൃകമല്ല ക്രിസ്ത്വനുഭവം. ക്രിസ്തു മനുഷ്യവംശത്തിൻെറ വിമോചകനും രക്ഷകനുമാണ്. ദൈവത്തിൻെറ അയയ്ക്കപ്പെട്ട വചനമായ ക്രിസ്തു തന്നെയാണ് എല്ലാവർക്കും രക്ഷയ്ക്കു നിദാനം. ക്രിസ്തു-സംഭവത്തെ യഹൂദ-ക്രൈസ്തവപാരമ്പര്യത്തിൽ മാത്രം ഒതുക്കുന്നത് ശരിയല്ല. ക്രിസ്തുവിൻെറ വരവിൽ മാനവരാശിക്കു മുഴുവൻ ഒരു ദൈവാനുഭവം കൈവന്നിട്ടുണ്ട്. അതായത്, ഇതര ലോകമതങ്ങളിലും ക്രിസ്ത്വനുഭവത്തിൻെറ കണികകൾ ഉണ്ടെന്നർത്ഥം. സുവിശേഷവത്കരണത്തിലൂടെ ഇതരമതങ്ങളിലും ജനപദങ്ങളിലും മറഞ്ഞിരിക്കുന്ന സത്യവചനത്തെ മനസ്സിലാക്കാൻ തദനുയായികളെ പര്യാപ്തരാക്കുകയെന്നത് ക്രൈസ്തവരുടെ ഒരു ധർമ്മമാണ്.

ചുരുക്കത്തിൽ, ഏകദൈവത്തിൽ വിശ്വസിച്ചുകൊണ്ടും ക്രിസ്തുവിനെ ഏകരക്ഷകനും ജീവദാതാവുമായി അംഗീകരിച്ചുകൊണ്ടും, ഇതര മതങ്ങളുമായി സഹകരിക്കുവാനാണു സഭ ആഗ്രഹിക്കുന്നത്. ക്രൈസ്തവവിശ്വാസത്തിൽ അടിയുറച്ചുകൊണ്ടും ക്രിസ്തീയജീവിതത്തിനു സാക്ഷ്യം വഹിച്ചുകൊണ്ടും വേണം ഇതര മതസ്ഥരുമായി ക്രൈസ്തവർ സംഭാഷണത്തിലേർപ്പെടുവാൻ. വിവേകത്തോടും സ്നേഹത്തോടും കൂടിവേണം മറ്റു മതാനുയായികളുമായി സംവാദത്തിലേർപ്പെടുവാൻ എന്നു സഭ പ്രത്യേകം നിഷ്കർഷിക്കുന്നുണ്ട്. പരസ്പരം അറിയുവാനും പൊതു നന്മയ്ക്കായി ഒത്തൊരുമിച്ചു പ്രവർത്തിക്കാനും സ്നേഹത്തിൽ വർത്തിക്കാനും മതങ്ങൾ തമ്മിലുള്ള സംവാദം സഹായകമാകുന്നു.

### ഉത്തരങ്ങൾ പഠിക്കുക

1. ലോകമതങ്ങളുടെ ഉദ്ഭവത്തിൻെറ അടിസ്ഥാന ഹേതു എന്ത്?
2. മതം എന്നാലെന്ത്? മതങ്ങളുടെ പൊതുവായ ധർമ്മങ്ങൾ ഏവ?
3. ഹിന്ദുമതം, ബുദ്ധമതം, ഇസ്ലാംമതം എന്നിവയുടെ അടിസ്ഥാന സിദ്ധാന്തങ്ങളേവ?
4. ക്രിസ്തുമതത്തിൻെറ അടിസ്ഥാനസ്വഭാവം വിവരിക്കുക?
5. ക്രിസ്തുമതത്തിൻെറ തനിമ ക്രിസ്തുവിൻെറ തനിമതന്നെ. ആശയം വ്യക്തമാക്കുക.
6. ലോകമതങ്ങളോടുള്ള ക്രൈസ്തവസമീപനമെന്ത്?
7. ഇതര മതാനുയായികളുമായുള്ള സംവാദത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?

### പ്രാവർത്തികമാക്കുക.

1. അക്രൈസ്തവ മതങ്ങളെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിൽ പുറപ്പെടുവിച്ച പ്രമാണരേഖ വായിക്കുക.
2. നിങ്ങളുടെ ഇടവകാതിർത്തിയിൽ താമസിക്കുന്ന ഇതര മതസ്ഥരുടെ സ്ഥിതിവിവരക്കണക്കു ശേഖരിക്കുക.

### ചർച്ചചെയ്യുക.

1. എല്ലാ മതങ്ങൾക്കും തുല്യപദവിയും പ്രാധാന്യവുമാണുള്ളത് എന്ന പ്രസ്താവനയുടെ സാധുത പരിശോധിക്കുക.
2. ''രക്ഷ ക്രിസ്തുവിലൂടെ'' എന്നതിൻെറ അർത്ഥം കണ്ടെത്തുക

DHARMARAM LIBRARY

BANGALORE - 560 029

| Due Date | Due Date | Due Date |
| --- | --- | --- |

ക്രിസ്തുവിന്റെ പിന്നാലെ



# പ്രകാശം പരത്തുന്നവർ

HCC 2